# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

മാർച്ച് 2023 | വാല്യം 49 ലക്കം 12 പേജ് 16 | വില 10.00 രൂപ


UNITY Monthly | March 2023 | Volume 49 Issue 12 | Chief Editor: V.VENUGOPAL | Page 16 | Price Rs. 10.00


മാർച്ച് 14

## കാൾ മാർക്സ്

140-ാം ചരമവാർഷിക ദിനം

"ഫാക്ടറികളിൽ തിക്കിനിറയ്ക്കപ്പെടുന്ന തൊഴിലാളികൾ...ബൂർഷ്വാ വർഗ്ഗത്തിന്റെയും ബൂർഷ്വാ സർക്കാരിന്റെയും മാത്രം അടിമകളല്ല; ഫാക്ടറിയിലെ യന്ത്രവും മേസ്ത്രിയും സർവ്വോപരി ഫാക്ടറിയുടമസ്ഥനായ മുതലാളിതന്നെയും ഓരോ ദിവസവും ഓരോ മണിക്കൂറും അവരെ അടിമപ്പെടുത്തുന്നു. ലാഭമാണ് പരമലക്ഷ്യമെന്ന് ഈ സ്വേച്ഛാധികാരം എത്രത്തോളം പരസ്യമായി പ്രഖ്യാപിക്കുന്നുവോ അത്രത്തോളം അത് നിന്ദ്യവും നികൃഷ്ടവും വിദ്വേഷജനകവുമായിത്തീരുന്നു." *(കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ)*



5 മേയ് 1818 – 14 മാർച്ച് 1883



18 ഡിസം. 1878 – 5 മാർച്ച് 1953

മാർച്ച് 5

## ജോസഫ് സ്റ്റാലിൻ

70-ാം ചരമവാർഷിക ദിനം

"മാർക്സിസവും അരാജകവാദവും ഒരേ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണെന്നും അവ തമ്മിലുള്ള ഭിന്നതകൾ അടവുമായി ബന്ധപ്പെട്ടതുമാത്രമാണെന്നും ചിലയാളുകൾ വിശ്വസിക്കുന്നുണ്ട്, അതായത് ഈ രണ്ട് സമീപനങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല എന്നാണ് അവരുടെ അഭിപ്രായം. ഇതൊരു വലിയ പിശകാണ്. അരാജകവാദികൾ മാർക്സിസത്തിന്റെ യഥാർത്ഥ ശത്രുക്കൾ ആണെന്ന് നാം വിശ്വസിക്കുന്നു. അതുകൊണ്ട്, യഥാർത്ഥ പോരാട്ടം യഥാർത്ഥ ശത്രുക്കൾക്കെതിരെയാണ് നടത്തേണ്ടത് എന്നും നാം കരുതുന്നു... മാർക്സിസം എന്നത് സോഷ്യലിസത്തിന്റെ സിദ്ധാന്തം മാത്രമല്ല, മാർക്സിന്റെ തൊഴിലാളിവർഗ്ഗസോഷ്യലിസം യുക്തിപരമായി പിന്തുടരുന്ന സമഗ്രമായ ഒരു ലോകവീക്ഷണവും ദാർശനികവ്യവസ്ഥയും ആണത്. ഈ ദാർശനികവ്യവസ്ഥയെ വൈരുദ്ധ്യാത്മക ഭൗതികവാദം എന്നുവിളിക്കുന്നു."

*(അരാജകവാദമോ മാർക്സിസമോ എന്ന കൃതിയിൽനിന്ന്)*

# കേന്ദ്രബജറ്റ്: കോർപ്പറേറ്റ് സേവയുടെ രൂപരേഖ

## രാജ്യത്തിന്റെ സാമ്പത്തിക തകർച്ച മറച്ചുവയ്ക്കുന്ന ബജറ്റ് ജനങ്ങളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും നിർദ്ദാക്ഷിണ്യം കവർന്നെടുക്കുന്നു

**നി**യോ ലിബറൽ നയങ്ങളുടെ മൂന്നാംഘട്ട പരിഷ്കാരങ്ങൾ ലക്ഷ്യമിടുന്നത് അടിസ്ഥാനസൗകര്യമേഖലയിലെ മൂലധനനിക്ഷേപത്തിനായുള്ള നയനടപടികളാണെങ്കിൽ നാലാം ഘട്ട പരിഷ്കരങ്ങൾ ലക്ഷ്യമിടുന്നത് മൂലധനത്തിന്റെയും ധനവിപണിയുടെയും പൊളിച്ചെഴുത്തുകളാണ്. ഗതിശക്തി ബജറ്റെന്ന് നാമകരണം ചെയ്യപ്പെട്ട കഴിഞ്ഞ ബജറ്റ് അടിസ്ഥാനസൗകര്യമേഖലയിൽ പടുകൂറ്റൻ മൂലധനനിക്ഷേപത്തിന് വഴിതുറക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു. അതിന്റെ സ്വാഭാവിക തുടർച്ചയെന്ന നിലയിൽ ഇത്തവണത്തെ ബജറ്റ് നാലാം തലമുറ പരിഷ്കാരങ്ങളിലേയ്ക്കുള്ള പ്രവേശികയാണ്. ധന-മൂലധന വിപണിയെ അടിമുടി കോർപ്പറേറ്റ് ലക്ഷ്യങ്ങൾക്കായി സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള നടപടികളുടെ തുടക്കം ഈ ബജറ്റിൽ കാണാം. ഒപ്പം ജനങ്ങൾക്കുനൽകിവരുന്ന സഹായങ്ങളും ആനുകൂല്യങ്ങളും ഒരു ദാക്ഷിണ്യവുമില്ലാതെ വെട്ടിക്കുറയ്ക്കുക എന്ന സമീപനത്തിന്റെ തുറന്ന പ്രഖ്യാപനവും ദർശിക്കാം. ഒരു കൈത്താങ്ങിനായും ജനങ്ങൾ സർക്കാരുകളെ ആശ്രയിക്കേണ്ടതില്ല എന്ന ക്രൂരമായനയത്തിന്റെ സ്വാധീനമാണ് തൊഴിലുറപ്പുപോലുള്ള സഹായപദ്ധതികൾക്കുള്ള ഫണ്ട് വൻതോതിൽ വെട്ടിക്കുറച്ചതിൽ നാം കാണുന്നത്.

*(ശേഷം 3–ാം പേജിൽ)*

ജനവിരുദ്ധ സംസ്ഥാന ബജറ്റിനെതിരെ...




സംസ്ഥാന സർക്കാരിന്റെ ബജറ്റ് കൊള്ളയ്ക്കും നികുതി-ചാർജ്ജ് വർദ്ധനവുകൾക്കുമെതിരെ ഫെബ്രുവരി 15ന് നടന്ന സെക്രട്ടേറിയറ്റ് മാർച്ച്. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഡോ.പി.എസ്.ബാബു ഉദ്ഘാടനം ചെയ്തു.



5 അദാനി: വളർച്ചയും തകർച്ചയും
8 ഇന്ത്യൻ സമ്പദ്ഘടനയുടെ യഥാർത്ഥ ചിത്രം
11 സംയുക്ത ട്രേഡ് യൂണിയൻ സമിതിക്ക് തുറന്ന കത്ത്
14 ജോഷിമഠ് നൽകുന്ന പാഠങ്ങൾ


യൂണിറ്റി

## പ്രസിദ്ധീകരണത്തിന്റെ 50-ാം വർഷത്തിലേയ്ക്ക്

**സോ**ഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റിയുടെ മുഖപത്രം യൂണിറ്റി 50-ാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. പിന്നിട്ട അമ്പതുവർഷവും കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ മണ്ഡലത്തിൽ മാർഗ്ഗദർശകമായ നിലപാടോടെ പൊരുതുകയായിരുന്ന യൂണിറ്റി എന്ന വിപ്ലവ ജിഹ്വ. പണത്തിന്റെയും അധികാരരാഷ്ട്രീയത്തിന്റെയും പിൻബലമുള്ള നിരവധി രാഷ്ട്രീയ പ്രസിദ്ധീകരണങ്ങൾ അസ്തമിക്കുകയോ പിന്നാക്കം പോവുകയോ ചെയ്തപ്പോൾ, യൂണിറ്റി അതിന്റെ വ്യതിരിക്തതയോടെ നിലനിൽക്കുക മാത്രമല്ല, ഗണ്യമായ നിലയിൽ മുന്നേറുകയാണുണ്ടായത്, കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-വൈജ്ഞാനിക ചിത്രത്തിൽ ഏറ്റവും വിപ്ലവകരമായ ഒരിടം സ്ഥാപിച്ചുറപ്പിച്ചുകൊണ്ട്. പ്രചാരത്തിന്റെയോ പ്രശസ്തിയുടെയോ വലിപ്പംകൊണ്ടല്ല ഉൾക്കരുത്തുള്ള ശരിയായ നിലപാടുകളുടെ കൃത്യതകൊണ്ടാണ് യൂണിറ്റി സംസ്ഥാനരാഷ്ട്രീയ മണ്ഡലത്തിൽ അടയാളപ്പെടുത്തപ്പെടുന്നത്.

ശാസ്ത്രങ്ങളുടെ ശാസ്ത്രമായ മാർക്സിസ്റ്റ് ദർശനത്തിന്റെ അഭിവീക്ഷണത്തിൽ, ഓരോ സന്ദർഭങ്ങളിലും രൂപപ്പെടുന്ന രാഷ്ട്രീയസംഭവവികാസങ്ങളെ വിലയിരുത്തിക്കൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കൈക്കൊള്ളുന്ന നിലപാടുകൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക എന്ന അതിപ്രധാനമായ ദൗത്യമാണ് യൂണിറ്റി കഴിഞ്ഞ അരനൂറ്റാണ്ടായി നിർവ്വഹിക്കുന്നത്. എല്ലാത്തരം വളച്ചൊടിക്കലുകളിൽനിന്നും പരിഷ്ക്കരണവാദപരമായ നിലപാടുകളിൽനിന്നും മാർക്സിസ്റ്റ് ദർശനത്തെ സംരക്ഷിച്ചുകൊണ്ട് അതിന്റെ ഏറ്റവും മഹത്തായ വിപ്ലവസത്തയെ ജനങ്ങളുടെമുമ്പിൽ അചഞ്ചലം പ്രതിനിധാനം ചെയ്തു.




1973ൽ പ്രസിദ്ധീകരിച്ച യൂണിറ്റിയുടെ ഒന്നാം വാല്യത്തിന്റെ മുൻ, പിൻ പേജുകൾ

ലെനിനനന്തരകാലഘട്ടത്തിൽ ഉദയംചെയ്ത സമസ്യകൾക്കും സങ്കീർണ്ണതകൾക്കും ചിന്താക്കുഴപ്പങ്ങൾക്കും ഏറ്റവും പര്യാപ്തമായ ഉത്തരം നൽകിക്കൊണ്ട് മാർക്സിസത്തെ ഇന്ത്യൻ മണ്ണിൽ സമൂർത്തവൽക്കരിച്ച മഹാനായ ആചാര്യൻ സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകളെ മലയാളത്തിന്റെ മണ്ണിൽ പരിചയപ്പെടുത്തി; അതിൽ ആഴമാർന്ന ബോധ്യപ്പെടൽ സൃഷ്ടിച്ചു. സഖാവ് ഘോഷിന്റെ ചിന്തകളിൽ അവഗാഹം നേടാൻ അഭിലഷിച്ചവർക്ക് വഴികാട്ടി. തൊഴിലാളിവർഗ്ഗത്തിന്റെ മഹാന്മാരായ ഗുരുനാഥന്മാർ മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ, ശിബ്ദാസ് ഘോഷ് എന്നിവരുടെ ജീവിതത്തെയും അവരുടെ അത്യുദാത്തമായ വിപ്ലവസമരത്തെയും സർവ്വാദരങ്ങളോടെയും വീക്ഷിക്കാൻ വായനക്കാരെ പരിശീലിപ്പിച്ചു. ഐതിഹാസികമായ റഷ്യൻ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ചരിത്രപാഠങ്ങളുടെ സാധുതയെ അതിന്റെ എല്ലാ ശോഭയോടെയും ഉയർത്തിപ്പിടിച്ചു.

*(ശേഷം 2–ാം പേജിൽ)*

# മാർക്സിസ്റ്റ് ദർശനത്തിന്റെ വിപ്ലവസത്തയെ 'യൂണിറ്റി' അചഞ്ചലം പ്രതിനിധാനം ചെയ്തു

(1–ാം പേജിൽ നിന്ന്)

ലെനിന്റെ അർഹനായ ശിഷ്യൻ, സോവിയറ്റ് സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ സേനാനായകൻ ജോസഫ് സ്റ്റാലിനെതിരെ തിരുത്തൽവാദികളും അവരോടൊപ്പംകൂടിയ മുതലാളിവർഗ്ഗവും നടത്തിയ വലതുപക്ഷപ്രചാരണത്തിന്റെ ദുഷ്ടത നിറഞ്ഞ ലക്ഷ്യത്തെ തുറന്നുകാട്ടി. ഒടുവിൽ വർഗ്ഗവഞ്ചകർ, ഉള്ളിൽനിന്നുകൊണ്ടുതന്നെ സോഷ്യലിസ്റ്റ് വ്യവസ്ഥയെ അട്ടിമറിക്കുന്നതിനായി 'ഗ്ലാസ്നോസ്റ്റും''പെരിസ്ട്രോയിക്ക'യും കൊണ്ടുവന്നപ്പോൾ ഇത് മുതലാളിത്ത പുന:സ്ഥാപനത്തിന്റെ ബ്ലൂപ്രിന്റാണെന്ന് അസന്നിഗ്ദ്ധമായി സ്ഥാപിച്ചു. പിന്നീട് ചരിത്രം അത് സാക്ഷ്യപ്പെടുത്തി. അങ്ങിനെ യൂണിറ്റി അതിന്റെ വിപ്ലവകരവും ചരിത്രപരവുമായ കടമകൾ നിർഭയമായി നിറവേറ്റുന്നതിൽ ഒരു സന്ദർഭത്തിലും പരാജയപ്പെട്ടില്ല.

ലോകമെമ്പാടും സാമ്രാജ്യത്വ ശക്തികൾ സ്വതന്ത്രപരമാധികാര രാഷ്ട്രങ്ങളുടെമേൽ നടത്തിയ ഹീനമായ കടന്നാക്രമണങ്ങൾക്കെതിരെ ജനാധിപത്യ വിശ്വാസികളുടെയും സമാധാനസ്നേഹികളുടെയും ഐക്യത്തോടൊപ്പം ദൃഢമായി നിലകൊണ്ടു. അഫ്ഗാനിസ്ഥാൻ, പലസ്തീൻ, ഇറാക്ക്, ഇറാൻ, സിറിയ തുടങ്ങിയ ഇടങ്ങളിലെ സാമ്രാജ്യത്വ അധിനിവേശങ്ങൾക്കെതിരെ ശക്തമായ നിലപാട് എടുത്തു.

മാനവരാശിയുടെ കൊടിയ ശത്രുവായ ഫാസിസത്തെ സംബന്ധിച്ച് സഖാവ് ശിബ്ദാസ് ഘോഷ് നടത്തിയിട്ടുള്ള ചരിത്രപ്രധാനമായ വിശകലനത്തിന്റെ വെളിച്ചത്തിൽ രാജ്യത്ത് ഉണ്ടായിട്ടുള്ള നയനടപടികളുടെ ഫാസിസ്റ്റ് ഉള്ളടക്കം കൃത്യമായി അവതരിപ്പിക്കാനും അതിനെതിരായ പോരാട്ടത്തിന്റെ മാർഗ്ഗംകാട്ടാനും കഴിഞ്ഞ നാലുപതിറ്റാണ്ടായി യൂണിറ്റി പ്രയത്നിക്കുകയാണ്. ഫാസിസം വർഗ്ഗപരമായ ഒരജണ്ടയാണെന്നും മുതലാളിത്ത പ്രതിസന്ധിയുടെ ഈ ഘട്ടത്തിൽ വികസിതമോ അവികസിതമോ ആയ എല്ലാ മുതലാളിത്തരാജ്യങ്ങളും ഫാസിസത്തെ ആശ്രയിക്കുകതന്നെ ചെയ്യുമെന്നും അദ്ദേഹം കാട്ടിത്തന്നു. ജനാധിപത്യബോധവും ശാസ്ത്രീയയുക്തിചിന്തയും മനുഷ്യത്വവും നഷ്ടപ്പെട്ട് അന്ധമായ ദേശീയവികാരത്തിന്റെ പിടിയിലകപ്പെട്ട ജനങ്ങളെ സൃഷ്ടിക്കുകയാണ് ഫാസിസം ചെയ്യുന്നത്. അതിനാൽ ഫാസിസത്തെ പ്രതിരോധിക്കാനുള്ള മാർഗ്ഗം, ഉയർന്ന മൂല്യങ്ങളുള്ള മനുഷ്യനെ സൃഷ്ടിക്കാനിടയാക്കുന്ന ജനാധിപത്യ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുക മാത്രമാണ്. അതീവ പ്രാധാന്യമുള്ള ഈ ചരിത്രകടമ കേരളത്തിൽ നിറവേറ്റാൻ യൂണിറ്റി പ്രതിജ്ഞാബദ്ധമാണ്. ഇപ്പോൾ കേന്ദ്രത്തിൽ അവരോധിതമായിട്ടുള്ള മോദി സർക്കാരിന്റെ ഫാസിസ്റ്റ് നയങ്ങളെ ഓരോന്നായി തുറന്നുകാട്ടാനും രാഷ്ട്രമൊന്നാകെ ഒരൊറ്റ മനുഷ്യനെപ്പോലെ ഈ നയങ്ങൾക്കെതിരെ പൊരുതാൻ ജനങ്ങളെ സജ്ജമാക്കാനും യൂണിറ്റി വിശ്രമരഹിതമായി പ്രവർത്തിക്കുന്നു.

1978ൽ സിപിഐ(എം)ന്റെ മുഖപത്രം ചിന്ത അവതരിപ്പിച്ച, കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടനാതത്വങ്ങളെ സംബന്ധിക്കുന്ന വികൃതവും മാർക്സിസ്റ്റേതരവുമായ കാഴ്ചപ്പാടുകളെതുറന്നുകാട്ടിക്കൊണ്ട് യൂണിറ്റി നടത്തിയ ആശയസംവാദം സംസ്ഥാനത്തിന്റെ വിപ്ലവവൈജ്ഞാനികമണ്ഡലത്തിൽ രേഖപ്പെടുത്തപ്പെട്ട ഒന്നായിരുന്നു. ലെനിൻ ആവിഷ്കരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടനാതത്വങ്ങളുടെമേൽ സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ ഏറ്റവും വികസിതമായ ധാരണയുടെ അടിത്തറയിൽനിന്നുകൊണ്ടാണ് ഈ ആശയസമരം നിർവ്വഹിക്കപ്പെട്ടത്. യൂണിറ്റി മുൻകൈയെടുത്ത് നടത്തിയ ഈ ആശയപോരാട്ടമാണ് എസ്‌യുസിഐ–സിപിഐ (എം) സംവാദം എന്ന പേരിൽ ദേശീയതലത്തിൽ ഇംഗ്ലീഷിലും ഒട്ടനവധി ഇന്ത്യൻ ഭാഷകളിലും ശ്രദ്ധേയമായ കൃതി പിറക്കാനിടയാക്കിയത്. രണ്ടര പതിറ്റാണ്ടു മുമ്പ് സിപിഐ(എം)ന്റെ കാർമ്മികത്വത്തിൽ കെട്ടിയെഴുന്നള്ളിച്ച ജനകീയാസൂത്രണത്തെ അടിമുടി തുറന്നുകാട്ടിക്കൊണ്ട് 1996ൽ യൂണിറ്റി രണ്ട് വിശകലനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ജനകീയാസൂത്രണം നഗ്നമായ വർഗ്ഗസഹകരണത്തിന്റെ സിദ്ധാന്തം മാത്രമല്ല, മുതലാളിത്ത വ്യവസ്ഥയ്ക്കെതിരായി സ്വാഭാവികമായ ഉയർന്നുപൊന്താനിടയുള്ള ജനകീയ രോഷത്തെ മറികടക്കാനായി, നിയോലിബറൽ സാമ്പത്തികനയത്തിന്റെ വക്താക്കളുടെ ചിന്തയിൽ വിരിഞ്ഞ ആശയമാണെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ യൂണിറ്റി സമർത്ഥിച്ചു. യഥാർത്ഥഇടതുരാഷ്ട്രീയത്തിന്റെഉൾക്കാഴ്ച ലഭിക്കാനിടയായ സത്യസന്ധരായ ഇടതുപക്ഷ വിശ്വാസികൾ യൂണിറ്റിയുടെ വിലയിരുത്തലിനെ ആധികാരികമായി അംഗീകരിച്ചു. അതും ശാസ്ത്രീയപരിശോധനയുടെ ഉരകല്ലിൽ പിന്നീട് ശരിയെന്ന് സ്ഥിരീകരിക്കപ്പെട്ടു. കേരള നവോത്ഥാന ചരിത്രത്തെ സംബന്ധിച്ച് വർഗ്ഗപരമായ വിശകലനം നിർവ്വഹിച്ചുകൊണ്ട് അയ്യൻകാളിയുടെയും ശ്രീ നാരായണ ഗുരുവിന്റെയും ചരിത്രപ്രധാനമായ പങ്ക് കൃത്യമായി രേഖപ്പെടുത്താൻ യൂണിറ്റിക്ക് കഴിഞ്ഞു.

യൂണിറ്റി

പ്രസിദ്ധീകരണത്തിന്റെ 50-ാം വർഷം

സംസ്ഥാനത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഉയർന്നുവന്ന സങ്കീർണ്ണമായ രാഷ്ട്രീയ വിഷയങ്ങളെ സംബന്ധിച്ച് കൃത്യവും വസ്തുനിഷ്ഠവുമായ വിശകലനങ്ങൾ അവതരിപ്പിക്കാനും ജനങ്ങളുടെ കടമകളെന്തെന്ന് വിശദീകരിക്കാനും കഴിഞ്ഞ അരനൂറ്റാണ്ടുകാലവും യൂണിറ്റിക്ക് കഴിഞ്ഞു. ഇപ്രകാരം രൂപപ്പെടുത്തിയ വിശകലനങ്ങൾ, ഭാവിയെ സംബന്ധിക്കുന്ന പ്രവചനങ്ങളായി മാറി എന്നതാണ് യൂണിറ്റിയെ വ്യത്യസ്തമാക്കിയത്. തൊണ്ണൂറുകളുടെ മധ്യത്തിൽ പിറവിയെടുത്ത് വിദ്യാഭ്യാസരംഗത്ത് ആഴത്തിൽ പിടിമുറുക്കിയ ഡിപിഇപി എന്ന ലോകബാങ്ക് പദ്ധതിയുടെ അകംപൊരുളുകൾ അക്കമിട്ട് അനാവരണം ചെയ്തുകൊണ്ട് യൂണിറ്റി 1996 മുതൽ നിരന്തരമായി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ഈ വിദ്യാഭ്യാസവിധ്വംസക പദ്ധതിക്കെതിരെ യൂണിറ്റിയിലൂടെ വെളിച്ചംകണ്ട ആഴമാർന്ന വിശകലനങ്ങൾ വിദ്യാഭ്യാസനയങ്ങളുടെ പിന്നിലെ മുതലാളിവർഗ്ഗത്തിന്റെ നിയോലിബറൽ താൽപ്പര്യങ്ങൾ വെളിവാക്കുക മാത്രമല്ല ചെയ്തത്, വിദ്യാഭ്യാസ വിജ്ഞാനീയത്തിനുതന്നെ മുതൽക്കൂട്ടാകുന്ന ഉയർന്ന കാഴ്ചപ്പാടുകളും പകർന്നുനൽകി. ഇന്ന് അക്ഷരമാലയില്ലാത്ത ഭാഷാ പാഠാവലിയും ഗണിതത്തിന്റെയും ഭാഷയുടെയും അടിസ്ഥാനശേഷികൾ നഷ്ടപ്പെട്ട ലക്ഷക്കണക്കിന് വിദ്യാർത്ഥികളും ഡിപിഇപിയെ സംബന്ധിച്ചുള്ള യൂണിറ്റിയുടെ വിശകലനങ്ങൾ എത്രമേൽ വസ്തുനിഷ്ഠമായിരുന്നുവെന്ന് തെളിയിക്കുന്നു.

2002ൽ, യുഡിഎഫ് സർക്കാർ പുറപ്പെടുവിച്ച ജനുവരി 16ന്റെ കറുത്ത ഉത്തരവിന്റെ പിന്നിലുള്ള ആഗോളവൽക്കരണനയങ്ങളുടെ ആപൽക്കരമായ ലക്ഷ്യങ്ങൾ വിശദീകരിച്ചുകൊണ്ട് യൂണിറ്റി നടത്തിയ അതിശക്തമായ പ്രചാരണം, ഈ ഉത്തരവിനെതിരെ സംസ്ഥാനസർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ പ്രക്ഷോഭത്തിന്റെ ആശയ അടിത്തറയായി മാറി. സമരത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിലായി മൂന്ന് സപ്ലിമെന്റുകൾ, ഒരു ലക്ഷത്തോളം കോപ്പി പ്രസിദ്ധീകരിച്ചുകൊണ്ട് ജീവനക്കാരുടെ സമരത്തിന് അടിയുറച്ച പിന്തുണയുമായി യൂണിറ്റി നിലകൊണ്ടു. വീണ്ടും 2005ൽ വാറ്റ് നികുതി സമ്പ്രദായത്തിന്റെ ഉള്ളുകള്ളികളും അതിന്റെ പിന്നിലെ കോർപ്പറേറ്റ് താൽപ്പര്യങ്ങളും ഉജ്വലമായി വിശദീകരിച്ചുകൊണ്ടുള്ള പഠനം പ്രസിദ്ധീകരിച്ചു. വാറ്റിനെതിരെ പൊരുതിയ ചില്ലറ വ്യാപാരികൾ അവരുടെ പ്രക്ഷോഭത്തിന്റെ ആധികാരികരേഖയായി യൂണിറ്റിയെ സ്വീകരിച്ചു. ഇന്ന് ജിഎസ്ടിയിൽ വന്നുനിൽക്കുന്ന നികുതിഘടനയുടെ കെടുതികൾ അനുഭവിക്കുന്ന സാധാരണജനങ്ങളും വ്യാപാരികളും 2005ൽ യൂണിറ്റി നൽകിയ മുന്നറിയിപ്പുകൾ എത്രമേൽ ശരിയായിരുന്നുവെന്ന് തിരിച്ചറിയുന്നു. ഇതര രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും ജനകീയസംഘടനകളുടെയും ഒട്ടനവധി നേതാക്കൾ, യൂണിറ്റിയെ ആധികാരികമായ വിശകലനത്തിനായി തങ്ങൾ ആശ്രയിക്കുന്ന മാസികയായി ഒരു വൈമുഖ്യവുമില്ലാതെ അവതരിപ്പിക്കുന്നത് ഇക്കാരണത്താലാണ്.

പ്രക്ഷോഭത്തിന് ആധാരമായ വിഷയങ്ങളിൽ സ്ഫടികസമാനമായ വ്യക്തതയും ശരിയായ മുദ്രാവാക്യവും പോരാട്ടത്തിന്റെ പാതയും കേരളത്തിലെ എണ്ണമറ്റ ജനകീയസമരങ്ങളുടെ സംഘാടകർക്ക് പകർന്നുനൽകി ജീവൻ തുടിക്കുന്ന ഐക്യദാർഢ്യമായി യൂണിറ്റി നിലകൊണ്ടു. വക്കത്തെ കയർത്തൊഴിലാളികളുടെ സമരം, ചെങ്ങറയിലെ ഭൂരഹിതരുടെ സമരം, മൂലമ്പിള്ളിയിൽ കുടിയിറക്കപ്പെട്ടവരുടെ പ്രക്ഷോഭം, വിളപ്പിൽശാലയിലും, പ്ലാച്ചിമടയിലും, തൃക്കുന്നപ്പുഴയിലും ജീവിക്കാനുള്ള അവകാശത്തിനായി സാധാരണജനങ്ങൾ നടത്തിയ സമരങ്ങൾ ഏറ്റവുമൊടുവിൽ വിഴിഞ്ഞം, സിൽവർലൈൻ വിരുദ്ധസമരം തുടങ്ങി ഒട്ടനവധി പോരാട്ടമുഖങ്ങളിൽ ഒരു സമുജ്വല സംഘാടകനായി യൂണിറ്റി പ്രവർത്തിച്ചു.

കഴിഞ്ഞ അമ്പത് വർഷമായി വിട്ടുവീഴ്ചയില്ലാതെ യൂണിറ്റി നിർവ്വഹിക്കുന്ന ഈ പോരാട്ടം തുടരുകമാത്രമല്ല, അതിന്റെ ഉയർന്ന ഘട്ടങ്ങളിലേക്ക് മുന്നേറുകയും ചെയ്യും. നിർദ്ദയമായ മുതലാളിത്ത ചൂഷണം സമാനതകളില്ലാത്ത ജീവിത പ്രതിസന്ധികളിലേയ്ക്ക് ജനങ്ങളെ തള്ളിവിടുമ്പോൾ, ഭരണകൂടസംവിധാനങ്ങളാകെ ന്യൂനപക്ഷങ്ങളെയും ദുർബ്ബലരെയും വേട്ടയാടുമ്പോൾ, ഫാസിസത്തിന്റെ കരിമ്പടം രാജ്യത്തിനുമുകളിൽ ഇരുൾ വീഴ്ത്തുമ്പോൾ, യുക്തിചിന്തയുടെയും ശാസ്ത്രീയ സമീപനത്തിന്റെയും പ്രകാശം ക്രമേണ അണയുന്ന ഒരു രാജ്യത്ത്, ഇടതെന്ന മേലങ്കിയണണിഞ്ഞവർ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി മാറിക്കൊണ്ട് ഇടതുപക്ഷ രാഷ്ട്രീയത്തെ തീർത്തും കളങ്കപ്പെടുത്തുന്ന ഒരു മണ്ണിൽ, ദരിദ്രകോടികളുടെ അവകാശപ്പോരാട്ടങ്ങളോടൊപ്പവും കമ്മ്യൂണിസ്റ്റ് ദർശനത്തിന്റെ ഉദാത്തമായ മൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടും യൂണിറ്റി എന്ന വിപ്ലവജിഹ്വ, അതിന്റെ ചരിത്രധർമ്മം നിർവ്വഹിക്കുകതന്നെ ചെയ്യുമെന്ന് ഈ അമ്പതാം വാർഷികവേളയിൽ പ്രതിജ്ഞ ചെയ്യുന്നു. ഇന്നത്തെ നിലയിലേയ്ക്ക് യൂണിറ്റിയെ വളർത്തുന്നതിൽ അളവറ്റ പങ്ക് വഹിച്ചത് മൂന്ന് പതിറ്റാണ്ടുകാലം ചീഫ് എഡിറ്ററെന്ന നിലയിൽ പ്രവർത്തിച്ച, അന്തരിച്ച സഖാവ് സി.കെ.ലൂക്കോസ് ആയിരുന്നു. മാർക്സിയൻ ദർശനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആഴമാർന്ന ധാരണ, യൂണിറ്റിയെ നയിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചു. സാമ്പത്തികപരാധീനതകളിൽപ്പെട്ടും മറ്റ് ചില കാരണങ്ങളാലും ചില ലക്കങ്ങൾ മുടങ്ങിയപ്പോഴും വിപ്ലവകരമായ ഇഛാശക്തിയോടെ മടങ്ങിവരാൻയൂണിറ്റിയെപ്രാപ്തമാക്കിയത് അദ്ദേഹമായിരുന്നു. അഭിമാനകരമായ ഈ നിമിഷത്തിൽ അദ്ദേഹത്തെ ആദരപൂർവ്വം സ്മരിക്കുന്നു.

പ്രസിദ്ധീകരണത്തിന്റെ അമ്പതാം വാർഷത്തിലേയ്ക്ക് കടക്കുന്ന ഈ സന്ദർഭത്തിൽ ഒരു പുതിയ ചവടുവയ്പ്പെന്ന നിലയിൽ യൂണിറ്റി മേയ് ലക്കം മുതൽ ദ്വൈവാരികയാവുകയാണ്. അമ്പതാം വാർഷികത്തിന്റെ സ്മരണികയെന്ന നിലയിൽ ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കാനും ലക്ഷ്യമിടുന്നു. ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## തൊഴിൽരഹിതരുടെ ജില്ലാ കൺവൻഷൻ




ആൾ ഇന്ത്യ അൺഎംപ്ലോയ്ഡ് യൂത്ത് സ്ട്രഗിൾ കമ്മിറ്റി(എഐയുവൈഎസ്സി)യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം വൈഎംസിഎ ലൈബ്രറി ഹാളിൽ നടന്ന തൊഴിൽരഹിത യുവജനങ്ങളുടെ ജില്ലാ കൺവൻഷൻ പിഎസ്‌സി മുൻ ജോയിന്റ് സെക്രട്ടറി എ.കെ.സാദിക് ഉദ്ഘാടനം ചെയ്യുന്നു. എം.വിഷ്ണു പ്രസിഡന്റും അജിത് മാത്യു സെക്രട്ടറിയുമായി 15 അംഗ ജില്ലാ കമ്മിറ്റിയെയും കൺവൻഷൻ തിരഞ്ഞെടുത്തു.

**കേന്ദ്രബജറ്റ്**

# പൊതുഖജനാവും സാമൂഹ്യക്ഷേമ മേഖലയും കുത്തകകൾക്ക് തുറന്നുകൊടുക്കുന്നു

(1-ാം പേജിൽ നിന്ന്)

2023-24 വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റ് കപട വാഗ്ദാനങ്ങൾ നിറഞ്ഞതും യഥാർത്ഥ വസ്തുതകൾ മൂടിവയ്ക്കുന്നതുമാണ്. ധനകാര്യ മന്ത്രിയുടെ എഴുതി തയ്യാറാക്കിയ പ്രസംഗത്തിലല്ല അനുബന്ധ രേഖകളിലാണ് യഥാർത്ഥ കണക്കുകൾ ഒളിപ്പിച്ചുവച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ അവ പ്രത്യക്ഷത്തിൽ ജനശ്രദ്ധയിലെത്തിയില്ല. ബജറ്റിലെ പ്രധാന നിർദ്ദേശങ്ങൾ ഓരോന്നായി പരിശോധിക്കാം.

## സാമ്പത്തിക വളർച്ചയും അനുബന്ധ വിഷയങ്ങളും

ഒരു മുതലാളിത്ത സമ്പദ്ഘടന, ജിഡിപി വളർച്ച, ആളോഹരി വരുമാനം, വ്യവസായ വികസനം, ഷെയർമാർക്കറ്റിലെ കുതിപ്പ് എന്നിവയൊക്കെയാണ് സാമ്പത്തിക വളർച്ചയുടെ സൂചകങ്ങളായി പരിഗണിക്കുന്നത്. വിലക്കയറ്റം, തൊഴിലില്ലായ്മ, സാർവ്വത്രിക വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കാർഷിക വളർച്ച എന്നിവയൊക്കെ പിന്തള്ളപ്പെടുന്നു. ജിഡിപി അഥവാ മൊത്തം ആഭ്യന്തര ഉൽപ്പാദനം 10 ശതമാനം വളർച്ച രേഖപ്പെടുത്തുമെന്നാണ് ഗവണ്മെന്റ് അവകാശപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോഴിത് 7 ശതമാനം മാത്രമെന്ന് കണക്കുകൾ പറയുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ കണക്കിൽ ഇത് 6.5 ശതമാനംമാത്രമാണ്.സാമ്പത്തിക സർവേയിൽ പണപ്പെരുപ്പ നിരക്ക് 6.5 ശതമാനമാണെങ്കിൽ ബജറ്റിൽ അത് 6.8 ശതമാനമാണ്. ഇന്ത്യ വമ്പിച്ച വളർച്ച കൈവരിക്കുന്നു എന്ന ഭരണാധികാരികളുടെ അവകാശവാദങ്ങൾക്കിടയിൽ ഓക്സ്ഫാം ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം ഇന്ത്യയിലെ 70കോടി ജനങ്ങൾക്കുള്ളതിനേക്കാൾ സ്വത്ത് 21 ശതകോടീശ്വരന്മാർക്കുണ്ട്. ഭീകരമായി വർദ്ധിച്ചുവരുന്ന സാമ്പത്തിക അസമത്വമാണിത് വെളിവാക്കുന്നത്. ജിഡിപിയുമായി തട്ടിച്ചുനോക്കുമ്പോൾ ബജറ്റ് കമ്മി കുറഞ്ഞുവെന്ന് ഗവണ്മെന്റ് അവകാശപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അത് 16,61,196 കോടിയായി ഉയർന്നിരിക്കുകയാണ്. കൂടുതൽ നികുതി ഭാരം ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുകയോ കടം വാങ്ങിക്കൂട്ടുകയോ വൻവിലക്കയറ്റത്തിനിടയാക്കുംവിധം നോട്ട് അടിച്ചിറക്കുകയോ ആയിരിക്കും കമ്മി നികത്താൻ കണ്ടെത്തുന്ന മാർഗം. എന്തായാലും ബജറ്റിൽ അവതരിപ്പിക്കുന്നതല്ല യഥാർത്ഥ സാമ്പത്തിക സ്ഥിതി എന്ന് വ്യക്തമാണ്.

## മൂലധന രൂപീകരണവും സ്വകാര്യ നിക്ഷേപവും

മൂലധന രൂപീകരണത്തിലും സ്വകാര്യനിക്ഷേപത്തിലുംഉണ്ടായ വർദ്ധനയും അതുവഴിസൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുംമൂലം 2022-23 സാമ്പത്തിക വർഷത്തിൽ സാമ്പത്തിക വളർച്ച ഉണ്ടായി എന്നാണ് സാമ്പത്തിക സർവ്വേ അവകാശപ്പെട്ടുന്നത്. ജനങ്ങളുടെ സമ്പാദ്യം വർദ്ധിക്കുകയും അത് നിക്ഷേപിക്കപ്പെടുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്യുമ്പോഴാണ് മൂലധന രൂപീകരണം നടക്കുന്നത്. എന്നാൽ ഇന്ത്യയിലെ സമ്പാദ്യനിരക്ക് വളരെ മോശമാണെന്നത് ഒരു വസ്തുതയാണ്. 60 ശതമാനംപേർക്കും അന്നന്ന് കഴിഞ്ഞുകൂടാനുള്ള വരുമാനം ലഭിക്കുന്നില്ല. എന്നിട്ടുവേണ്ടേ സമ്പാദ്യത്തെക്കുറിച്ച് ചിന്തിക്കാൻ. 7.5 ലക്ഷം വ്യവസായ യൂണിറ്റുകളാണ് രാജ്യത്ത് അടഞ്ഞുകിടക്കുന്നത്. ജനങ്ങളുടെ വരുമാനം കുറഞ്ഞുകൊണ്ടിരുന്നാൽ കമ്പോളം ചുരുങ്ങുമെന്നതുകൊണ്ടുതന്നെ സ്വകാര്യ നിക്ഷേപവും കുറയും. ഇതാണ് സാഹചര്യമെന്നിരിക്കെ സ്വകാര്യനിക്ഷേപം വളരുമെന്ന ഗവണ്മെന്റിന്റെ പ്രതീക്ഷയ്ക്ക് എന്തടിസ്ഥാനമാണുള്ളത്?

## മൂലധനച്ചെലവിലെ ഊന്നൽ

സ്വകാര്യ ഉപഭോഗം വർദ്ധിച്ചതുവഴി ഉല്പാദനരംഗത്തുണ്ടായ കുതിപ്പ്, മൂലധനച്ചെലവിലുണ്ടായ വർദ്ധന (Capital Expenditure), സമ്പൂർണമായ വാക്സിനേഷൻ വഴി സമ്പർക്കാധിഷ്ഠിത മേഖലകളിൽ, അതായത് ഹോട്ടൽ, ഷോപ്പിംഗ് മാൾ, സിനിമ, നിർമ്മാണ രംഗം തുടങ്ങിയവയിൽ പണം ചെലവഴിക്കാൻ ഉണ്ടായ സാഹചര്യം എന്നിവയൊക്കെ സാമ്പത്തിക വളർച്ചയ്ക്കിടയാക്കുമെന്നതാണ് മറ്റൊരു അവകാശവാദം. എന്നാൽ കഴിഞ്ഞ രണ്ട് ബജറ്റിലും സ്വകാര്യനിക്ഷേപം വർദ്ധിപ്പിക്കാനുള്ള ഉപായമായി മൂലധനച്ചെലവ് അവതരിപ്പിക്കപ്പെട്ടിരുന്നവെങ്കിലും അത് എന്തു ഫലം ഉളവാക്കി എന്നകാര്യത്തിൽ ബജറ്റ് മൗനം പാലിക്കുകയാണ്. മൂലധനച്ചെലവ് വർദ്ധിക്കുമ്പോൾ തൊഴിലവസരങ്ങൾ വർദ്ധിക്കുമെന്നും ഇത് ക്രയശേഷി വർദ്ധിപ്പിക്കുമെന്നും അതുവഴി ഉപഭോഗത്തിലും ഉല്പാദനത്തിലും വർദ്ധനവുണ്ടാകുമെന്നുമാണ് സർക്കാർ വാദം. എന്നാൽ ഇതേ കാലയളവിൽ തൊഴിലില്ലായ്മ വർദ്ധിച്ചതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. മൂലധനച്ചെലവ് വർദ്ധിക്കുന്നതുകൊണ്ടുമാത്രം തൊഴിലവസരങ്ങൾ വർദ്ധിക്കുന്നില്ല എന്നതാണ് അനുഭവം. സാങ്കേതികവിദ്യയുടെ വികാസത്തിനനുസരിച്ച്, നിലവിലുള്ള തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറയ്ക്കുന്ന തൊഴിൽരഹിത വളർച്ച എന്ന പ്രതിഭാസമാണ് നമ്മൾ കാണുന്നത്. അടിസ്ഥാന ഘടനാരംഗത്ത് ഗവണ്മെന്റ് പണം മുടക്കിയാലും സ്വകാര്യനിക്ഷേപരംഗത്തെ വിടവ് നികത്താൻ പര്യാപ്തമാകുന്നില്ല. അതിനാൽ, ബജറ്റ് എന്തൊക്കെ അവകാശവാദങ്ങൾ ഉന്നയിച്ചാലും മാനുഫാക്ചറിംഗ്, സ്വകാര്യ നിക്ഷേപം, തൊഴിൽ എന്നീ രംഗങ്ങളിലൊക്കെ മുരടിപ്പ് പ്രകടമായ നാളുകളായിരുന്നു നരേന്ദ്ര മോദിയുടെ 9 വർഷത്തെ ഭരണകാലം എന്നതാണ് വസ്തുത.



കേന്ദ്ര-സംസ്ഥാന ബജറ്റുകൾക്കും വിലക്കയറ്റത്തിനുമെതിരെ ആലപ്പുഴ കളക്ട്രേറ്റിലേയ്ക്ക് നടന്ന മാർച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം വർഗ്ഗീസ് എം.ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.

## ഗാർഹിക ഉപഭോഗം

ലോകത്തെരണ്ടാമത്തെവലിയ വാക്സിനേഷൻ സംരംഭത്തിലൂടെ 200 കോടി ഡോസ് വാക്സിൻ നൽകിയതുവഴി ഉപഭോഗ രംഗത്ത് വലിയ ഉന്മേഷം ഉണ്ടായതായി ഗവണ്മെന്റ് അവകാശപ്പെടുന്നു. ഗാർഹിക ഉപഭോഗത്തിൽ 7.7ശതമാനം വർദ്ധനയാണ് പ്രതീക്ഷിച്ചത്. എന്നാൽ ഉയർന്ന വരുമാനക്കാരിൽപോലും ഉപഭോഗത്തിൽ ഇടിവുണ്ടായി എന്ന് ബിസിനസ് സ്റ്റാൻഡേർഡ് റിപ്പോർട്ട് ചെയ്യുന്നു. കുറഞ്ഞ വരുമാനക്കാരുടെ കാര്യം പറയാനുമില്ല. ജനങ്ങളുടെ വരുമാനം ഇടിയുമ്പോൾ സ്വകാര്യമേഖലയിൽ നിക്ഷേപതാല്പര്യമുണ്ടാകുന്നതെങ്ങനെ? കോവിഡ് മഹാമാരിമൂലം താഴ്ന്ന വരുമാനക്കാരായ 70 ശതമാനത്തിന് വലിയ തകർച്ചയാണുണ്ടായത്. 12 കോടിപേർക്കാണ് തൊഴിൽ നഷ്ടമായത്. 80 കോടി ജനങ്ങളും ദാരിദ്ര്യത്തിലാണ് കഴിയുന്നത്. മഹാമാരിക്കുമുമ്പ് 9.9കോടിയുണ്ടായിരുന്ന ഇടത്തരക്കാരുടെ എണ്ണം 6.6കോടിയായി ചുരുങ്ങി. ബജറ്റിൽ എൽപിജി സബ്സിഡ് 75 ശതമാനമാണ് വെട്ടിക്കുറച്ചത്(ഗ്യാസിന്റെ വില ഇപ്പോൾ ഭീമമായി വർദ്ധിപ്പിച്ചത് ഇതിന്റെ പ്രത്യാഘാതമാണ്). ഇടത്തരക്കാരുടെയും താഴേ ഇടത്തരക്കാരുടെയും ക്രയശേഷിയിൽ വീണ്ടും ഇടിവുണ്ടാക്കുന്ന നടപടിയാണിത്. ചുരുക്കത്തിൽ, മഹാമാരിക്കുശേഷം സാമ്പത്തിക മാന്ദ്യത്തിൽനിന്ന് കരകയറാൻ ഉതകുംവിധം ജനങ്ങളുടെ ക്രയശേഷിയിൽ ഒരു മെച്ചവുമുണ്ടായിട്ടില്ല. ഉപഭോഗം വർദ്ധിക്കാനും അതുവഴി നിക്ഷേപം കൂടാനും ഉല്പാദനം വർദ്ധിക്കാനും തൊഴിലവസരങ്ങൾ കൂടാനുമൊന്നുമുള്ള സാഹചര്യമുണ്ടായിട്ടില്ല എന്നർത്ഥം.



കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹനയങ്ങൾക്കെതിരെ ചങ്ങനാശ്ശേരിയിൽ നടന്ന കാൽനടജാഥ.

## കാർഷികരംഗം

6 വർഷംമുമ്പ് ഒരു കർഷകന്റെ ശരാശരി വരുമാനം ഒരു മാസം 8,000 രൂപയായി കണക്കാക്കപ്പെട്ടിരുന്നു. ഇത് 2022 ആകുമ്പോഴേയ്ക്കും ഇരട്ടിയാക്കുമെന്നാണ് മോദി പ്രഖ്യാപിച്ചിരുന്നത്. പണപ്പെരുപ്പംകൂടി കണക്കിലെടുക്കുമ്പോൾ ഇതിന്റെ നാലിലൊന്നുപോലുമില്ല ഇപ്പോൾ കർഷകരുടെ വരുമാനം. വളം സബ്സിഡിയിൽ 50,121 കോടി രൂപയുടെ കുറവ് വരുത്തുകയും ചെയ്തിരിക്കുന്നു. കാർഷിക മേഖല കുത്തകകൾക്ക് കൈമാറുന്നതിനെതിരെയായിരുന്നുഐതിഹാസികമായ കർഷക സമരം. കർഷക സമരമുയർത്തിയ മിനിമം താങ്ങുവിലയെക്കുറിച്ച് ബജറ്റ് മൗനം പാലിക്കുന്നു. എന്നാൽ ഫസൽ ബീമാ യോജനയിൽ 2000 കോടിയുടെയും പിഎം കിസാൻ സ്കീമിൽ 8000 കോടിയുടെയും കുറവും വരുത്തി. കാർഷിക വിളകൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാനായി പ്രഖ്യാപിച്ച് പിഎം അന്നദാത സംരക്ഷണ അഭിയാന് കഴിഞ്ഞ ബജറ്റിൽ ഒരു കോടി അനുവദിച്ചിരുന്നെങ്കിൽ ഇക്കുറി ഒരു ലക്ഷം രൂപമാത്രമാണ് നീക്കിവച്ചിട്ടുള്ളത്. പച്ചക്കറിയുടെയും പഴവർഗങ്ങളുടെയും വിലസ്ഥിരതയ്ക്കായി കഴിഞ്ഞ ബജറ്റിൽ 1500 കോടി നീക്കിവച്ചത് ഇക്കുറി ഒരു ലക്ഷം മാത്രം! ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരിൽ നല്ലൊരുപങ്ക് കർഷകർ എന്ന ഗണത്തിൽ ഉൾപ്പെടുന്നു എന്ന യാഥാർത്ഥ്യം പക്ഷെ, സാമ്പത്തിക സർവേയ്ക്കും അംഗീകരിക്കേണ്ടിവന്നിട്ടുണ്ട്.

## തൊഴിലില്ലായ്മയും തകരുന്ന ജീവിത സാഹചര്യവും

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയാണ് രാജ്യം അഭിമുഖീകരിക്കുന്നത്. സമ്പത്ത് സൃഷ്ടിക്കാത്ത ഈ വിഭാഗത്തിന്റെ കാര്യത്തിൽ സർക്കാർ ഒരു താല്പര്യവും കാണിക്കാത്തത് സ്വാഭാവികം. 5 ട്രില്യൺ ഇക്കോണമി എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ അദാനിമാരുടെ സ്വത്ത് പെരുക്കുകയല്ലേ വേണ്ടൂ. ചടുലമായ ഐടി രംഗത്തടക്കം വൻതോതിലുള്ള തൊഴിൽനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. സർക്കാർ മേഖലയിൽ 9,79,327 ഒഴിവുകൾ നികത്താനുണ്ടെന്ന് രാജ്യസഭയിൽ മന്ത്രി സമ്മതിച്ചു. ഇതിൽ 2,93,943 ഒഴിവുകൾ റെയിൽവേയിലാണ്. ഇത് നികത്തുന്നതിനെക്കുറിച്ച് ബജറ്റ് ഒരക്ഷരം ഉരിയാടുന്നില്ല. നൈപുണി വികസനത്തിനായി പ്രഖ്യാപിച്ചപ്രധാൻമന്ത്രികൗശൽ വികാസ് യോജനയ്ക്കുള്ള വിഹിതവും 393.75 കോടിയിൽനിന്ന് 235.57 കോടിയായി വെട്ടിക്കുറച്ചിരിക്കുന്നു.

മോദി ഭരണകാലത്ത് ഉല്പാദനരംഗത്ത് സ്വകാര്യനിക്ഷേപമോ അതുവഴിയുള്ള തൊഴിൽ ലഭ്യതയോ വർദ്ധിച്ചതായി കാണുന്നില്ല. എന്നാൽ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' എന്ന പേരിൽ കോർപ്പറേറ്റ് നികുതി കുറച്ചുകൊടുത്തിട്ടുണ്ട്. പലിശനിരക്ക് കുറച്ചും ഇക്കൂട്ടരെ സഹായിക്കാനാണ്. പോസ്റ്റ്ഗ്രാജുവേഷനും ഡോക്ടറേറ്റും ഉള്ളവർപോലും താഴ്ന്ന വരുമാനം കിട്ടുന്ന തൊഴിലുകൾ തേടുകയാണ്. ആയിരക്കണക്കിന് എഞ്ചിനീയർമാർ തൊഴിൽരഹിതരായിരിക്കുന്ന രാജ്യത്താണ് പ്രധാനമന്ത്രി നൈപുണി വികസനത്തെക്കുറിച്ച് വാചാലനാകുന്നത്.

## തൊഴിലുറപ്പ് പദ്ധതി

ഏറ്റവും മനുഷ്യത്വരഹിതമായത് തൊഴിലുറപ്പ് പദ്ധതിവിഹിതം 33 ശതമാനം വെട്ടിക്കുറച്ചതാണ്. 100 ദിവസം പണിനൽകാൻ 2.72 ലക്ഷം കോടി രൂപ വേണ്ടിടത്ത് ബജറ്റിൽ വകകൊള്ളിച്ചത് 1.24 ലക്ഷം കോടി മാത്രം. അതായത് 40 ദിവസം ജോലി നൽകാനുള്ള പണം മാത്രം.

## ഭക്ഷ്യരംഗം

ആഗോള പട്ടിണി സൂചികയിൽ 121 രാജ്യങ്ങളിൽ 107-ാമതാണ്

(ശേഷം 4-ാം പേജിൽ)

## കേന്ദ്രബജറ്റ്

# കോവിഡ് സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം ജനങ്ങളുടെ ക്രയശേഷി തകർത്തു

*(3–ാം പേജിൽ നിന്ന്)*

ഇന്ത്യയുടെ സ്ഥാനം. എന്നിട്ടും ഭക്ഷ്യസുരക്ഷ മേഖലയിൽ 80,000 കോടി രൂപയുടെ കുറവ് വരുത്തിയിരിക്കുന്നു. ഭക്ഷ്യസബ്സിഡിയിൽകുറവുവരുത്തുന്നതിന്റെയർത്ഥം ഭക്ഷ്യധാന്യസംഭരണത്തിൽ ഗവൺമെന്റ് കുറവുവരുത്തുമെന്നാണ്. ഇതിന്റെ പ്രത്യാഘാതം ഗുരുതരമായിരിക്കും.

### നികുതി വരുമാനം

രണ്ടാം യുപിഎ ഭരണകാലത്ത് കോർപ്പറേറ്റ് നികുതി 3.7 ശതമാനമായിരുന്നു. 2020–21ൽ ഇത് 2.3 ശതമാനമായി. കോവിഡാനന്തരം നികുതിവരുമാനം കൂടിയെങ്കിലും കോർപ്പറേറ്റ് നികുതി 3.1 ശതമാനമായി തുടർന്നു. ആദായനികുതി പരിധി ഉയർത്തിയെ




പാചകവാതക വിലവർദ്ധനവിനെതിരെ കൊല്ലത്തുനടന്ന പ്രതിഷേധ പരിപാടിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ പ്രസംഗിക്കുന്നു.

ങ്കിലും ആർക്കും ഇതിന്റെ പ്രയോജനം ലഭിക്കില്ലെന്നതാണ് യാഥാർത്ഥ്യം. സമ്പന്നവിഭാഗത്തിന്റെ നികുതിയും 43 ശതമാനത്തിൽനിന്ന് 39 ശതമാനമായി കുറച്ചിട്ടുണ്ട്.

20.86 ലക്ഷം കോടിയാണ് നികുതിവരുമാനം. എന്നിട്ടും ബജറ്റ് കമ്മി നികത്താൻ 17 ലക്ഷം കോടി കടമെടുക്കണം. ഗവണ്മെന്റിന്റെ വരുമാനത്തിൽ 34 ശതമാനവും വായ്പയിൽനിന്നും മറ്റുമാണ് എന്നർത്ഥം. 2023–24ൽ 15.44 ലക്ഷം കോടി കടമെടുക്കണമെന്ന് ബജറ്റ് പറയുന്നു. ഇതോടെ മൊത്തം കടം 170 ലക്ഷം കോടിരൂപയാകും ഓരോ പൗരനും ഏതാണ്ട് ഒരു ലക്ഷം രൂപവീതം നികുതി നൽകണമെന്നർത്ഥം. കമ്മി നികത്താനായി പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്നതും വിജയപ്രദമാകുന്നില്ല എന്നതാണ് സ്ഥിതി. ചുരുക്കത്തിൽ ജിഎസ്ടിയിലൂടെയും സെസ്സ്, സർചാർജ്ജ് എന്നിവയിലൂടെയും ജനങ്ങളിൽനിന്നുള്ള നികുതി വരുമാനം 34 ശതമാനം വർദ്ധിച്ചെങ്കിലും ആദായ നികുതി, കോർപ്പറേറ്റ് നികുതി എന്നിവയിൽനിന്നുള്ള വരുമാനം 30 ശതമാനം കുറഞ്ഞു. ഈ 30 ശതമാനത്തിൽ 22 ശതമാനവും കോർപ്പറേറ്റ് നികുതിയിൽ വന്ന കുറവാണ്. റവന്യൂ വരുമാനത്തിന്റെ 36 ശതമാനവും വായ്പയിലൂടെയാണെന്നതും ശ്രദ്ധേയമാണ്. ഇതിന്റെയും ഭാരം താങ്ങേണ്ടിവരിക ജനങ്ങളായിരിക്കും.

### സംസ്ഥാനങ്ങൾക്കുള്ള വിഹിതം

സാമ്പത്തിക കേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കുന്ന പ്രക്രിയയും തുടരുകയാണ്. 2021–22ൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം 4,60,575 കോടിയായിരുന്നെങ്കിൽ ഈ ബജറ്റിൽ 3,59,204 കോടി മാത്രമാണ്. സംസ്ഥാനവിഹിതം കുറയ്ക്കുകയും ഉത്തരവാദിത്തങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നത് ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ ദുർബലപ്പെടുത്തുന്ന നടപടിയാണ്. പരോക്ഷ നികുതിയിൽ വരുത്തുന്ന വർദ്ധനവെല്ലാം സെസ്സിന്റെ രൂപത്തിലാകുമ്പോൾ സംസ്ഥാനങ്ങൾക്ക് വിഹിതം നൽകേണ്ടതില്ല എന്ന സൗകര്യവുമുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടയിൽ സെസ്സും സർചാർജ്ജുമൊക്കെ ഇരട്ടിയായിട്ടുണ്ട്.

### ആരോഗ്യരംഗം

ബജറ്റിന്റെ 10 ശതമാനം ആരോഗ്യമേഖലയ്ക്ക് നീക്കിവയ്ക്കേണ്ടതാണെന്ന് ആവർത്തിക്കുമ്പോഴും വെറും രണ്ട് ശതമാനം മാത്രമാണ് നീക്കിവയ്ക്കുന്നത്. കഴിഞ്ഞ ബജറ്റിനെ അപേക്ഷിച്ച് 3.82 ശതമാനം ഇക്കുറി കൂടുതൽ ഉണ്ടെങ്കിലും പണപ്പെരുപ്പ നിരക്ക് 5.5 ശതമാനമാണ്. ഈ തുക ആരോഗ്യ മേഖലയ്ക്ക് മാത്രമാണോ എന്ന കാര്യത്തിലും സംശയമുണ്ട്. "ഹെൽത്ത് ആന്റ് വെൽനെസ് ബജറ്റ്" എന്നാണ് 2021–22ൽ ധനമന്ത്രി വിശേഷിപ്പിച്ചത്. നാഷണൽ ഹെൽത്ത് മിഷൻ വിഹിതത്തിലും 354 കോടിയുടെ കുറവുണ്ട്. ആരോഗ്യരംഗം പാടെ സ്വകാര്യവൽക്കരിക്കാനാണ് ഗവണ്മെന്റ് ശ്രമം. പണമുള്ളവന് വൻവിലകൊടുത്ത് ചികിത്സ നടത്താം. സാധാരണക്കാരന് മരണവും.

### ശാസ്ത്ര–സാങ്കേതിക രംഗം

ശാസ്ത്ര–സാങ്കേതിക രംഗത്ത് ഇന്ന് ചെലവഴിക്കുന്നത് തുച്ഛമായ തുകയാണ്. ബജറ്റിന്റെ വെറും 0.36 ശതമാനം. ദക്ഷിണ കൊറിയ ജിഡിപിയുടെ 4.8 ശതമാനവും യുഎസ്എ 3.45 ശതമാനവും ചൈന 2.4 ശതമാനവും ചെലവഴിക്കുന്നു. പണപ്പെരുപ്പ നിരക്കുമായി തട്ടിച്ചുനോക്കുമ്പോൾ നേരിയ വർദ്ധനപോലും ഫലപ്രദമല്ല എന്നതാണ് സ്ഥിതി. 90 ശതമാനം തുകയും ശമ്പളത്തിന് ചെലവഴിക്കുകയും ഗവേഷണത്തിന് തുച്ഛമായ വിഹിതം മാത്രം ലഭിക്കുകയും ചെയ്യുന്ന സ്ഥിതിയുമുണ്ട്. പ്രതിരോധരംഗത്തെ ഗവേഷണങ്ങൾക്ക് വ്യക്തമായ രാഷ്ട്രീയ കാരണങ്ങളാൽ കൂടുതൽതുക നീക്കിവയ്ക്കപ്പെടുന്നുണ്ട്. ന്യൂക്ലിയർ ആയുധങ്ങൾ, മിസൈലുകൾ തുടങ്ങിയ മേഖലകളിലെ ഗവേഷണം ജനനന്മയ്ക്ക് ഉപകരിക്കുന്നതല്ല എന്ന് പറയേണ്ടതില്ലല്ലോ.



കേന്ദ്ര–സംസ്ഥാന ബജറ്റുകൾക്കെതിരെ തൃപ്പൂണിത്തറയിൽ നടന്ന പ്രതിഷേധ പരിപാടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് വർഗ്ഗീസ് എം.ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.

### വിദ്യാഭ്യാസം

ജിഡിപിയുടെ തന്നെ 6 ശതമാനം വിദ്യാഭ്യാസത്തിന് എത്രയുംവേഗം ലഭ്യമാക്കണം എന്ന് ഗവണ്മെന്റ് പറയുന്നുണ്ടെങ്കിലും ബജറ്റിന്റെ 2.5 ശതമാനം മാത്രമാണ് ഇക്കുറി നീക്കിവച്ചിരിക്കുന്നത്. ഗവേഷണം ഏകോപിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും പണം അനുവദിക്കാനുമൊക്കെയായി നാഷണൽ റിസർച്ച് ഫൗണ്ടേഷൻ രൂപീകരിക്കുമെന്ന് 2020ൽ പ്രഖ്യാപിച്ചു. 2021–22ൽ 50,000 കോടി അഞ്ച് വർഷംകൊണ്ട് അനുവദിക്കുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ 2000 കോടിമാത്രമാണ് വകകൊള്ളിച്ചിട്ടുള്ളത്. പൊതുവിൽ ഗവേഷണങ്ങളെ നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ് ഗവണ്മെന്റിനുള്ളത്. വിദ്യാഭ്യാസരംഗത്ത് മികവുനേടാതെ ഗവേഷണത്തിൽ മികവുനേടാനാകില്ല. വിദ്യാഭ്യാസം സർഗാത്മകമായ മനസ്സിന്റെ വികാസത്തിനുതകുന്നതാണെങ്കിൽ മാത്രമേ, ചോദ്യം ചോദിക്കാനും യുക്തിപൂർവ്വം ചിന്തിക്കാനും സഹായകമാണെങ്കിൽ മാത്രമേ നല്ല ഗവേഷകരും വികസിച്ചുവരൂ.




പാചകവാതക വിലവർദ്ധനവിനെതിരെ തൊടുപുഴയിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച പ്രതിഷേധ പരിപാടിയിൽ എൻ. വിനോദ് കുമാർ പ്രസംഗിക്കുന്നു.

സ്കൂളുകളിലെയും കോളേജുകളിലെയും യൂണിവേഴ്സിറ്റികളിലെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, മതിയായ അളവിൽ മികച്ച അദ്ധ്യാപകരെ നിയമിക്കുക പോലുള്ള കാര്യങ്ങൾക്ക് ഏറ്റവുംകുറഞ്ഞ പരിഗണനയേ ലഭിക്കുന്നുള്ളൂ. ഇത് പൊതുവിദ്യാഭ്യാസത്തിനും ശാസ്ത്രീയ ഗവേഷണങ്ങൾക്കും തിരിച്ചടിയാണ്. യുക്തിഹീനതയും അന്ധതയും ദേശീയഭ്രാന്തും പൊള്ളയായ ദേശസ്നേഹവും പ്രോത്സാഹിപ്പിക്കുന്ന ഹിന്ദുത്വ ആശയങ്ങൾക്കിണങ്ങുംപടി വിദ്യാഭ്യാസത്തെ ഉടച്ചുവാർക്കാനാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്. സമ്പന്നർക്കുമാത്രം പ്രാപ്യമാകുന്ന ഒന്നായി വിദ്യാഭ്യാസം അതിവേഗം മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

### ഉപസംഹാരം

ബൂർഷ്വ ഗവണ്മെന്റുകളുടെ ബജറ്റുകൾ ഒരിക്കലും സത്യം പറയുകയില്ല. അവ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കും. ആകർഷകമായ പദാവലികളിലൂടെ ജനങ്ങളുടെ ചോരയൂറ്റുന്ന പദ്ധതികൾ അവതരിപ്പിക്കും. മുതലാളിത്ത വ്യവസ്ഥ പ്രതിസന്ധിയിൽ മുങ്ങുന്തോറും ഭരണം കൂടുതൽ ജനവിരുദ്ധമായിക്കൊണ്ടിരിക്കും. എന്നാൽ എക്കാലവും ജനങ്ങളെ കബളിപ്പിക്കാനാവില്ല. മധുരം പൊതിഞ്ഞ വാക്കുകൾക്കു പിന്നിലെ അപകടം അവർ തിരിച്ചറിയും. ജനങ്ങൾ സംഘടിക്കും. യഥാർത്ഥ വിപ്ലവ നേതൃത്വത്തിൻകീഴിൽ അണിനിരക്കും. ഭരണവർഗ്ഗത്തിന്റെ മുഖംമൂടി പിച്ചിച്ചീന്തും. ■



**ജപ്തി നടപടികൾക്കെതിരെ കൂട്ടിക്കൽ നിവാസികൾ**

കൂട്ടിക്കൽ പഞ്ചായത്തിലെ ജപ്തി നിർത്തിവയ്ക്കുക, പാറമടകൾ അടച്ചുപൂട്ടുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഇളംകാട്ടിൽ നടന്ന ധർണ കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു. അതിജീവനകൂട്ടായ്മ രക്ഷാധികാരി മിനി കെ. ഫിലിപ്പ്, ചെയർമാൻ ഗോപി മാടപ്പാട്ട്, കൺവീനർ ബെന്നി ദേവസ്യ, ചന്ദ്രദാസ് തുടങ്ങിയവർ പ്രസംഗിച്ചു.




**സഖാവ് റ്റി.എ.വേലപ്പൻ അനുസ്മരണം**

തൃപ്പൂണിത്തുറ തിരുവാങ്കുളത്തു നടന്ന സഖാവ് റ്റി.എ.വേലപ്പൻ അനുസ്മരണസമ്മേളനം നാടകകലാകാരൻ സി.പി.സുപ്രൻ ഉദ്ഘാടനം ചെയ്യുന്നു. എൻ.കെ.ബിജു, പ്രൊഫ.പി.ഐ.കുര്യാക്കോസ്, ഉണ്ണി പൂണിത്തുറ, ടി.കെ.സുധീർ കുമാർ, കെ.ആർ. സുകുമാരൻ, ഷൺമുഖൻ ഇടമ്പാടം, സി.ബി.അശോകൻ തുടങ്ങിയവർ പ്രസംഗിച്ചു.

# അദാനി സാമ്രാജ്യത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന വളർച്ചയുടെയും പൊടുന്നനെയുള്ള തളർച്ചയുടെയും പിന്നിലെന്ത് ?

**'നഖായൂംഗ, ന ഖാനെ ദൂംഗ'(കക്കില്ല, കക്കാൻ സമ്മതിക്കുകയുമില്ല). തെരഞ്ഞെടുപ്പിനു മുമ്പ് പ്രധാനമന്ത്രി മോദി രാജ്യത്തിന് നൽകിയ വാഗ്ദാനമായിരുന്നു ഇത്. മോദിയുടെ മറ്റെല്ലാ വാഗ്ദാനങ്ങളെയുംപോലെ ഇതും, അദ്ദേഹത്തിന്റെ ചങ്ങാതി അമിത് ഷായുടെ വാക്കുകൾ കടമെടുത്താൽ 'ജുംല'(തട്ടിപ്പ്) ആയി പരിണമിച്ചിരിക്കുന്നു. മോദി ഭരണത്തിൻകീഴിൽ ഗൗതം അദാനിയുടെ കണ്ണഞ്ചിപ്പിക്കുന്ന വളർച്ചയുടെ രഹസ്യം ഹിൻഡൻബർഗ് റിപ്പോർട്ടിലൂടെ അങ്ങാടിപ്പാട്ടായതോടെ മോദി ആകെ പരിഭ്രാന്തനായിരിക്കുകയാണ്. അദാനിയുമായുള്ള ബന്ധത്തെക്കുറിച്ച് ആളുകൾ ചോദിക്കുമ്പോൾ ഉത്തരം പറയുന്നതിനുപകരം സ്വയം പുകഴ്ത്തുകയും 'ഭരണനേട്ട'ങ്ങൾ, കോടിക്കണക്കിന് ഇന്ത്യക്കാരെ കുത്തുപാളയെടുപ്പിച്ച, കഴിഞ്ഞ എട്ടുവർഷക്കാലത്തെ നയങ്ങൾ എണ്ണിപ്പറയുകയും ചെയ്യുന്നത് ഈ പരിഭ്രമം കാരണമാണ്.**

## അദാനിയുടെ വളർച്ച

മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി ഗവൺമെന്റ്, ഒരു ദേശീയ ചാമ്പ്യനായി വളർത്തിക്കൊണ്ടുവരാൻ ഗൗതം അദാനിയെ തെരഞ്ഞെടുക്കുകയായിരുന്നു എന്ന ഒരു നിരീക്ഷണം ചില സാമ്പത്തികവിദഗ്ദ്ധർമുന്നോട്ടുവച്ചിട്ടുണ്ട്. രാജ്യത്തെ തന്ത്രപ്രധാനമായ പല ബിസിനസ്സ് സംരംഭങ്ങളിലും, വിദേശരാഷ്ട്രങ്ങളിലും വൻതോതിൽ മുതൽമുടക്കാൻ അവർ അദാനിയെ അകമഴിഞ്ഞ് സഹായിച്ചു. പ്രധാനപ്പെട്ട വ്യവസായങ്ങളോ ജനപ്രീതിയാർന്ന ഉൽപ്പന്നങ്ങളോ -ആപ്പിളിന്റെ ഐഫോൺപോലെ-ഒന്നും ഇല്ലാതിരുന്നിട്ടും ക്ഷണനേരത്തിലുള്ള അസാമാന്യവളർച്ചയായിരുന്നു അദാനിയുടേത്. അദാനിയുടെ സാമ്പത്തിക സ്രോതസ്സുകളൊന്നുംതന്നെ സുതാര്യമായിരുന്നില്ല. നിഗൂഢരായ നിക്ഷേപകർ, കൃത്രിമമായ സ്റ്റോക് വിലകൾ, അദാനി കമ്പനികൾക്കിടയിൽത്തന്നെയുള്ള പണമിടപാടുകൾ എന്നിവയായിരുന്നു അദാനിയുടെ ഇടപാടുകളുടെ പൊതുസ്വഭാവം. കഴിഞ്ഞ മൂന്നുവർഷത്തിനിടെ അദാനി എന്റർപ്രൈസസിന്റെ സമ്പത്ത് വർദ്ധിച്ചത് നമുക്ക് സങ്കൽപ്പിക്കാവുന്നതിനുമപ്പുറമാണ്, 819ശതമാനം.

2013ൽഇക്കണോമിക്'ടൈംസ്, അദാനിയുടെ വളർച്ചയുടെ ഒരു ലഘുചരിത്രം തയാറാക്കിയിരുന്നു. ആ കഥ ഇപ്രകാരമാണ്. ഗാസിദാമിൽനിന്ന് പ്ലാസ്റ്റിക് ഇറക്കുമതി ചെയ്താണ് അദാനി കച്ചവടം ആരംഭിക്കുന്നത്. അത് പിന്നീട് വിപുലമാക്കി. ഇക്കാലയളവിലാണ്ഗുജറാത്ത്മുഖ്യമന്ത്രിയായിരുന്ന നരേന്ദ്രമോദിയുമായി ചങ്ങാത്തം ആരംഭിക്കുന്നത്. മോദിക്ക് എക്കാലവും പരസ്യപിന്തുണയുമായി അദാനി കൂടെനിന്നു. വൻവ്യവസായ ഭീമനായുള്ള അദാനിയുടെ വളർച്ച ആരംഭിക്കുന്നത് ഇവിടെനിന്നാണ്. എന്നാൽ ഈ വളർച്ചയെക്കുറിച്ചുള്ള സംശയങ്ങളും അതോടൊപ്പംതന്നെ ഉണ്ടായിരുന്നു. അമേരിക്കൻ ഫിനാൻസ് ഇൻഷ്വറൻസ് കമ്പനിയായ ഫിച്ച് ഗ്രൂപ്പ് അദാനി ഭീമന്മാരുടെ കടബാധ്യതയെക്കുറിച്ച് 2022 ആഗസ്റ്റിൽ മുന്നറിയിപ്പ് നൽകിയിരുന്നു. അദാനി തിരിച്ചടവ് മുടക്കാൻ സാധ്യതയുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടി. 2022 ഡിസംബറിൽതന്നെ ക്വാർട്സ് എന്ന ഒരു അന്വേഷണാത്മക മാധ്യമസ്ഥാപനം ഇതേ മുന്നറിയിപ്പ് ആവർത്തിച്ചു. എന്നുമാത്രമല്ല, അദാനി തിരിച്ചടവ് മുടക്കിയാൽ ഓഹരിവിപണി മാത്രമല്ല, ഇന്ത്യൻ സമ്പദ്ഘടനയെത്തന്നെ അത് പിടിച്ചുലയ്ക്കുമെന്ന് അവർ കൂട്ടിച്ചേർത്തു. ആത്യന്തികമായി ഇതിന്റെ വിലകൊടുക്കേണ്ടിവരുന്നത് നികുതിദായകരാണ്. കാരണംഎൽഐസിയും പൊതുമേഖലാ ബാങ്കുകളുമാണ് അദാനിക്കുവേണ്ടി പണമിറക്കിയിരിക്കുന്നത്. അതെല്ലാം സാധാരണക്കാരിൽനിന്നും പിരിച്ചെടുത്തിരിക്കുന്ന പണമാണുതാനും. സമ്പദ്ഘടനയുടെമേലുള്ള പരിക്ക് കുറയ്ക്കാൻ ഗവൺമെന്റിന്റെ പണമിറക്കേണ്ടിവരും(bailout). പക്ഷെ അതുംവരേണ്ടത് പൊതുഖജനാവിൽനിന്നുതന്നെയാണ്. അദാനിഗ്രൂപ്പ് പരാജയപ്പെടാൻ പാടില്ലാത്തവിധം ഭീമമായി വളർന്നു എന്ന് ഗവൺമെന്റ് വിലയിരുത്തിയാൽ, പിന്നെ എന്തുവില കൊടുത്തും അതിനെ രക്ഷിച്ചെടുക്കേണ്ടിവരും എന്നും ക്വാർട്സ് പറയുന്നു. ഇതെല്ലാം കാണിക്കുന്നത് ആവശ്യത്തിന് മുന്നറിയിപ്പുകൾ ഉണ്ടായിരുന്നു എന്നാണ്. എന്നിട്ടും മോദി ഗവൺമെന്റ് അവയെല്ലാം അവഗണിക്കുകയാണ് ചെയ്തത്. അദാനിയെ പിന്നിൽക്കൂടെ സഹായിക്കുന്നത് തുടരുകയും ചെയ്തു.

## അദാനിയെ വളർത്തിയത് മോദിയുമായുള്ള ചങ്ങാത്തം

അദാനിയുടെ വളർച്ച ഭരിക്കുന്ന ഗവൺമെന്റിന്റെ പിന്തുണയില്ലാതെ സാധ്യമല്ല എന്ന് ചിന്തിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. അദാനിതന്നെ പറഞ്ഞത് കഴിഞ്ഞ ഒമ്പതുവർഷമായി കടമെടുക്കുന്നതിന്റെ ഇരട്ടിനിരക്കിലാണ് തന്റെ ലാഭം വരുന്നത് എന്നാണ്. ബിജെപിയും പ്രധാനമന്ത്രിയും 5ട്രില്യൺ സമ്പദ്ഘടനയെക്കുറിച്ച് വാതോരാതെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്, അത് സാധാരണക്കാർക്ക് നേട്ടമുണ്ടാക്കാൻപോകുന്ന വലിയ സംഗതിയാണ് എന്ന മട്ടിൽ. പ്രധാനമന്ത്രിയെ പിന്തുണച്ചുകൊണ്ട് അദാനിയും പ്രസ്താവനകൾ നടത്തുന്നുണ്ട്. 2030ഓടെ ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തികശക്തിയായി ഇന്ത്യമാറുമെന്ന് അദാനിയും പറയുന്നു. രണ്ടുപേരുടെയും സ്വപ്നവും വാക്കുകളും ഒരേപോലെ.

2014ൽ മോദി അധികാരത്തിലേറിയതിനുശേഷമാണ് അദാനിയുടെ വളർച്ചയുടെ ആക്കം വർദ്ധിക്കുന്നത്. മുന്ദ്രയിൽ ഒരു വലിയ തുറമുഖസമുച്ചയം നിർമ്മിക്കാനുള്ള കരാർ അദാനിക്ക് ലഭിക്കുന്നത് ഇക്കാലത്താണ്. ഗുജറാത്ത് ഗവൺമെന്റ് അദാനിയെ ഉദാരമായി സഹായിച്ചു എന്നത് പല സിഎജി റിപ്പോർട്ടുകളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുന്ദ്രയിലെതന്നെ പ്രത്യേക സാമ്പത്തികമേഖല നിർമ്മിക്കുന്നത് പരിസ്ഥിതി ക്ലിയറൻസ് ഇല്ലാതെയാണ്. മുന്ദ്രയ്ക്കുശേഷം ഗവൺമെന്റ് ഉടമസ്ഥതയിലുള്ള മറ്റ് തുറമുഖങ്ങൾ അദാനിക്ക്സഹായകരമായവിധത്തിൽ തങ്ങളുടെ നയങ്ങൾ മാറ്റി. ഗവൺമെന്റിന്റെ പരിധിവിട്ടുള്ള സഹായത്തിന്റെ ഉദാഹരണങ്ങളാണ് ഇവയൊക്കെ.

2014ൽ മോദി പ്രധാനമന്ത്രി ആകുമ്പോഴേയ്ക്കും 8 ബില്യൺ യുഎസ് ഡോളർ ആസ്തിയുള്ള വൻ സാമ്രാജ്യമായി അദാനി മാറിയിരുന്നു. 2014വരെ അവർ ഗുജറാത്തിനകത്ത് ഒതുങ്ങിക്കഴിയുകയായിരുന്നുവെങ്കിൽ 2020ഓടെ അദാനി ഇന്ത്യമുഴുവൻ വ്യാപിച്ചു. അതോടൊപ്പംതന്നെ പുതുമയാർന്ന മേഖലകളിലേയ്ക്ക് പ്രവേശിച്ച് അദാനി തന്റെ ബിസിനസ് വിപുലമാക്കി. പ്രതിരോധ ഉപകരണങ്ങൾ ഇന്ത്യയ്ക്കകത്തുതന്നെ ഉൽപ്പാദിപ്പിക്കുമെന്ന് മോദി പ്രസ്താവനയിറക്കിയതിനുപിന്നാലെ ഡിഫൻസ് കോൺട്രാക്ടർമാരോടുചേർന്ന് മിലിട്ടറി ഉപകരണങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള സംരംഭങ്ങൾ അദാനി ആരംഭിച്ചു. ഉടുപ്പിയിലുള്ള ലാൻകോയുടെ താപോർജപദ്ധതിയും അദാനി വാങ്ങി. എൽ ആന്റ് ടിയുടെയും ടാറ്റയുടെയും ഉടമസ്ഥതയിലുള്ള ഒഡിഷയിലെ ധർമ്മപോർട്ടും ഇക്കാലയളവിൽതന്നെ അയാൾ കൈക്കലാക്കി. ഇപ്പോൾ രാജ്യത്തെ പ്രധനപ്പെട്ട പതിമൂന്ന് തുറമുഖങ്ങൾ അദാനിയുടെ നിയന്ത്രണത്തിലാണ്.അടുത്തകാലത്താണ്3000കോടിയുടെ മയക്കുമരുന്ന് മുന്ദ്ര തുറമുഖത്തുനിന്നും ദേശിയ അന്വേഷണ ഏജൻസിയായ എൻഐഎ പിടിച്ചെടുത്തത്. ഇതിൽ തുറമുഖ അധികൃതരുടെ ഒത്താശയെക്കുറിച്ച് അന്വേഷണമൊന്നും ഉണ്ടായില്ല. കാറ്റിൽനിന്നുള്ള വൈദ്യുതി, സോളാർ പാനലുകൾ, വൈദ്യുതി വിതരണം, വ്യോമയാനം, പ്രതിരോധം എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളിലേയ്ക്ക് അദാനി സാമ്രാജ്യം വളർന്നുകൊണ്ടേയിരുന്നു. സ്വീഡിഷ് കമ്പനിയായ 'സാബ്'മായിചേർന്ന് ആളില്ലാവിമാനങ്ങളും ഹെലികോപ്റ്ററുകളും നിർമ്മിക്കാൻ അവർ 2017ൽ ധാരണയിലെത്തി. 2018ൽ രാജ്യമെമ്പാടും പ്രകൃതിവാതകവും ഇന്ധനങ്ങളും വിതരണംചെയ്യാനുള്ള 126 കോൺട്രാക്ടുകളാണ് മോദി അദാനിക്ക് നൽകിയത്.

അദാനിയുടെ ആസ്തി 800കോടി ഡോളറിൽ(65,600കോടി രൂപ) നിന്ന് എട്ടുവർഷംകൊണ്ട് 14,000 കോടി ഡോളർ(11,48,000കോടി രൂപ) ആയി വർദ്ധിച്ചു. ഇരുപത് ഇരട്ടി വർദ്ധന. ഇതിന് സഹായിച്ച മോദിയെ പ്രകീർത്തിക്കാൻ അദാനി യാതൊരു പിശുക്കും കാണിക്കാറില്ല. 'തികച്ചും പ്രചോദനാത്മകവും ഉൾക്കാഴ്ചയുള്ളതുമായ നേതൃത്വമാണ് മോദിയുടേത്. സംരംഭങ്ങൾക്ക് അനുകൂലമായ വിധത്തിൽ നയങ്ങൾ മാറ്റിയെന്നുമാത്രമല്ല, ജനജീവിതത്തെ സ്പർശിക്കുംവിധം പദ്ധതികളെയും പുതുക്കി പണിതിരിക്കുന്നു. സുസ്ഥിരമായ വികസനത്തിലൂടെ സാമൂഹ്യമാറ്റം കൊണ്ടുവരാനാണ് പ്രധാനമന്ത്രി ശ്രമിക്കുന്നത്. എന്നാൽ മോദി പരിധിവിട്ട് തന്നെ സഹായിക്കുന്നു എന്ന ആരോപണമുയർന്നപ്പോൾ അദാനി പറഞ്ഞത് കോൺഗ്രസ് ഭരണകാലത്തെ സാമ്പത്തിക ഉദാരവത്ക്കരണ നയങ്ങളും തനിക്ക് ഉപകാരപ്പെട്ടുവെന്നാണ്. മോദിയും അദാനിയും ഒരേപോലെ ഒളിച്ചുവയ്ക്കാൻ ശ്രമിക്കുന്നുവെങ്കിലും വസ്തുതകൾ സത്യം വെളിവാക്കുന്നുണ്ട്.

അതത് കാലങ്ങളിലെ മറ്റ് ഗവൺമെന്റുകളും അദാനിയെ സഹായിച്ചിരുന്നു എന്നത് സത്യമാണ്. മുന്ദ്രപോർട്ടിലെ നഗ്നമായ പരിസ്ഥിതി ലംഘനങ്ങൾ കോൺഗ്രസ് കണ്ടില്ലെന്നു നടിച്ചു. കേരളത്തിൽ സിപിഐ(എം)ന്റെ പിന്തുണയോടെ വിഴിഞ്ഞം തുറമുഖം അദാനി നടത്തുന്നു. ബംഗാളിലെ രാജ്പൂരിൽ പോർട്ട് തുറക്കാനും ദ്യൂഷ പാചമിൽ കൽക്കരി ഖനനത്തിനും മമത ഗവൺമെന്റ് അദാനിക്ക് അനുമതി നൽകിയിരിക്കുന്നു. ഝാർഖണ്ഡിൽ അദാനി പവർ പ്രോജക്ടിനെ സഹായിക്കാൻ കാടിനുമേൽ ആദിവാസികൾക്കുള്ള അവകാശത്തിൽ വെള്ളം ചേർക്കുന്ന രീതിയിൽ നിയമങ്ങൾ മാറ്റി. ശ്രീലങ്കൻ പ്രധാനമന്ത്രി ആയിരുന്ന ഗോതബയ പക്സെയോട് അവിടുത്തെ പവർ പ്രോജക്ട് അദാനിക്ക് നൽകണമെന്ന് മോദി നേരിട്ട് ആവശ്യപ്പെട്ടിരുന്നതായി ശ്രീലങ്കയിലെ ഉന്നത ഉദ്യോഗസ്ഥർ വെളിപ്പെടുത്തിയിരുന്നു. മോദിയുടെ ഇസ്രയേൽ സന്ദർശനത്തിന് തൊട്ടുപിന്നാലെ അദാനിയും ഇസ്രയേലിൽ എത്തുകയും ഇന്ത്യ-ഇസ്രയേൽ വ്യാപാരത്തിന്റെ 90ശതമാനവും കൈക്കലാക്കുകയും ചെയ്തു. ആറ് എയർ പോർട്ടുകളുടെ നിയന്ത്രണം അദാനിക്ക് കൈമാറാൻവേണ്ടി ചട്ടങ്ങൾ മാറ്റിയെഴുതി.

മോദി ഗവൺമെന്റിന്റെ അദാനി സ്നേഹം എല്ലാ സീമകളും ലംഘിക്കുകയാണ്. അദാനി ആസ്ത്രേലിയയിൽ കൽക്കരി ഖനനത്തിനായി പാടങ്ങൾ വാങ്ങിയപ്പോൾ എസ്ബിഐ ചെയർമാൻ നേരിട്ട് ആസ്ത്രേലിയയിൽ പോയാണ് 8200കോടി രൂപയുടെ വായ്പ നൽകിയത്. അദാനിക്ക് എതിരായ എല്ലാ ശബ്ദങ്ങളെയും ഗവൺമെന്റ് അവഗണിച്ചു. അദാനിയുടെ കാർമിക്കേൽ കൽക്കരി പ്രോജക്ടിനുവേണ്ടിയുള്ള റെയിൽ കോറിഡോറിലേയ്ക്ക് സട്ടർ നദിയിലെ വെള്ളമുപയോഗിക്കുന്നതിനെതിരെ ആസ്ത്രേലിയയിലെ ജനങ്ങൾ പ്രതിഷേധമുയർത്തി. എന്നാൽ മോദി ഗവൺമെന്റ് വെറും കാഴ്ചക്കാരനായി നോക്കിനിന്നതേയുള്ളൂ. ബംഗ്ലാദേശിൽ അദാനിക്ക് പ്രോജക്ടുകൾ നൽകാൻവേണ്ടി മോദി സമ്മർദ്ദം ചെലുത്തി. പ്രത്യുപകാരമെന്നോണം മോദിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് അദാനി സ്വകാര്യവിമാനം വിട്ടുനൽകി. പ്രധാനമന്ത്രിയുടെ തെരഞ്ഞെടുപ്പ് ഫണ്ടിലേയ്ക്കും പിഎം കെയർഫണ്ടിലേയ്ക്കും അദാനി എത്ര തുക നൽകി എന്നതിന് യാതൊരു കണക്കുമില്ല. രാജ്യത്തെ ഹരിതവാതകമുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ മോദി അദാനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

## ഹിൻഡൻബർഗ് റിപ്പോർട്ട്

അങ്ങനെ അദാനി കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് ഹിൻഡൻബർഗ് റിപ്പോർട്ട് അതിന്മേൽ തണുത്ത വെള്ളമൊഴിക്കുന്നത്. 2023 ജനുവരി 24ന് ഹിൻഡൻബർഗ് റിപ്പോർട്ട് വന്നത് ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുമായിട്ടാണ്. കോർപ്പറേറ്റ് ചരിത്രത്തിലെതന്നെ ഏറ്റവും വലിയ തട്ടിപ്പെന്നാണ് അദാനി എന്റർപ്രൈസസിനെക്കുറിച്ച് റിപ്പോർട്ട് പറയുന്നത്. വർഷങ്ങളായി ഓഹരി വിപണിയിൽ കൃത്രിമം കാണിച്ചും അക്കൗണ്ടിൽ തിരിമറി നടത്തിയും നികുതി വെട്ടിക്കാൻ വിദേശ രാജ്യങ്ങളെ ഉപയോഗപ്പെടുത്തിയും അദാനി എന്റർപ്രൈസസ് എല്ലാവരെയും കബളിപ്പിക്കുകയാ

(ശേഷം 6–ാം പേജിൽ)

# കുത്തകകളാൽ തെരഞ്ഞെടുക്കപ്പെടുന്ന കുത്തകകൾക്കുവേണ്ടിയുള്ള ഭരണമായി അധികാരവാഴ്ച അധപതിച്ചു

**അദാനി**
**വളർച്ചയും തകർച്ചയും**

(5-ാം പേജിൽ നിന്ന്)

യിരുന്നു എന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. അദാനി കമ്പനികളുടെ ആസ്തി നിർണയിച്ച രീതികളെ അത് ചോദ്യം ചെയ്യുന്നു. അദാനിയുടെ ഭീമമായ കടബാധ്യതയും റിപ്പോർട്ട് വെളിവാക്കുന്നു. അദാനി കമ്പനികളുടെ ആസ്തിയായ 9,79,800 കോടി രൂപയിൽ 10,000 കോടി രൂപയെങ്കിലും ഓഹരിവില പെരുപ്പിച്ച് കാണിച്ചതുകൊണ്ടുണ്ടായതാണ്. റിപ്പോർട്ടിലെ പ്രധാന ആരോപണം അദാനിയുടെ കടലാസ് കമ്പനികളെക്കുറിച്ചാണ്. മൗറീഷ്യസും പനാമയും പോലെ കോർപ്പറേറ്റ് നികുതി ഒളിപ്പിക്കാൻ സൗകര്യമുള്ള രാജ്യങ്ങളിൽ കടലാസുകമ്പനികളുണ്ടാക്കി അവ ഇന്ത്യയിലെ അദാനി കമ്പനികളിൽ വൻതുക നിക്ഷേപിക്കുന്നതായി കാണിക്കുന്നു. അതായത് അദാനി സ്വന്തം പണം ഈവഴികൊണ്ടുവന്ന് സ്വന്തം കമ്പനികളിൽ നിക്ഷേപിച്ച് കമ്പനിയുടെ ഓഹരിവില കൃത്രിമമായി ഉയർത്തുന്നു. ഇങ്ങനെ വില പെരുപ്പിച്ച് ഓഹരികൾ പണയംവച്ച് വലിയ വായ്പകൾ നേടിയെടുക്കുന്നു. ഇത് സാമ്പത്തിക തട്ടിപ്പാണ്. എന്നാൽ കാര്യങ്ങൾ പുറത്തുവന്നപ്പോൾ വിറളിപിടിച്ച അദാനി നിയമനടപടികളെടുക്കുമെന്ന് ഹിൻഡൻബർഗിനെ ഭീഷണിപ്പെടുത്തി. എന്നാൽ ധൈര്യമുണ്ടെങ്കിൽ നിയമനടപടി എടുക്കാൻ അദാനിയെ വെല്ലുവിളിക്കുകയാണ് ഹിൻഡൻബർഗ് ചെയ്തത്. ഹിൻഡൻബർഗിന്റെ 88 ചോദ്യങ്ങളിൽ 66 എണ്ണത്തിന് കൃത്യമായി മറുപടി പറയാതെ ഒഴിഞ്ഞുമാറുകയാണ് അദാനി ചെയ്തത് എന്ന് അവർ ചൂണ്ടിക്കാട്ടുന്നു. അദാനി റിപ്പോർട്ട് ചെയ്തിരിക്കുന്ന രണ്ടുലക്ഷംകോടിയുടെ കടബാധ്യതയിൽ 80,000 കോടി രൂപയോളം ബാങ്കുകളിൽനിന്നുള്ള വായ്പയാണ്. ഫിച്ച് ഗ്രൂപ്പ് പറയുന്നതുപ്രകാരം വളരെ ആഴത്തിൽ കടത്തിൽ മുങ്ങിനില്ക്കുകയാണ് അദാനി. അവർക്ക് തിരിച്ചടയ്ക്കാനുള്ള പാങ്ങില്ല എന്നും ഫിച്ച് ഗ്രൂപ്പ് മുന്നറിയിപ്പ് തരുന്നു.

കടലാസ് കമ്പനികളുടെ പേരുകളും ഫണ്ടുകളും വളരെ കൗശലപൂർവം അവയുടെ യഥാർത്ഥ ഉടമസ്ഥത മറച്ചുവയ്ക്കത്തക്കവിധമാണ് അദാനി ക്രമീകരിച്ചിരിക്കുന്നത് എന്നാണ് റിപ്പോർട്ടിലെ മറ്റൊരു കണ്ടെത്തൽ. സമ്പത്ത് പല കൈമാറി അത് ഒടുവിൽ അദാനിയുടെ അടുത്ത ബന്ധുവായ വിനോദ് അദാനിയുടെ സിംഗപ്പൂരിലുള്ള അക്കൗണ്ടിലേയ്ക്കാണ് എത്തുന്നത്. കമ്പനികളുടെ മൂല്യനിർണയത്തെ സ്വാധീനിക്കാൻ വേണ്ടി ഇറക്കുമതിയുടെയും കയറ്റുമതിയുടെയും രേഖകൾ വ്യാജമായി ചമച്ചു എന്ന മറ്റൊരു ഗുരുതരമായ കണ്ടെത്തലും ഹിൻഡൻബർഗ് റിപ്പോർട്ടിലുണ്ട്.

### അദാനിയുടെ മറ്റുതട്ടിപ്പുകൾ

ഹർഷദ് മേത്ത എന്ന ഓഹരി തട്ടിപ്പുകാരന്റെ പേര് നമുക്ക് പരിചിതമാണ്. ഓഹരി വിപണിയിൽ സ്വാധീനവും മുൻകൂറായി ലഭിക്കുന്ന വിവരങ്ങളും ഉപയോഗിച്ച് ഓഹരിവിലകളെ തനിക്കനുകൂലമായി മാറ്റുന്ന വൻസ്രാവായിരുന്നു ഹർഷദ് മേത്ത. ഈ മേത്തയുടെ ശിഷ്യരിലൊരാളാണ് കേതൻ പരേഖ്-ഓഹരിവിപണിയെ പിടിച്ചുകുലുക്കിയ ബൃഹത്തും ക്രൂരവുമായ മറ്റൊരു തട്ടിപ്പിന്റെ സൂത്രധാരൻ. നാൽപതിനായിരംകോടി രൂപയാണ് കേതൻ പരേഖിന്റെ തട്ടിപ്പിന്റെ വ്യാപ്തിയെന്നാണ് ഗവൺമെന്റ് ഏജൻസികൾ തിട്ടപ്പെടുത്തുന്നത്. അദാനി ഈ ഇടപാടുകളിൽ കേതൻ പരേഖിനെ സഹായിച്ചിരുന്നതായി 2017ൽ 'സെബി' കണ്ടെത്തിയിരുന്നു. ഇതേത്തുടർന്ന് ചില കമ്പനികളെ നിരോധിച്ചിരുന്നുവെങ്കിലും പിന്നീട് നിരോധനം മാറ്റി പിഴ ചുമത്തി. എന്നാൽ ഞെട്ടിക്കുന്ന മറ്റൊരു ആരോപണം അദാനിയുടെ ബന്ധുവും നിയമോപദേശകനുമായ ഒരാൾ സെബിയുടെ ബോർഡിലും ഉണ്ട് എന്നതാണ്. ഓഹരിവിപണിയിലെ വലിയ മാറ്റങ്ങൾ ഇയാൾ അദാനിയെ മുൻകൂറായി അറിയിക്കുന്നതായും ആരോപണമുണ്ട്. ഇൻസൈഡ് ട്രേഡിംഗ് എന്നറിയപ്പെടുന്ന ഈ ഇടപാട് നിയമവിരുദ്ധമാണ്.

ഹിൻഡൻബർഗ് റിപ്പോർട്ടിനുശേഷം പല രാജ്യങ്ങളും അദാനിയുടെ ഇടപാടുകൾ പരിശോധിക്കാൻ ആരംഭിച്ചിട്ടുണ്ട്. ഫ്രാൻസിലെ ടോട്ടൽ എനർജി അദാനിയുമായി ഉണ്ടാക്കിയിരുന്ന പാർട്ണർഷിപ്പ് തൽക്കാലം മരവിപ്പിച്ചിരിക്കുകയാണ്. ജപ്പാനിൽ നോമുറ ഹോൾഡിംഗ്സ്, സുമിറ്റോമോ, മിറ്റ്സുയിഡിഎസ് തുടങ്ങിയ മ്യൂച്ചൽ ഫണ്ട് കമ്പനികൾ അദാനി ഗ്രൂപ്പുമായുള്ള ഇടപാടുകൾ നിക്ഷേപകരെ അറിയിക്കാൻ തുടങ്ങി. എന്നാൽ ഇന്ത്യാഗവൺമെന്റിനോ ഇവിടെയുള്ള അന്വേഷണ ഏജൻസികൾക്കോ യാതൊരു കുലുക്കവുമില്ല. സിബിഐയോ ഇഡിയോ മറ്റു സ്ഥാപനങ്ങളോ ഇതുവരെ നടപടികളൊന്നും എടുത്തിട്ടില്ല. സെബിയും ആർബിഐയും സദാ ജാഗ്രതയിലാണെന്നാണ് ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ ധനമന്ത്രി പറയുന്നത്. ഈ വമ്പൻ തട്ടിപ്പിന്റെ വിവരങ്ങൾ ഒന്നൊന്നായി പുറത്ത് വന്നുകൊണ്ടിരിക്കുമ്പോൾ ബിജെപി പൊതുവേ മൗനത്തിലാണ്. ഈ ആരോപണങ്ങൾ പുറത്തുവരുന്നത് അവരെ വല്ലാതെ അസ്വസ്ഥമാക്കുന്നുണ്ട്.

ഊഹക്കച്ചവടവും അന്യായ ഇടപാടുകളും നിയമത്തിലെ പഴുതുകളും നിയമവിരുദ്ധമായ രീതികളുമുൾപ്പെടെ സാധ്യമായ എല്ലാ രീതികളും ഉപയോഗിച്ച്, സാധാരണക്കാരെ കൊള്ളയടിക്കാൻ അദാനിക്ക് അവസരമുണ്ടാക്കിക്കൊടുക്കുകയായിരുന്നു സർക്കാർ. ഒരു സാധാരണകള്ളൻ പിടിക്കപ്പെട്ടാൽ ശിക്ഷിക്കപ്പെടും. എന്നാൽ ഇതുപോലെയുള്ള വൻകൊള്ളക്കാർ പടിക്കപ്പെട്ടാലും ഒരു പോറലുമേൽക്കാതെ രക്ഷപ്പെടുന്നു.

> **മോദി അധികാരത്തിലേറിയതിനുശേഷമാണ് അദാനിയുടെ വളർച്ച ത്വരിതഗതിയിലാകുന്നത്. മുന്ദ്രയിൽ ഒരു വലിയ തുറമുഖസമുച്ചയം നിർമ്മിക്കാനുള്ള കരാർ അദാനിക്ക് ലഭിക്കുന്നത് ഇക്കാലത്താണ്. മുന്ദ്രയിലെതന്നെ പ്രത്യേക സാമ്പത്തികമേഖല നിർമ്മിക്കുന്നത് പരിസ്ഥിതി ക്ലിയറൻസ് ഇല്ലാതെയാണ്. മുന്ദ്രയ്ക്കുശേഷം ഗവൺമെന്റ് ഉടമസ്ഥതയിലുള്ള മറ്റ് തുറമുഖങ്ങൾ അദാനിക്ക് സഹായകരമായ വിധത്തിൽ തങ്ങളുടെ നയങ്ങൾ മാറ്റി.**

### അദാനിസാമ്രാജ്യത്തിന്റെ തകർച്ച

അദാനിയുടെ വളർച്ചപോലെ തന്നെ പൊടുന്നനെയാണ് തകർച്ചയും. ആകാശംമുട്ടുന്ന ഓഹരിവിലയുടെ പിൻബലത്തിൽ ഏഷ്യയിലെ ഏറ്റവും വലിയ ധനികനായി വിരാജിക്കവെയാണ് ജനവരി 27ന് തന്റെ 2,00,001 കോടി രൂപയുടെ ഓഹരികൾ പൊതുവിപണിയിൽ വിൽക്കുമെന്ന് അദാനി പ്രഖ്യാപിക്കുന്നത്. എന്നാൽ ജനവരി 24ന് ഹിൻഡൻബർഗ് റിപ്പോർട്ട് പുറത്തുവന്നു. അദാനി ഓഹരികളുടെ മൂല്യം കുത്തനെ ഇടിയാനും തുടങ്ങി. വെറുംമൂന്ന് ദിവസംകൊണ്ട് ഓഹരിവില നേർപകുതിയായി. അദാനിയുടെ നഷ്ടം 9,84,000 കോടി രൂപ ഇന്ത്യയുടെ അടിസ്ഥാനവികസനത്തിനായുള്ള ബജറ്റ് വിഹിതത്തിന് തുല്യമാണ്. ജനവരി 27ന് അദാനിയുടെ ഓഹരികൾ വിപണിയിൽ വന്നപ്പോൾ തണുത്ത പ്രതികരണമാണ് പൊതുജനങ്ങളിൽനിന്നും ലഭിച്ചത്. വെറും അറുനൂറ് കോടിയുടെ ഓഹരികൾ മാത്രമാണ് വിറ്റുപോയത്. എന്നാൽ അപകടം മണത്തറിഞ്ഞ് രംഗത്തെത്തിയ സുഹൃത്തുക്കൾ, മുപ്പതോളം കമ്പനികൾ ചേർന്ന് അവശേഷിച്ച ഓഹരികൾ മുഴുവൻ വാങ്ങി അദാനിയുടെ മുഖം രക്ഷിച്ചു. അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി, എസ്ബിഐ എംപ്ലോയീസ് പെൻഷൻഫണ്ട്, എസ്ബിഐ ലൈഫ്, എൽഐസി, എച്ച്ഡിഎഫ്സിലൈഫ് എന്നിവരെല്ലാം ചേർന്നാണ് അദാനിയെ രക്ഷിച്ചെടുത്തത്. എന്നാൽ ഒരു ദിവസം കഴിഞ്ഞപ്പോൾ അദാനിതന്നെ ഓഹരികളെല്ലാം വിപണിയിൽ നിന്ന് പിൻവലിച്ചു. ഓഹരിവിപണി ഇത്രയും പ്രക്ഷുബ്ധമായിരിക്കുമ്പോൾ തങ്ങളുടെ ഓഹരികൾ വിൽക്കുന്നത് ശരിയല്ല എന്നായിരുന്നു അസാധാരണമായ ഈ നീക്കത്തിന് അദാനി കൊടുത്ത ന്യായീകരണം. ഓഹരിവിപണിയിലുള്ള തങ്ങളുടെ ഓഹരികൾക്ക് വിലയിടിയാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയാണ് ഈ പിന്മാറ്റം എന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഏതായാലും കണക്കിലെ കളികളിലൂടെ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ധനികനായിരുന്ന അദാനി ഒറ്റ രാത്രികൊണ്ട് പതിനാറാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടു.

### അദാനിയുടെ തകർച്ച സാധാരണക്കാരെ ബാധിക്കുന്നതെങ്ങനെ ?

വലിയ മ്യൂച്ചൽ ഫണ്ടുകൾ സാധാരണയായി തങ്ങളുടെ നിക്ഷേപകർക്ക് ലാഭം ഉറപ്പാക്കുന്ന വിധത്തിലാണ് നിക്ഷേപിക്കുക. വളരെ വേഗത്തിൽ വളരുന്ന സ്റ്റോക്കുകളാണ് അവർ വാങ്ങിക്കൂട്ടുക. കൗതുകരമായ കാര്യം ഇത്തരം ഫണ്ടുകൾക്ക് അദാനിഗ്രൂപ്പിൽ കാര്യമായ നിക്ഷേപങ്ങളില്ല എന്നതാണ്. അതിനർത്ഥം ഇത്തരം ഫണ്ടുകളുടെ മാനേജർമാർക്ക് അദാനിയുടെ വളർച്ചയിൽ അത്ര വിശ്വാസമില്ലായിരുന്നു എന്നതന്നെ. അതേസമയം സാധാരണക്കാരുടെ സമ്പാദ്യം കൈകാര്യംചെയ്യുന്ന എസ്ബിഐ, എസ്ബിഐ ലൈഫ്, എൽഐസി തുടങ്ങിയവ വലിയ അളവിൽ അദാനി എന്റർപ്രൈസസിൽ നിക്ഷേപിച്ചിരിക്കുന്നു. മ്യൂച്ചൽ ഫണ്ട് മാനേജർമാർക്ക് തോന്നിയ സംശയങ്ങൾ അവർക്കൊന്നും ഇല്ലാതെ പോയത് എന്തുകൊണ്ട്. 77,000 കോടി രൂപയാണ് ഗൗതം അദാനിയുടെ കമ്പനിയിലെ എൽഐസി നിക്ഷേപത്തിന്റെ മൂല്യം. ഓഹരിവില ഇടിഞ്ഞതോടെ അത് 53,000 കോടി രൂപയായി ചുരുങ്ങിയിരിക്കുന്നു. ഗൗതം അദാനിക്ക് വായ്പ നൽകുന്നതിലും മുൻപിൽ പൊതുമേഖലാബാങ്കുകളാണ്. മൊത്തം വായ്പയുടെ 40 ശതമാനവും എസ്ബിഐ തനിച്ചാണ്. ഗവൺമെന്റിന്റെ ഇടപെടലില്ലാതെ ഇങ്ങനെ സംഭവിക്കുമോ. കാര്യങ്ങൾ നിയന്ത്രിക്കേണ്ട സെബിയുടെയും ആർബിഐയുടെയും കണ്ണുകെട്ടിയത് ആരാണ്. അദാനിയുടെ തകർച്ചയുടെ ഭാരം ചുമക്കാൻപോകുന്നത് പൊതുജനങ്ങളാണ്. ഓഹരിവിപണിയിലുണ്ടായ തകർച്ചയുടെ ഫലമായിമാത്രം സാധാരണനിക്ഷേപകരുടെ നഷ്ടം 4.18ലക്ഷംകോടി രൂപയാണ്.

### ഗവൺമെന്റും മുതലാളിമാരും തമ്മിലുള്ള അവിശുദ്ധബന്ധം

ഇന്ത്യൻ ജനാധിപത്യമെന്നത് കുത്തകമുതലാളിമാർക്കുവേണ്ടി കുത്തകമുതലാളിമാരാൽ തെരഞ്ഞെടുക്കപ്പെടുന്ന കുത്തകമുതലാളിമാരുടെ ഭരണമാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് അദാനി സംഭവം. അഴിമതി, ചതി, തട്ടിപ്പുകൾ-ഇവയെല്ലാം ഇന്ന് മരണാസന്ന മുതലാളിത്തത്തിന്റെ മുഖമുദ്രയാണ്. മുതലാളിത്തത്തിന് ദാസ്യവേല ചെയ്യുന്ന, മുതലാളിവർഗ്ഗ താൽപര്യങ്ങൾ പേറുന്ന രാഷ്ട്രീയ പാർട്ടികൾക്ക്, അത് കോൺഗ്രസ്സോ ബിജെപിയോ ആകട്ടെ ഈ അഴിമതിക്കും കുറ്റകൃത്യങ്ങൾക്കുംകൂട്ടുനിൽക്കാതെ മാറിനിൽക്കാനാകില്ല. കുത്തകമുതലാളിമാർ പരമാവധി ലാഭം കൊയ്യാൻവേണ്ടി തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് പെരുമാറുന്ന ഗവൺമെന്റുകളെ അധികാരത്തിലേറ്റും. തീർച്ചയായും ഇക്കൂട്ടർ മുതലാളിമാരുടെ പണം കൈപ്പറ്റുന്നവരും ആയിരിക്കും. അതുകൊണ്ടാണ് എത്രയൊക്കെ അഴിമതികളും തട്ടിപ്പുകളും പുറത്തുവന്നാലും ഒരാൾക്കും ഒരു പോറലുപോലുമേൽക്കാത്തതും.

വാസ്തവം പറഞ്ഞാൽ, ഭരിക്കുന്ന കക്ഷിയും മുതലാളിമാരും തമ്മിലുള്ള അവിശുദ്ധബന്ധം കാലങ്ങളായി നിലനിന്നുപോരുന്നതാണ്. കോൺഗ്രസ്സും തന്നെ സഹായിച്ചിരുന്നുവെന്ന് അദാനി പറഞ്ഞിട്ടുള്ളതാണ്. പ്രണബ് മുഖർജി ധനമന്ത്രിയായിരുന്നപ്പോൾ അംബാനിമാരെ വഴിവിട്ട് സഹായിച്ചിരുന്നതായി ആരോപണമുയർന്നിരുന്നു. അക്കാലത്ത് അംബാനിയുടെ പിന്തുണ കോൺഗ്രസ്സിനായിരുന്നു. പിന്നീട് അഴിമതിയിൽമുങ്ങി കോൺഗ്രസിന് വിശ്വാസ്യത നഷ്ടപ്പെട്ടപ്പോൾ അംബാനിയും ബിജെപിയിലേയ്ക്ക് ചാഞ്ഞു. ബിജെപി ഗവൺമെന്റിന്റെ റാഫേൽ കരാർ അംബാനിമാരെ സഹായിക്കുന്ന തരത്തിലുള്ളതായിരുന്നു. ഫ്രഞ്ച് കമ്പനിയായ ദസാൾട്ടിൽനിന്നും വിപണിവിലയെക്കാൾ വളരെ കൂടിയ നിരക്കിൽ റാഫേൽ വിമാനങ്ങൾ വാങ്ങാനുള്ള കരാറാണ് ഇത്. അതിനായുള്ള 30,000 കോടിരൂപ ദസാൾട്ട്-റിലയൻസ് എയറോസ്പേസ് എന്ന കമ്പനിയിലാണ് നിക്ഷേപിക്കുക. ദസാൾട്ടിൽനിന്നും റിലയൻസിൽനിന്നും 49:51 അനുപാതത്തിലാണ് ഈ പുതിയ കമ്പനിയിലെ ഷെയർ. അനിൽ അംബാനിയുടെ കമ്പനികളെല്ലാം നഷ്ടത്തിലോടുന്ന സമ

(ശേഷം 7-ാം പേജിൽ)

# അദാനിയുടെ വളർച്ചയ്ക്കായി മോദിയുടെ മാതൃകയിൽ എൽഡിഎഫ് സർക്കാരും

**അദാനി വളർച്ചയും തകർച്ചയും**

(6-ാം പേജിൽ നിന്ന്)

യത്താണ് പ്രതിരോധ മേഖലയിലോ വ്യോമയാനമേഖലയിലോ യാതൊരു മുൻപരിചയവുമില്ലാത്ത റിലയൻസിന് ഗവൺമെന്റ് ഈ കരാർ നൽകുന്നത്-അതും പൊതുമേഖലയിലുള്ള ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിനെ അവഗണിച്ചുകൊണ്ട്. ഈ കരാർ ലഭിക്കുമ്പോൾ റിലയൻസ് ആകെ ചെയ്തിട്ടുള്ളത് അത്തരമൊരു കമ്പനിക്കുവേണ്ടി സ്ഥലമെടുക്കുക മാത്രമാണ്. അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ 18,000 കോടി അദാനിക്ക് അംബാനി നൽകി എന്നതാണ് രസകരമായ മറ്റൊരു സംഗതി.

ഗവൺമെന്റും സ്വകാര്യകമ്പനികളും തമ്മിൽ പ്രതിരോധ ഇടപാടുകളിൽ ഒരു അവിശുദ്ധ സഖ്യം എല്ലാ മുതലാളിത്ത രാജ്യങ്ങളിലും ഇന്ന് കാണാൻ കഴിയും. യുക്രൈൻ യുദ്ധം ഈ അവസരത്തിൽ എല്ലാവർക്കും ചാകരയായി വന്നുഭവിച്ചിരിക്കുകയാണ്. യുക്രൈൻ ആയുധപ്പുര നിറയ്ക്കാൻ പെന്റഗൺ 950 മില്യൺ ഡോളറിന്റെ കരാർ ലോക്ഹീഡ് മാർട്ടിൻ എന്ന സ്വകാര്യ കമ്പനിക്കാണ് നൽകിയിരിക്കുന്നത്. രണ്ട് ബില്യൺ ഡോളറിന്റെ മറ്റൊരു കരാർ റേനിയോൺ ടെക്നോളജീസ് എന്ന സ്വകാര്യ കമ്പനിക്ക് ലഭിച്ചിരിക്കുന്നു. പ്രതിരോധ കരാറുകൾ സ്വകാര്യകമ്പനിക്ക് നൽകാൻ സൗകര്യപ്പെടും വിധം ദേശീയ സുരക്ഷാ നിയമങ്ങൾ 1998ൽതന്നെ യുകെ മാറ്റി. ഫ്രാൻസിലാകട്ടെ ദസാൽട്ട് ഏവിയേഷൻ, എംബിഡിഎ, നെക്സ്റ്റർ, എയർബസ്, നേവൽഗ്രൂപ്പ്, സഫ്രൻ ആന്റ് തെയ്ൽസ് എന്നീ ഫ്രഞ്ച് കമ്പനികളാണ് സ്വകാര്യകരാറുകളെല്ലാം നേടുന്നത്. യുക്രൈൻ അധിനിവേശത്തിന്റെ പശ്ചാത്തലത്തിൽ പട്ടാളച്ചെലവ് അതിഭീമമായി വർദ്ധിപ്പിക്കാൻ ജർമ്മനി തീരുമാനിച്ചതോടെ റ്റികെഎംഎസ്(Thyssenkrup Marine System) എന്ന ജർമ്മൻ കമ്പനിയുടെ മൂല്യം കുത്തനെ വർദ്ധിച്ചു. മുതലാളിത്ത ഭരണകൂടങ്ങളും സ്വകാര്യകമ്പനികളും തമ്മിലുള്ള ആഴമേറിയ ബന്ധത്തിന്റെ ഉദാഹരണങ്ങളാണ് ഇവയൊക്കെ. യുദ്ധംമൂലം സാധാരണ മനുഷ്യർ വിവരണാതീതമായ കഷ്ടപ്പാടുകളിലൂടെ കടന്നുപോകുമ്പോൾ ഉറ്റവരും ഉടയവരും കൊല്ലപ്പെടുമ്പോൾ, സാമ്രാജ്യത്വമുതലാളിത്ത ഗവൺമെന്റുകളുടെ ഒത്താശയോടെ സ്വകാര്യമുതലാളിമാർ വൻലാഭം കൊയ്യുകയാണ്.

ഈ സാഹചര്യത്തിൽ അഴിമതിയുടെ കറപുരളാതെ പ്രവർത്തിക്കാൻ ആർക്കാണ് കഴിയുക. ഈ ദുഷിച്ച അവസ്ഥയുടെ മൂലകാരണമായ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയ്ക്കെതിരെ ബോധപൂർവം സമരത്തിലേർപ്പെടുന്നവർക്കുമാത്രമേ മുതലാളിത്തത്തിന്റെ അഴിമതിയുടെയുംമറ്റ് കുറ്റകൃത്യങ്ങളുടെയും പങ്കുപറ്റാതിരിക്കാൻ സാധിക്കുകയുള്ളൂ. മുതലാളിത്തത്തിനും അഴിമതിക്കുമെതിരെ നാം ഉണരേണ്ടിയിരിക്കുന്നു. വോട്ടുബാങ്ക് ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ഒരിക്കലും അഴിമതിക്കെതിരല്ല. എങ്ങനെയെങ്കിലും മുതലാളിത്ത ഭരണത്തിൽ പങ്കുചേരുക എന്നതാണ് അവരുടെ ലക്ഷ്യം. എല്ലാ ദുഷ്പ്രവണതകൾക്കും പിറകിൽ മുതലാളിത്തമാണ് എന്ന് തുറന്നുകാട്ടാൻ അതിനാൽത്തന്നെ അവർ വിമുഖരാണ്. മോഹനവാഗ്ദാനങ്ങൾ നൽകി ജനങ്ങളെ കബളിപ്പിക്കുകയോ വാചാടോപംകൊണ്ട് കണ്ണുകെട്ടുകയോ ചെയ്യും.

മുതലാളിത്തം ജീർണിച്ച് മരണാസന്നമായിരിക്കുന്ന ഈ കാലത്ത് അദാനിയെപ്പോലെയുള്ള സാമ്പത്തിക കുറ്റവാളികൾക്ക് ഒരു പോറൽപോലുമേൽക്കാൻ പോകുന്നില്ല. ഒരന്വേഷണവും സത്യം പുറത്തുകൊണ്ടുവരാൻ പോകുന്നില്ല. അഴിമതിക്കും കുറ്റകൃത്യങ്ങൾക്കും എതിരായ പ്രബുദ്ധവും പ്രക്ഷുബ്ധവുമായ ഒരു ജനാധിപത്യ അന്തരീക്ഷത്തിൽ മാത്രമേ ഇവർക്ക് തടയിടാനോ അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനോ നമുക്ക് സാധിക്കുകയുള്ളൂ. അതില്ലാത്തിടത്തോളം അന്വേഷണ ഏജൻസികളും നീതിപീഠംപോലും നിസ്സഹായരാണ്. ജനാധിപത്യബോധമുള്ള എല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ടുവരണം. എതിർപ്പിന്റെ ശബ്ദമുയർത്തണം. അത്തരം സ്വരങ്ങൾക്ക് കരുത്തുപകരണം. ഒറ്റയായും കൂട്ടായും പ്രതിഷേധങ്ങൾ സംഘടിപ്പിക്കണം. ഉയർന്ന നീതിബോധത്തിലും സംസ്കാരത്തിലും അധിഷ്ഠിതമായ നിരന്തരവും കരുത്തുറ്റതുമായ പ്രക്ഷോഭങ്ങളുടെ വേലിയേറ്റംവഴി മാത്രമേ പ്രബുദ്ധമായ ഒരു ജനാധിപത്യ അന്തരീക്ഷം രാജ്യത്ത് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ.

ശരിയായ ഒരു വിപ്ലവപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇത്തരം പ്രക്ഷോഭങ്ങൾ വളർന്നുവരേണ്ടതുണ്ട്. ജനരോഷം മുതലാക്കാൻ ബൂർഷ്വാ പ്രസ്ഥാനങ്ങളും പലപ്പോഴും ജനാധിപത്യ പ്രക്ഷോഭത്തിന്റെ പാതയിൽ വരാറുണ്ട്. എന്നാൽ ഇവർ ആത്യന്തികമായി ജനങ്ങളെ വഞ്ചിക്കുകയേ ഉള്ളുവെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. മുതലാളിത്തവിരുദ്ധ രാഷ്ട്രീയം പേറുന്ന വിപ്ലവപ്രസ്ഥാനങ്ങൾക്കു മാത്രമേ ഈ സമരം അതിന്റെ ന്യായമായ പരിണതിയിൽ എത്തിക്കാൻ കഴിയൂ. അത്തരമൊരു നേതൃത്വത്തിൻകീഴിൽ ജീവിതത്തിന്റെ സമസ്തമേഖലയിലും വളർത്തിയെടുക്കുന്ന കരുത്തുറ്റ ജനാധിപത്യപ്രക്ഷോഭങ്ങൾ മാത്രമേ അഴിമതിക്കെതിരെ ഒരു തടയണയായി നിൽക്കുകയുള്ളൂ. അതില്ലാത്തിടത്തോളംകാലം അദാനിമാർ കരുത്തരായി വിലസും. അടിച്ചമർത്തലും ചൂഷണവും അഭംഗുരം തുടരും. അദാനി അംബാനിമാരുടെ കിങ്കരന്മാർ ജനങ്ങളെ ചവിട്ടിമെതിക്കും. നമുക്ക് മുന്നിൽ രണ്ടു വഴികളേ ഉള്ളൂ. ഒന്നുകിൽ ഈ ഫാസിസ്റ്റ് ദുർഭരണത്തിൽ ഞെരിഞ്ഞമരണം. അല്ലെങ്കിൽ അന്തസ്സോടെ സ്വാതന്ത്ര്യത്തിനും മാനവപുരോഗതിക്കുംവേണ്ടി വീറോടെ പൊരുതണം.

**അദാനി തിരിച്ചടവ് മുടക്കിയാൽ ഓഹരിവിപണി മാത്രമല്ല, ഇന്ത്യൻ സമ്പദ്ഘടനതന്നെ പിടിച്ചുലയ്ക്കപ്പെടും. ആത്യന്തികമായി വിലകൊടുക്കേണ്ടിവരുന്നത് നികുതിദായകരാണ്. എൽഐസിയും പൊതുമേഖലാ ബാങ്കുകളുമാണ് അദാനിക്കുവേണ്ടി പണമിറക്കിയിരിക്കുന്നത്. അതെല്ലാം സാധാരണക്കാരിൽനിന്നും പിരിച്ചെടുത്തിരിക്കുന്ന പണമാണ്. സമ്പദ്ഘടനയുടെ പരിക്ക് കുറയ്ക്കാൻ ഗവൺമെന്റിന് പൊതുഖജനാവിൽനിന്നുള്ള പണമിറക്കേണ്ടിയുംവരും.**

## അദാനി – വെളിവാകുന്നത് കപട ഇടതുപക്ഷത്തിന്റെ ഇരട്ടമുഖം

ഹിൻഡൻബർഗ് റിപ്പോർട്ടിലൂടെ വിശ്വാസ്യത നഷ്ടമായി, തട്ടിപ്പുകാരുടെ മേലങ്കിയുമണിഞ്ഞ് അദാനി പൊതുമധ്യത്തിൽ നിൽക്കുന്ന അവസരത്തിൽപോലും, അവർക്കായി സഹായം വാരിക്കോരി നൽകി തങ്ങളുടെ വിധേയത്വം വ്യക്തമാക്കിയിരിക്കുകയാണ് കേരളസർക്കാർ. കേരളത്തിലെ ജനങ്ങളുടെ മേൽ സെസ്സായും നികുതി-ചാർജ്ജ് വർദ്ധനവുകളായുമൊക്കെ വൻഭാരം അടിച്ചേൽപ്പിക്കുകയും, കെഎസ്ആർടിസിയെ രക്ഷിക്കാനോ, ജനങ്ങൾക്ക് അത്യാവശ്യമായ ക്ഷേമപദ്ധതികൾ നടപ്പാക്കാനോ തൊഴിലിനു കൂലി കൊടുക്കാനോ പണമില്ലെന്നു വിലപിക്കുന്ന കേരളത്തിന്റെ ധനമന്ത്രി, തിരുവനന്തപുരത്ത് അദാനിക്കുവേണ്ടി മാത്രം നിർമ്മിച്ചുകൊടുക്കുന്ന റിങ്ങ് റോഡിനും വ്യവസായ ഇടനാഴിക്കുമായി 1000 കോടി രൂപ ബജറ്റിൽ മാറ്റിവെച്ചിരിക്കുന്നു. 1000 ദിവസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുമെന്നും ഇല്ലെങ്കിൽ പ്രതിദിനം സർക്കാരിന് നഷ്ടപരിഹാരം നൽകുമെന്നും കരാറുണ്ടാക്കി തുറമുഖനിർമ്മാണം സ്വന്തമാക്കിയ അദാനി കരാർവ്യവസ്ഥകൾ പലതവണ ലംഘിച്ചിട്ടും, ഇളവുകൾ നൽകി തണലേകുകയാണ് പിണറായി വിജയൻ സർക്കാർ. 2019ൽ നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതി 2023ലും പണിയുടെ പകുതി പോലുമെത്തിയിട്ടില്ല. ഓഖി, പ്രളയം, പാറയുടെ ദൗർലഭ്യം നിർമ്മാണം മൂലം ജീവിതം ദുസ്സഹമായ മത്സ്യത്തൊഴിലാളികളുടെ സമരം തുടങ്ങി ആകാശത്തുകൂടി പറന്നുപോകുന്ന കാക്കയെവരെ കുറ്റപ്പെടുത്തി, മുട്ടുന്യായങ്ങൾ പറഞ്ഞ് അദാനി കമ്പനി മുന്നോട്ടുപോകുകയാണ്. എന്നിട്ടും കരാർവ്യവസ്ഥകൾ ലംഘിച്ച അദാനിക്കെതിരെ നടപടിയെടുക്കുകയല്ല, വീണ്ടും വാരിക്കോരി പൊതുപണം അദാനിയുടെ കീശയിലേയ്ക്ക് ഒഴുക്കുകയാണ് കേരള സർക്കാർ. ജനങ്ങൾക്ക് ഇരുട്ടടിയായി പെട്രോളിനും ഡീസലിനും അധികസെസ്സ് ഏർപ്പെടുത്തി പിഴിഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത് 900 കോടിയാണെന്നിരിക്കെ, അദാനിക്കായി മാറ്റിവെച്ച 1000 കോടിയുടെ ഭാരം ആരാണ് വഹിക്കുന്നതെന്ന് വ്യക്തമാണ്. അദാനി ഗ്രൂപ്പിന്റെ തനിനിറം തെളിവുകൾസഹിതംപുറത്തുവരികയും, അദാനിക്കെതിരെ സിപിഐ(എം)ന്റെ കേന്ദ്രനേതൃത്വം ശബ്ദമുയർത്തുകയും ചെയ്യുമ്പോഴാണ് രാജ്യത്തെ അവരുടെ ഒരേയൊരു സർക്കാർ ഇത്ര നഗ്നമായി അദാനിക്ക് ഒത്താശ ചെയ്യുന്നത്.

കേരള സർക്കാരിനും ജനങ്ങൾക്കും തീർത്തും വിരുദ്ധമായ, കടുത്ത അഴിമതിയാണ് വിഴിഞ്ഞം തുറമുഖകരാർ. യുഡിഎഫ് സർക്കാരിന്റെ കാലത്ത് തീരുമാനമായ ഈ കരാർ തെരഞ്ഞെടുപ്പിലെ വാഗ്ദാനങ്ങൾ മറന്ന് യാതൊരു ഉളുപ്പുമില്ലാതെ തുടരുകയായിരുന്നു പിണറായി വിജയന്റെ സർക്കാരും. കേരളത്തിന് തീർത്തും വിരുദ്ധമായ വ്യവസ്ഥകളും അദാനിക്ക് അനർഹമായ ആനുകൂല്യം നൽകുന്നതുമാണ് പദ്ധതിയെന്ന് സിഎജി അടക്കം റിപ്പോർട്ട് നൽകിയിട്ടും അദാനിയെ പരസ്യമായി പിന്തുണച്ച് മുന്നോട്ടു പോവുകയാണ് സർക്കാർ. അശാസ്ത്രീയമായ തുറമുഖനിർമ്മാണം തിരുവനന്തപുരത്തിന്റെ തീരത്ത് ദുരിതം വിതച്ചു തുടങ്ങിയപ്പോൾ നിവൃത്തിയില്ലാതെ മത്സ്യത്തൊഴിലാളികൾക്ക് സമരത്തിനിറങ്ങേണ്ടിവന്നു. അദാനിക്കെതിരെ മത്സ്യത്തൊഴിലാളികൾ സമരത്തിനിറങ്ങിയപ്പോൾ അതിനോട് സർക്കാരും സിപിഐ(എം)ഉം സ്വീകരിച്ച നിലപാട് കേരളം കണ്ടതാണ്. തൊഴിലാളികൾക്കൊപ്പമല്ല, എല്ലാ കരാർവ്യവസ്ഥയും ലംഘിച്ച അദാനി എന്ന കോർപ്പറേറ്റ് മുതലാളിക്കു വേണ്ടിയാണ് പരസ്യമായി പിണറായി സർക്കാർ നിലകൊണ്ടത്.

തൊഴിലാളിസമരത്തിന് നേതൃത്വം നൽകിയത് ലത്തീൻ കത്തോലിക്കാ സഭയായിരുന്നു എന്നതിന്റെ പേരിൽ സമരത്തിനെതിരെ വർഗീയത ഇളക്കിവിട്ട് എതിർസമരം സംഘടിപ്പിച്ച ബിജെപിക്കും ആർഎസ്എസ്സിനും എല്ലാ സഹായവും ചെയ്തുകൊടുത്തത് സർക്കാരും പൊലീസും സിപിഐ(എം)ഉം ആയിരുന്നു. മത്സ്യത്തൊഴിലാളികളുടെ സമരത്തിനെതിരെ സംയുക്തസമരവുമായി സെക്രട്ടേറിയറ്റിനു മുന്നിൽ തോളോടുതോൾ ചേർന്നു നിന്ന സിപിഐ(എം) ജില്ലാ സെക്രട്ടറിയുടെയും ബിജെപി ജില്ലാ പ്രസിഡന്റിന്റെയും ചിത്രം കേരളത്തിലെ തൊഴിലാളിവർഗം മറക്കരുത്. തങ്ങളുടെ യഥാർത്ഥ വർഗവിധേയത്വം ആരോടാണെന്ന് സിപിഐ(എം) നേതൃത്വം പരസ്യമായി പ്രഖ്യാപിച്ച കാഴ്ച്ചയായിരുന്നു അത്. വികസനം തടസ്സപ്പെടുത്തുന്നതിനെതിരെയുള്ള സമരമായിരുന്നു അതെന്നായിരുന്നു വിശദീകരണം. എന്നാൽ, ആരുടെ വികസനത്തിനായാണ് ഇവർ പരിശ്രമിക്കുന്നതെന്നത് കൂടിയാണ് ഹിൻഡൻബർഗ് റിപ്പോർട്ട് പുറത്തുകൊണ്ടുവരുന്നത്. പ്രളയവും ഉരുൾപൊട്ടലും മണ്ണിടിച്ചിലും പോലെ പ്രകൃതി ചൂഷണത്തിന്റെ കെടുതികൾ ഏറ്റുവാങ്ങിത്തുടങ്ങിയ കേരളത്തിന്റെ അവശേഷിക്കുന്ന മലകൾ കൂടി വിഴിഞ്ഞത്തിന്റെ പേരിൽ ഇടിച്ചുനിരത്താൻ അദാനിക്കു കൈമാറിത്തുടങ്ങി. ഇതുണ്ടാക്കുന്ന പാരിസ്ഥിതികവിപത്ത് കേരളത്തിന്റെ മലയോരപ്രദേശങ്ങൾ മാത്രമല്ല ഏറ്റുവാങ്ങേണ്ടിവരിക. യാതൊരു പഠനവുമില്ലാതെ നഗ്നമായ കോർപ്പറേറ്റ് ദാസ്യമാണ് ഇതിലും സർക്കാർ കാണിക്കുന്നത്. ഏറ്റവുമൊടുവിൽ, വിഴിഞ്ഞത്ത്, 30% മാത്രം പൂർത്തിയായ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായി അദാനിക്കു നൽകാൻ കേരളസർക്കാർ അടിയന്തിരമായി 400 കോടി രൂപ വായ്പയെടുക്കുന്നതായ വാർത്തയും നമ്മൾ കേട്ടു. കരാർവ്യവസ്ഥ ലംഘിച്ച് നഷ്ടപരിഹാരം നൽകേണ്ട അവസ്ഥയിൽനിന്ന രക്ഷപെടുത്തിക്കൊടുക്കുന്ന വിധേയത്വം മാറ്റിവെച്ചാലും, ഇപ്പോഴുണ്ടായ വിവാദത്തിൽ സാമ്പത്തികഅടിത്തറയടക്കം ഇളകി ഭാവിതന്നെ അനിശ്ചിതത്വത്തിലായ ഈ കോർപ്പറേറ്റ് ഭീമനുവേണ്ടി വീണ്ടും കടമെടുത്ത് പണം ചൊരിയുന്നതിന്റെ യുക്തിയെന്താണ്, അന്ധമായ മുതലാളിവർഗ വിധേയത്വമല്ലാതെ? അദാനിയുമായി ഉണ്ടാക്കിയ കരാർ പാലിക്കാനുള്ള സർക്കാരിന്റെ ബാധ്യതയെക്കുറിച്ച് പറഞ്ഞാണ് നിങ്ങൾ ന്യായീകരിക്കുന്നതെങ്കിൽ, മൂലമ്പിള്ളിയിലും

(ശേഷം 8-ാം പേജിൽ)

# ഇന്ത്യൻ സമ്പദ്ഘടനയുടെ തകർച്ച മറച്ചുവെച്ചുകൊണ്ട് സാമ്പത്തിക വളർച്ചയെക്കുറിച്ച് ഐഎംഎഫ് പ്രകീർത്തിക്കുന്നത് ആർക്കുവേണ്ടി ?

**ആഗോള സാമ്പത്തികമാന്ദ്യത്തെക്കുറിച്ചുള്ള ഭീതികൾക്കിടയിലും ഇന്ത്യയുടെ സമ്പദ്ഘടനയെ പ്രശംസകൾകൊണ്ട് മൂടുകയാണ് അന്താരാഷ്ട്ര നാണയനിധി. ഐഎംഎഫിന്റെ ഡപ്യൂട്ടി മാനേജിങ് ഡയറക്ടർ അന്റോണിയെ സായെ പറയുന്നത്, ലോക സമ്പദ്‌വ്യവസ്ഥയിലെ താരതമ്യേന തിളങ്ങുന്ന ബിന്ദുവാണ് ഇന്ത്യ എന്നാണ്. മറ്റ് സമ്പദ്ഘടനകളെക്കാൾ വേഗത്തിലാണ് ഇന്ത്യ വളരുന്നതെന്നാണ് ഐഎംഎഫിന്റെ അഭിപ്രായം. വസ്തുതയെന്താണ്?**



**2023** ജനുവരി ആറിന്റെ ഹിന്ദുസ്ഥാൻ ടൈംസ്, 2022 ഏപ്രിലിനും സെപ്റ്റംബറിനും മധ്യേ ചൈനയുടെ വളർച്ചാനിരക്ക് 2.2% ആയിരുന്നപ്പോൾ ഇന്ത്യയുടേത് 9.7 ശതമാനമായിരുന്നുവെന്നും 2023 മാർച്ചിൽ അവസാനിക്കുന്ന നിലവിലെ സാമ്പത്തികവർഷത്തിൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ 6.7% വളരുമെന്ന് ഐഎംഎഫ് പ്രതീക്ഷിക്കുന്നതായും റിപ്പോർട്ട് ചെയ്യുന്നു. ഇത് സൂചകമാക്കിക്കൊണ്ട് കഴിഞ്ഞ ജനുവരി 11ന് മധ്യപ്രദേശിൽ നടന്ന ഒരു ആഗോള നിക്ഷേപക സംഗമത്തിൽ, ഇന്ത്യയുടെ സമ്പദ്ഘടനയുടെ മാക്രോഎക്കണോമിക് അടിത്തറ ശക്തമാണെന്നും, ജി-20 കൂട്ടായ്മയിലെ രാജ്യങ്ങളിൽ ഇന്ത്യ ഏറ്റവും വേഗത്തിൽ വളരുന്നതാകുമെന്ന് പ്രതീക്ഷിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി അവകാശപ്പെട്ടു. പ്രധാനമന്ത്രി പറഞ്ഞു, "നമ്മൾ ഇന്ത്യാക്കാർ മാത്രമല്ല, ലോകത്തെ എല്ലാ സ്ഥാപനങ്ങളും വിദഗ്ധരും ഇക്കാര്യത്തിൽ വിശ്വാസമുള്ളവരാണെന്ന് കാണാം... അന്താരാഷ്ട്ര നാണയനിധി ഇന്ത്യയെ ആഗോള സമ്പദ് വ്യവസ്ഥയിലെ പ്രകാശബിന്ദുവായാണ് കാണുന്നത്..." (ഹിന്ദുസ്ഥാൻ ടൈംസ്, 11.01.23)

2019ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇന്ത്യ 2024-25 ഓടെ അഞ്ചു ലക്ഷം കോടി ഡോളറിന്റെ സമ്പദ്ഘടനയാകുമെന്ന് സ്വപ്നം കണ്ടത് പ്രസിദ്ധമാണ്. അന്നുതൊട്ട് പല കേന്ദ്രമന്ത്രിമാരും മറ്റുള്ളവരും ഇതേപോലെയോ, ഇതിനെ കൂടുതൽ മഹത്വവൽക്കരിച്ചോ സംസാരിച്ചിട്ടുണ്ട്. 2022 ഏപ്രിലിൽ കേന്ദ്ര ധനകാര്യ മന്ത്രാലയം ഒരു പ്രസ്താവനയിൽ പറഞ്ഞത് "ഇന്ത്യ അഞ്ചുലക്ഷം കോടി ഡോളറിന്റെ സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള യാത്രയിലാണെന്നാണ്". പക്ഷേ, എന്ന് എന്നവർ പറഞ്ഞില്ല. കഴിഞ്ഞ വർഷം ഡിസംബറിൽ വിദേശകാര്യമന്ത്രി എസ്.ജയശങ്കർ പറഞ്ഞത്, 2025 ഓടെ ഇന്ത്യ അഞ്ചു ലക്ഷം കോടി ഡോളറിന്റെ സമ്പദ്ഘടനയാകുമെന്നു മാത്രമല്ല, ഒരു സുപ്രധാന മാനുഫാക്ചറിങ് ഹബ് കൂടിയാകുമെന്നാണ്. സെന്റർ ഫോർ എക്കണോമിക്സ് ആൻഡ് ബിസിനസ് റിസർച്ച്, പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പ്രവചിക്കുന്നത്, ജിഡിപിയുടെ വളർച്ചാനിരക്ക് കണക്കിലെടുക്കുമ്പോൾ 2035 ഓടെ 10 ലക്ഷം കോടി ഡോളറിന്റെ സമ്പദ്ഘടനയായി ഇന്ത്യ മാറുമെന്നാണ്. ഈ വർഷത്തിന്റെ തുടക്കത്തിൽ, പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക കൗൺസിലിന്റെ ചെയർമാൻ ബിബേക് ദെബ്രോയി പറഞ്ഞത്, 2047ഓടെ ഇന്ത്യയുടെ സമ്പദ്ഘടന 20 ലക്ഷം കോടി ഡോളറിന് അടുത്തെത്തുമെന്നാണ്.

## പ്രധാനമന്ത്രിയുടെ ശുഭാപ്തിവിശ്വാസത്തെ പിന്തുണയ്ക്കുന്നതാര്?

ഈ പ്രകാശബിന്ദു ആർക്കു

(ശേഷം 9-ാം പേജിൽ)

---

## അദാനി
### വളർച്ചയും തകർച്ചയും

(7-ാം പേജിൽ നിന്ന്)

ചെങ്ങറയിലുമൊക്കെയും കരാറുകൾ പാലിക്കാൻ ബാക്കിനിൽക്കുന്നതു കൂടി ഞങ്ങളൊന്ന് ഓർമ്മിപ്പിക്കുകയാണ്. കൂടാതെ, വിഴിഞ്ഞത്തോടു ചേർന്ന് 60,000 കോടിയുടെ പൊതു-സ്വകാര്യ പങ്കാളിത്തത്തിലുള്ള വ്യവസായ ഇടനാഴി പദ്ധതികൂടി പ്രഖ്യാപിച്ച് അദാനിയിലുള്ള തങ്ങളുടെ വിധേയത്വം വിളംബരം ചെയ്ത് പ്രതിസന്ധിയിൽ അവർക്ക് കൈത്താങ്ങായിരിക്കുകയാണ് കേരള സർക്കാർ. യോഗി ആദിത്യനാഥ് എന്ന ബിജെപി മുഖ്യമന്ത്രി പോലും യുപിയിൽ നടന്ന നിക്ഷേപകസംഗമത്തിൽ, ബിജെപിയുടെ ഏറ്റവും വലിയ പിന്തുണയായിട്ടും അദാനിയെ മാറ്റിനിർത്തിയപ്പോഴാണ് ഇവിടെ കേരളത്തിൽ സിപിഐ(എം)സർക്കാരിന്റെ ഇരട്ടത്താപ്പ്.

കേരളത്തിലെ എൽഡിഎഫ് സർക്കാർ അദാനിക്കു നൽകുന്ന പിന്തുണ വിഴിഞ്ഞത്തിൽ മാത്രം ഒതുങ്ങുന്നതല്ല. നരേന്ദ്രമോദിയുടേയും ബിജെപിയുടേയും ഏറ്റവുമടുത്ത സുഹൃത്തും ഇന്ത്യയിലും പുറത്തും ഏറ്റവും കുപ്രസിദ്ധനുമായ ഗൗതം അദാനിയെന്ന മുതലാളിക്കായി ഏറ്റവുമധികം സഹായങ്ങൾ ചെയ്തുകൊടുക്കുന്നവരിൽ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളോട് മത്സരിക്കുകയാണ് കേരളത്തിലെ പിണറായി സർക്കാരും. തിരുവനന്തപുരത്തെ അന്താരാഷ്ട്ര വിമാനത്താവളം അദാനി സ്വന്തമാക്കിയതെങ്ങനെയാണ്? വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നതിനെ രാഷ്ട്രീയമായും നിയമപരമായും നേരിടാനല്ല പിണറായി വിജയൻ സർക്കാർ ശ്രമിച്ചത്. പൊതുമേഖലയിൽ പടുത്തുയർത്തിയ വിമാനത്താവളങ്ങൾ സ്വകാര്യകുത്തകകൾക്ക് കൈമാറുന്ന അത്യന്തം തൊഴിലാളിവിരുദ്ധവും ജനവിരുദ്ധവുമായ കേന്ദ്ര സർക്കാർ നടപടിയെ തുറന്നുകാട്ടി അതിനെതിരെ നിലകൊള്ളുന്നതായിരുന്നു യഥാർത്ഥ ഇടതുപക്ഷ നിലപാട്. എന്നാൽ കേരളത്തിലെ പിണറായി സർക്കാരാകട്ടെ, വിൽപ്പനയെ തത്ത്വത്തിൽ അംഗീകരിച്ചുകൊണ്ട്, കേരള സർക്കാരിന്റെ ഏജൻസിയെ ലേലത്തിൽ പങ്കെടുപ്പിക്കുകയാണ് ചെയ്തത്. എന്നിട്ട്, ലേലത്തിൽ കൂടുതൽ തുക പറഞ്ഞ അദാനിക്ക് ലേലം ഉറപ്പിച്ചപ്പോൾ കേസിനു പോയി. ലേലത്തിൽ സർക്കാർ പങ്കെടുത്തു എന്നതുകൊണ്ടുതന്നെ കേസിൽ സർക്കാരിന് അടിത്തറ നഷ്ടമാകുമെന്ന് സാമാന്യബോധമുള്ളവർക്കെല്ലാം അറിയാവുന്ന കാര്യമാണ്. അങ്ങനെ കേസിൽ പരാജയപ്പെട്ട് അദാനിക്ക് വിമാനത്താവളം കൈമാറുന്നതിന് നിയമപരമായ പ്രാബല്യവും നേടിക്കൊടുത്തു. ഇവിടെയാണ് നമ്മൾ അറിയേണ്ടത്, ഈ ലേലത്തിൽ കേരളത്തിനായി പങ്കെടുത്ത കെഎസ്ഐഡിസിക്ക് ലേലവുമായി ബന്ധപ്പെട്ട നിയമോപദേശം, 55,39,522 രൂപ കൈപ്പറ്റി നൽകിയത് സിറിൽ അമർചന്ദ് മംഗൾദാസ് എന്ന നിയമസ്ഥാപനമാണ്. ഇതിന്റെ മാനേജിങ് പാർട്ണറായ സിറിൽ ഷ്റോഫ്, ഗൗതം അദാനിയുടെ മകനും അദാനി പോർട്സ് എന്ന, വിഴിഞ്ഞം തുറമുഖത്തിന്റെ നടത്തിപ്പവകാശം നേടിയ കമ്പനിയുടെ സിഇഒയുമായ കരൺ അദാനിയുടെ ഭാര്യാപിതാവാണ്. ഇപ്പോൾ ഹിൻഡൻബർഗ് റിപ്പോർട്ടിലൂടെ, അദാനിയുടെ ഓഹരിത്തട്ടിപ്പുകൾ പുറത്തുവരുമ്പോൾ മുഖം നഷ്ടപ്പെട്ടിരിക്കുന്ന സെബി എന്ന ഇന്ത്യയുടെ ഓഹരി കമ്പോള നിയന്ത്രക സ്ഥാപനത്തിന്റെ തലപ്പത്തും ഇതേ സിറിൽ ഷ്റോഫാണുള്ളത്. പാർലമെന്റിലടക്കം ഇത് ചൂണ്ടിക്കാട്ടപ്പെട്ടതാണ്. അദാനിയുടെ കോർപ്പറേറ്റ് തട്ടിപ്പുകളുടെ നിഴലിലുള്ള സിറിൽ ഷ്റോഫിനെ തിരുവനന്തപുരം വിമാനത്താവളലേലത്തിൽ സഹായിക്കാൻ കേരളസർക്കാർ നിയോഗിച്ച നടപടി ഇന്ന് നമ്മൾ വീണ്ടും വിശകലനം ചെയ്യേണ്ടതാണ്. എല്ലാ പഴുതുമടച്ച് വിമാനത്താവളം അദാനിക്കു കൈമാറാൻ വേണ്ടി ജനങ്ങളെ വഞ്ചിക്കുകയല്ലേ പിണറായി വിജയൻ സർക്കാർ ചെയ്തത്? അദാനിയുടെയും മോദിയുടേയും ചങ്ങാത്ത മുതലാളിത്ത ഭരണകൂടത്തെപ്പറ്റി ദേശീയതലത്തിൽ വാചാടോപം നടത്തുന്ന സിപിഐ(എം)ന് ഇക്കാര്യത്തിൽ എന്തു ന്യായീകരണമുണ്ട്?

അദാനിയുടെ തുറമുഖ പദ്ധതിക്കുവേണ്ടി കേരളസർക്കാർ മുൻകൈയെടുത്തു നടപ്പാക്കുന്ന വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതിയെ, കേന്ദ്ര സർക്കാർ ദേശീയപാതയാക്കി മാറ്റിയിട്ടുണ്ട്. സർക്കാർ നയമനുസരിച്ച് ദേശീയപാതകളെല്ലാം സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള ടോൾറോഡുകളായിരിക്കും. അതായത്, പൂർണ്ണമായും കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മിക്കപ്പെടുന്ന ഈ റോഡ്, ജനം ടോൾ നൽകി ഉപയോഗിക്കേണ്ട ഒരു സ്വകാര്യപാതയായിരിക്കും. വിഴിഞ്ഞം പദ്ധതിക്കുവേണ്ടി പ്രഖ്യാപിച്ച ഈ റോഡിന്റെ രൂപകൽപ്പനയിലടക്കം അദാനി കമ്പനിയാണ് എന്നുള്ളതുകൊണ്ടുതന്നെ ഇത് ആരുടേതാകും എന്നതിന് അധികം സംശയമൊന്നും വേണ്ടതില്ല. തിരുവനന്തപുരത്തെ ഒരു താലത്തിലാക്കി അദാനിയുടെ കാൽക്കൽ വെച്ചുകൊടുക്കുകയാണ് എൽഡിഎഫ് സർക്കാർ എന്ന് പറയേണ്ടിവരുന്നു.

അദാനിയുടെ താത്പര്യങ്ങൾക്ക് പിണറായി സർക്കാർ നടത്തിപ്പുകാരാകുന്നത് തിരുവനന്തപുരത്ത് ഒതുങ്ങുന്നില്ല. വൈദ്യുതി മിച്ചമാണ് എന്ന് കെഎസ്ഇബി അവകാശപ്പെട്ടിരുന്ന 2021ൽ അദാനി കമ്പനിയിൽനിന്നും കൂടിയ വിലയ്ക്ക് കാറ്റിൽ നിന്നുള്ള വൈദ്യുതി വാങ്ങാൻ അവർ കരാറുണ്ടാക്കിയിരുന്നു. *(മാതൃഭൂമി, 23.03.21)* വിലകുറഞ്ഞ ബദലുകൾ പരിഗണിക്കാതെയുണ്ടാക്കിയ ഈ കരാറിനെക്കുറിച്ച് അന്നത്തെ പ്രതിപക്ഷനേതാവ് നേതാവ് രമേശ് ചെന്നിത്തലയടക്കം സംശയങ്ങളുന്നയിച്ചതാണ്. കെഎസ്ഇബിയുടെ സൗരോർജ ഉത്പാദനപദ്ധതികളിലെ തങ്ങളുടെ താത്പര്യം അദാനി പ്രകടിപ്പിച്ചിട്ടുമുണ്ട്. വൈദ്യുതമേഖലയുടെ സ്വകാര്യവത്ക്കരണം ഇത്തരം കോർപ്പറേറ്റുകളുടെ താത്പര്യമാണെന്ന് വ്യക്തമായിരിക്കെ, അതിന് സഹായകരമായ സ്മാർട്ട് മീറ്റർ നടത്തിപ്പും വൈദ്യുതിചാർജ്ജ് വർദ്ധനയും സ്വകാര്യപങ്കാളിത്തവുമടക്കമുള്ള നയങ്ങളുമായി തന്നെയാണ് ഇവിടെ എൽഡിഎഫ് സർക്കാർ മുന്നോട്ടുപോകുന്നത്. ഇതിന്റെ ഭാരം ചാർജ്ജ് വർദ്ധനവായി ജനം സഹിക്കണം. കേരളത്തിലെ ബിഒടി ദേശീയപാതകൾ അദാനി സ്വന്തമാക്കുന്നുണ്ട്. എൻഎച്ച്-66 അഴിയൂർ-വെങ്ങളം സെക്ഷന്റെ കരാർ അദാനി ഗ്രൂപ്പാണ് സ്വന്തമാക്കിയിട്ടുള്ളത്. പിണറായി വിജയൻ സർക്കാർ ഏറെ അഭിമാനത്തോടെ കൊട്ടിഘോഷിക്കുന്ന ഗെയിൽ വാതക പൈപ്പ് ലൈൻ, നഗര-പാചക വാതക വിതരണ പദ്ധതി തുടങ്ങിയവയുടെയൊക്കെ ആത്യന്തിക ഗുണഭോക്താവ് അദാനി ഗ്രൂപ്പാണെന്നതും രഹസ്യമല്ല. അത് അറിഞ്ഞുകൂടാത്തവരല്ല എൽഡിഎഫ് ഭരണത്തിലുള്ളത്.

ഇതൊക്കെ നമ്മൾ പുറത്തറിഞ്ഞ ഏതാനും സംഭവങ്ങൾ മാത്രമാണ്. അദാനിയുടെ നിഗൂഢമായ പ്രവർത്തനശൈലിയും അതിനൊപ്പം നിൽക്കുന്ന കേന്ദ്ര-കേരള സർക്കാരുകളുടെ ജനാധിപത്യവിരുദ്ധ സമീപനവും കൂടിയാകുമ്പോൾ ഇതുവരെ നമ്മൾ അറിയാത്ത ചങ്ങാത്ത മുതലാളിത്ത പദ്ധതികൾ ഇനിയുമുണ്ടാകാം. അദാനിയെന്ന കോർപ്പറേറ്റ് ഭീമന്റെ തട്ടിപ്പുകൾ ഇത്ര കോളിളക്കമുണ്ടാക്കിയിട്ടും, അതിനെതിരെ പാർലമെന്റിൽ പ്രതിപക്ഷം പ്രതിഷേധിക്കുമ്പോഴും, ഇന്ത്യയിലെ സിപിഐ(എം)ന്റെ ഒരേയൊരു മുഖ്യമന്ത്രി അദാനിക്കെതിരെ ഒറ്റയക്ഷരം മിണ്ടിയിട്ടില്ല. പകരം തങ്ങളാലാവും വിധം അദാനിയെ പരിപോഷിപ്പിച്ച് വിധേയത്വം കാട്ടുന്നു. ഇവരുടെ വർഗബോധം എന്താണ്? എല്ലാം വികസനത്തിന്റെ പേരിൽ ഇനിയും നിങ്ങൾക്ക് ന്യായീകരിക്കാനാകില്ല. ജനം കൂടുതൽ പാപ്പരാകുമ്പോൾ തന്നെ, ഓരോ നിമിഷവും ശതകോടികൾ വാരിക്കൂട്ടുന്ന ഒരുപിടി അതിസമ്പന്നരുടെ മാത്രം വികസനമാണിതെന്ന് ഇന്ന് ജനം തിരിച്ചറിയുന്നുണ്ട്. അധികാരം മുതലാളിവർഗത്തിന്റെ താത്പര്യസംരക്ഷണത്തിനാണെന്ന് വിശ്വസിക്കുന്നവർ പേറുന്നത് ഒരിക്കലും തൊഴിലാളിവർഗ്ഗത്തിന്റെ വർഗ്ഗബോധമോ സംസ്കാരമോ അല്ല. അവർ വർഗ്ഗവഞ്ചകർ തന്നെയാണ്. ഈ ഇരട്ടത്താപ്പിനെ, വഞ്ചനയെ തിരിച്ചറിയേണ്ടതും ചോദ്യംചെയ്യേണ്ടതും ഇപ്പോഴും ആത്മാർത്ഥമായ ഇടതുപക്ഷബോധം പുലർത്തുന്നവരാണ്. കേരളത്തെ അദാനിയുടെ കൈകളിലേക്ക് വെച്ചുകൊടുക്കുന്ന ജനവിരുദ്ധമായ ഓരോ നടപടിക്കുമെതിരെ ഇടതുപക്ഷവിശ്വാസികളും ജനാധിപത്യബോധമുള്ളവരുമായ ഏവരും ശബ്ദമുയർത്തി മുന്നോട്ടുവരേണ്ടതുണ്ട്. ■

# ജനങ്ങളുടെ ക്രയശേഷി ഇടിയുമ്പോൾ വ്യവസായവളർച്ചയും സമ്പദ്ഘടനതന്നെയും തകർച്ചയിലേയ്ക്ക് കൂപ്പുകുത്തും

*(8-ാം പേജിൽ നിന്ന്)*

വേണ്ടിയുള്ളതാണെന്നതാണ് ഉത്തരം തേടുന്ന ചോദ്യം. ഓരോ ദിനം പിന്നിടുമ്പോഴും കൂടുതൽ പാപ്പരാക്കപ്പെടുന്ന അധ്വാനിക്കുന്ന ദശലക്ഷക്കണക്കിന് ഇന്ത്യാക്കാർക്കാണോ? അതോ, ജനങ്ങളെ നിർദ്ദയം ചൂഷണം ചെയ്ത് കണ്ണഞ്ചിപ്പിക്കുന്ന സ്വത്ത് വാരിക്കൂട്ടുന്ന ഒരുപിടി കുത്തകകൾക്കോ? ഉത്തരം കണ്ടുപിടിക്കാൻ അത്ര ബുദ്ധിമുട്ടില്ല. കാരണം പ്രധാനമന്ത്രി മോദിയെ പൃകഷ്ഠാനായി മുന്നോട്ടു വരുന്നത്, കഴിഞ്ഞ പത്തു വർഷം കൊണ്ട് അവിശ്വസനീയമായ തരത്തിൽ സ്വത്തു വാരിക്കൂട്ടി ലോകത്തെ മൂന്നാമത്തെ അതിസമ്പന്നനായി മാറിയ ഗൗതം അദാനി തന്നെയാണ്. കഴിഞ്ഞ വർഷം അക്കൗണ്ടന്റുമാരുടെ 21-ാം ലോക കോൺഗ്രസിൽ അദ്ദേഹം പറഞ്ഞത്, "ലക്ഷം കോടി ഡോളറിന്റെ സമ്പദ്ഘടനയാകാൻ 58 വർഷമെടുത്ത ഇന്ത്യ, ഇനി ഓരോ 12-18 മാസങ്ങൾ കൊണ്ട് ജിഡിപിയിൽ തത്തുല്യ തുകകൂട്ടിച്ചേർത്ത് 2050-ഓടെ ലോകത്തെ രണ്ടാമത് വലിയ സമ്പദ് വ്യവസ്ഥയായി മാറും." *(ദി എക്കണോമിക് ടൈംസ്, 19.11.2022)* അദാനി നേരത്തെ പറഞ്ഞിരുന്നു, "2050 ഓടെ ഇന്ത്യ ഒരു 30 ലക്ഷം കോടി ഡോളറിന്റെ സമ്പദ്ഘടനയായി മാറുമ്പോൾ ഇന്ത്യയിൽ ഒരാൾക്കും ഒഴിഞ്ഞ വയറുമായി ഉറങ്ങേണ്ടി വരില്ല." *(ദി ഇന്ത്യൻ എക്സ്പ്രസ്, 22.04.2022)* തീർച്ചയായും ഇന്ത്യയുടെ സമ്പദ്ഘടനയിലെ പ്രകാശബിന്ദുവായി ഐഎംഎഫ് കാണുന്നത് അദാനിയേയും കൂട്ടരേയുമാണ്, അല്ലാതെ ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പെടാപ്പാടുപെടുന്ന 95% ഇന്ത്യൻ പൗരന്മാരെയല്ല.

### ബൂർഷ്വാ മാനദണ്ഡങ്ങളനുസരിച്ചുപോലും തട്ടിപ്പാകുന്ന സാമ്പത്തികവളർച്ച

ഒന്നാമതായി, ലക്ഷം കോടി ഡോളർ സമ്പദ്ഘടനയെന്ന കിരീടം എങ്ങനെയാണ് നിർദ്ദയമായ മുതലാളിത്ത ചൂഷണത്താൽ രക്തം വാർന്നുപോയ അധ്വാനിക്കുന്ന ദശലക്ഷങ്ങളെ സഹായിക്കുക? ഈ ലക്ഷം കോടി ഡോളറിന്റെ സമുദ്രത്തിൽനിന്നൊരു തുള്ളിയെങ്കിലും ദരിദ്രന്റെമേൽ പതിക്കുന്നുണ്ടോ അതോ, അത് ഒരുപിടി കുത്തകകളുടെയും ബഹുരാഷ്ട്ര കോർപ്പറേറ്റുകളുടെയും മാത്രമായി ഉടരുകയാണോ? രണ്ടാമതായി, വരുംദിനങ്ങളിൽ സാമ്പത്തികവളർച്ചയിൽ കണ്ണഞ്ചിക്കുന്ന തിരിച്ചുവരവുണ്ടാകുമെന്ന പ്രവചനങ്ങൾ വസ്തുനിഷ്ഠ യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കിയാണോ അതോ, അത് അടിസ്ഥാനമില്ലാത്ത വെറും ശുഭാപ്തിവിശ്വാസം മാത്രമാണോ? ജിഡിപിയും സാമ്പത്തികവളർച്ചയും കണക്കാക്കുന്ന സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങൾ അനുസരിച്ചുള്ള വിശാലമായ ഘടകങ്ങൾ പരിഗണിച്ചാൽ, ഭാവി അത്ര പ്രകാശമാനമല്ലെന്ന കാണാൻ കഴിയും. ഒക്ടോബറിലെ നാലു ശതമാനത്തിൽ നിന്നും നവംബറിൽ 1.4 ശതമാനമായുള്ള തളർച്ചയാണ് ഇന്ത്യയുടെ വ്യവസായികവളർച്ചയിൽ രേഖപ്പെടുത്തുന്നത്.

മൂലധന രൂപീകരണത്തിന്റെ, (അതായത് ഉപകരണങ്ങൾ, യന്ത്രങ്ങൾ, ചരക്കുകടത്തിനുള്ള മാർഗ്ഗങ്ങൾ, വൈദ്യുതി എന്നിങ്ങനെയുള്ള മൂലധന ചരക്കുകൾ, അഥവാ വസ്തുവിവര പട്ടികയിലെ മാറ്റങ്ങളല്ലാതെയുള്ള യഥാർത്ഥ നിക്ഷേപം) നിരക്കിലെ ദയനീയസ്ഥിതിയാണ് വ്യാവസായികവളർച്ചയുടെ വേഗം കുറയ്ക്കുന്ന പ്രധാന തടസ്സങ്ങളിലൊന്നെന്ന് പറയുന്നു. പക്ഷേ വസ്തുതയെന്തെന്നാൽ, ഒരു മുതലാളിത്ത സമ്പദ്ഘടനയിൽ ഉത്പാദനോപാധികളുടെ ഉടമസ്ഥരായ മുതലാളിമാരുടെ ലാഭം പരമാവധി വർദ്ധിപ്പിക്കുകയെന്നത് ഉത്പാദനത്തിന്റെ ലക്ഷ്യമായി മാറുമ്പോൾ, കമ്പോളത്തിലെ ആവശ്യകത അഥവാ ജനങ്ങളുടെ ക്രയശേഷി ഇടിയുമ്പോൾ, വ്യവസായികവളർച്ചയും മൂക്കുകുത്തുന്നു. പക്ഷേ മുതലാളിത്ത സാമ്പത്തികശാസ്ത്രജ്ഞരും അതിന്റെ നടത്തിപ്പുകാരും ഈ യാഥാർത്ഥ്യത്തെ ഒരിക്കലും അംഗീകരിക്കില്ല. കാരണം, മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ ഉൾച്ചേർന്നിരിക്കുന്ന പരിമിതികളെ അത് തുറന്നുകാട്ടുന്നു. അതുകൊണ്ട്, അവർ ദയനീയമായ മൂലധന സമാഹരണത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. എന്തുകൊണ്ടെന്നവർ വ്യക്തമാക്കുന്നുമില്ല. രണ്ടാമതായി, ജിഡിപി കണക്കാക്കുന്നതിനുള്ള മറ്റൊരു ഘടകമായ ഇന്ത്യയുടെ കറന്റ് അക്കൗണ്ട് കമ്മി (അതായത്, കയറ്റുമതിയെക്കാൾ ഇറക്കുമതി കൂടുതലാകുന്നത്) 2022 ജൂലൈ-സെപ്റ്റംബർ ത്രൈമാസത്തിൽ, 36.4 ശതകോടി ഡോളർ എന്ന ചരിത്രത്തിലെ ഏറ്റവുമുയർന്ന നിരക്കിലെത്തി. തത്ഫലമായി, ലോകത്തെ ഏറ്റവും സുരക്ഷിതവും എളുപ്പത്തിൽ മാറ്റിയെടുക്കാവുന്നതുമായ കറൻസിയായി കണക്കാക്കപ്പെടുന്ന യുഎസ് ഡോളറിനെതിരെ (യുണൈറ്റഡ് സ്റ്റേറ്റ്സിന് തങ്ങളുടെ കടങ്ങൾ തിരിച്ചടയ്ക്കാനുള്ള ശേഷിയുണ്ടെന്ന നിഗമനത്തെ അടിസ്ഥാനമാക്കി) രൂപയുടെ മൂല്യം അതിവേഗം ഇടിയുന്നു. ഏതാനും ദിവസങ്ങൾക്കുമുമ്പ്, രൂപ ഇടിയുകയല്ല ഡോളറിന്റെ മൂല്യം ഉയരുന്നതാണെന്ന് പ്രസ്താവിച്ചുകൊണ്ട് കേന്ദ്ര ധനകാര്യമന്ത്രി സ്വയവും സ്വന്തം സർക്കാരിനെയും അപഹാസ്യരാക്കി. പക്ഷേ വസ്തുതയെന്തെന്നാൽ, 2022ൽ ഏഷ്യയിൽ ഏറ്റവും മോശം പ്രകടനം നടത്തിയ കറൻസി ഇന്ത്യൻ രൂപയായിരുന്നു. കൂടാതെ, പ്രധാനമന്ത്രിയും സഹപ്രവർത്തകരും 'മേയ്ക്ക് ഇൻ ഇന്ത്യ' മുദ്രാവാക്യം നടപ്പാക്കുന്നതിൽ വമ്പിച്ച പുരോഗതി നേടിയെന്ന് നടിക്കുമ്പോൾ എന്തുകൊണ്ടാണ് ഇറക്കുമതി, കയറ്റുമതിയെക്കാൾ വളരെ ഉയർന്നു നിൽക്കുന്നത്? മുതലാളിത്ത കേന്ദ്രങ്ങൾക്ക് അതിനും മുൻകൂട്ടി തയ്യാറാക്കിയ ഒരു വിചിത്രമായ ഉത്തരമുണ്ട്. അവർ പറയുന്നത്, പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി റിസർവ് ബാങ്ക് പലിശനിരക്കുകൾ ഉയർത്തിക്കൊണ്ടിരിക്കുന്നതിനാൽ, ജനങ്ങൾ ചെലവാക്കുന്നതിനു പകരം സമ്പാദിക്കുന്നു. അതുകൊണ്ട്, ഡിമാന്റിലുള്ള കുറവിനെത്തുടർന്ന് കമ്പോളത്തിലെ പണത്തിന്റെ ചംക്രമണം കുറയുന്നു എന്നാണ്. ശരി, ആഭ്യന്തര കമ്പോളത്തിലെ ഡിമാന്റിലെ ഇടിവ് നമുക്കു മനസ്സിലാക്കാം. പിന്നെ ഇത്ര വ്യാപകമായി എന്ത് ചരക്കുകളും സേവനങ്ങളുമാണ് ഇറക്കുമതി ചെയ്യുന്നത്, അത് ആരുടെ ഉപഭോഗത്തിനു വേണ്ടിയാണ്?

രണ്ടാമതായി, പ്രധാനമന്ത്രി തന്നെ പറയുന്നു, 80 കോടി ഇന്ത്യക്കാർക്ക് സൗജന്യ റേഷൻ നൽകുന്നുവെന്ന്. അത്, 80 കോടി ഇന്ത്യക്കാർ കടുത്ത ദാരിദ്ര്യത്തിലാണെന്നതിന്റെ പരോക്ഷമായ ഏറ്റുപറച്ചിലാണ്. ഔദ്യോഗിക കണക്കുകൾ കാണിക്കുന്നത്, 20 കോടി ഇന്ത്യക്കാർ ഒഴിഞ്ഞ വയറുമായാണ് ഉറങ്ങാൻ പോകുന്നതെന്നാണ്. ആഗോള പട്ടിണി സൂചികയിൽ 121 രാജ്യങ്ങളിൽ 107-ാം സ്ഥാനത്താണ് ഇന്ത്യ എന്നത് അടിവരയിടുന്നതാണിത്. ഭാഗികതൊഴിൽ, കാഷ്വൽ അല്ലെങ്കിൽകരാർതൊഴിൽ, പ്രച്ഛന്നതൊഴിൽ (തൊഴിൽ ശക്തിയുടെ ഒരു വിഭാഗം ജോലിയില്ലാതെ, അല്ലെങ്കിൽ ആവർത്തനസ്വഭാവത്തിലുള്ള ജോലിയിലായിരിക്കുന്നത്), സ്വതന്ത്ര തൊഴിലാളികളായി എങ്ങനെയെങ്കിലും വരുമാനം കണ്ടെത്തുന്നവർ, തുടങ്ങിയ വിഭാഗങ്ങളെ കണക്കിലെടുക്കാത്ത ഔദ്യോഗിക തൊഴിലില്ലായ്മാ നിരക്ക് തന്നെ 8.3% ആണ്. തൊഴിൽ നഷ്ടത്തെ സംബന്ധിച്ച യാതൊരു ഔദ്യോഗിക കണക്കുകളും ലഭ്യമല്ല. പക്ഷേ, സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കോണമി കഴിഞ്ഞ വർഷം ജൂണിൽ റിപ്പോർട്ട് ചെയ്തത്, തൊഴിലെടുക്കുന്നമൊത്തം ആളുകളുടെ എണ്ണത്തിൽ 1.3 കോടിയുടെ കുറവ് ഉണ്ടായിട്ടുണ്ടെന്നാണ്. കരാർ തൊഴിലാളികളായിരുന്ന 12 കോടി കുടിയേറ്റ തൊഴിലാളികൾക്ക് ഒറ്റയടിക്ക് ജോലി പോയത് മഹാമാരിക്കാലത്ത് നമ്മൾ കണ്ടതാണ്. ഐടി കമ്പനികൾ പോലും ആയിരക്കണക്കിനാളുകളെ പിരിച്ചുവിടുകയാണ്. ബാങ്കുകളിലും സർക്കാർ വകുപ്പുകളിലും സ്ഥിരനിയമനങ്ങൾ ഇല്ലെന്നു തന്നെ പറയാം. വിരമിക്കലിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ മാഞ്ഞുപോകുന്നു. ഒരു റിപ്പോർട്ട് പറയുന്നത്, 20 ദശലക്ഷം ബിരുദധാരികളും, 50 ലക്ഷം ബിരുദാനന്തര ബിരുദധാരികളും ഇന്ത്യയിൽ തൊഴിൽരഹിതരാണെന്നാണ്. ഇന്ത്യയിലെ ബിരുദധാരികളിൽ 47 ശതമാനവും തൊഴിലിനു യോഗ്യരല്ല എന്നാണ് കണക്കാക്കുന്നതത്രേ.

> **മുതലാളിത്ത സമ്പദ്ഘടനയിൽ ഉത്പാദനോപാധികളുടെ ഉടമസ്ഥരായ മുതലാളിമാരുടെ ലാഭം പരമാവധി വർദ്ധിപ്പിക്കുകയെന്നത് ഉത്പാദനത്തിന്റെ ലക്ഷ്യമായി മാറുമ്പോൾ, കമ്പോളത്തിലെ ആവശ്യകത അഥവാ ജനങ്ങളുടെ ക്രയശേഷി ഇടിയുമ്പോൾ, വ്യവസായികവളർച്ചയും മൂക്കുകുത്തുന്നു. പക്ഷേ മുതലാളിത്ത സാമ്പത്തികശാസ്ത്രജ്ഞരും അതിന്റെ നടത്തിപ്പുകാരും ഈ യാഥാർത്ഥ്യത്തെ ഒരിക്കലും അംഗീകരിക്കില്ല. കാരണം, മുതലാളിത്ത സമ്പദ്വ്യവസ്ഥയിൽ ഉൾച്ചേർന്നിരിക്കുന്ന പരിമിതികളെ അത് തുറന്നു കാട്ടുന്നു.**

ഇനി ഗ്രാമീണ ഇന്ത്യയിലേക്ക് നമ്മൾ നോക്കിയാൽ, പാവപ്പെട്ട കർഷകർക്ക് അവരുടെ വിളകൾക്ക് ന്യായമായ വില കിട്ടുന്നില്ല. നിവൃത്തിയില്ലാതെ പലർക്കും വിളകൾ കിട്ടുന്ന വിലയ്ക്ക് വിൽക്കേണ്ടി വരുന്നു. ഫലമോ, കർഷക ആത്മഹത്യകളുടെ എണ്ണം നാലു ലക്ഷം കടന്നിരിക്കുന്നു. വർഷം രണ്ടു ലക്ഷം തൊഴിൽ കൊടുക്കുമെന്ന് അവകാശപ്പെട്ട പ്രധാനമന്ത്രി ഇന്ന് അക്കാര്യത്തിൽ മൗനം പാലിക്കുന്നു. അടുത്ത തെരഞ്ഞെടുപ്പിനു മുമ്പായി കുറച്ച് മാദ്ധ്യമശ്രദ്ധ നിലനിർത്താനായി, നേരത്തെ തന്നെ നിയമനമായ ഏതാനും ആയിരം പേരുടെ നിയമന ഉത്തരവുകൾ പരസ്യമായി വിതരണം ചെയ്യുകയാണ് ഇപ്പോൾ അദ്ദേഹം. ജനങ്ങൾക്ക് തൊഴിലും, കഷ്ടിച്ചെങ്കിലും ജീവിച്ചുപോകാനുള്ള ജീവിതമാർഗ്ഗങ്ങളോ പോലും നിഷേധിക്കപ്പെടുന്ന ഈ സാഹചര്യത്തിൽ, ജനങ്ങൾ ചെലവാക്കുന്നതിനു പകരം സമ്പാദിക്കുന്നതു കൊണ്ടാണ് ഡിമാന്റ് കുറയുന്നതെന്ന് പറയാൻ ബൂർഷ്വാ സാമ്പത്തികശാസ്ത്രജ്ഞരെ പ്രചോദിപ്പിക്കുന്നതെന്താണ്? അസംബന്ധത്തിന്റെ പരകോടിയാണിത്.

### ആഗോള സാമ്പത്തിക തിരിച്ചടികളിൽനിന്നും ഇന്ത്യയുടെ സമ്പദ്ഘടന സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ?

കൂടാതെ, ഒരുവശത്ത്, ആഗ്രഹിച്ച സാമ്പത്തികവളർച്ച നേടാൻ കഴിയാത്തതിന് ആഗോള സാമ്പത്തിക തളർച്ചയേയും, മഹാമാരിയേയും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന റഷ്യ-യുക്രൈൻ യുദ്ധത്തെയുമൊക്കെയാണ് ഇന്ത്യയുടെ ഭരണകർത്താക്കൾ കുറ്റപ്പെടുത്തുന്നത്. ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ ആഗോള സമ്പദ് വ്യവസ്ഥയുമായി കണ്ണിചേർക്കപ്പെട്ടിരിക്കുന്നുവെന്നും, ബാഹ്യ സമ്പദ് വ്യവസ്ഥകളിലെ ഉയർച്ചതാഴ്ച്ചകൾ നമ്മെയും ബാധിക്കുമെന്നും അവർ സമ്മതിക്കുന്നുവെന്നാണ് ഇത് അർത്ഥമാക്കുന്നത്. അതേസമയം തന്നെ, ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ ആഗോള സാമ്പത്തികമാന്ദ്യത്തിൽ നിന്നും മറ്റ് നിഷേധാത്മക ഘടകങ്ങളിൽ നിന്നും സുരക്ഷിതമാണെന്നും അവർ പറയുന്നു. ഇതിൽ ഏതാണ് ശരി? സമ്പദ്ഘടന വിറച്ചുകൊണ്ടിരിക്കുമ്പോഴും മന്ത്രിമാരും സാമ്പത്തികവിശാരദന്മാരും, നമുക്കു ബോധ്യപ്പെടുന്ന യാതൊരു കാരണവും പറയാതെ ശോഭനമായ ഭാവിയെക്കുറിച്ചുമാത്രം പ്രസംഗിച്ചുകൊണ്ടിരിക്കുന്നു.

### കണക്കുകളുടെ മായാജാലം

മറ്റു കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനു മുമ്പായി, 2022 ജൂലൈ-സെപ്റ്റംബർ ത്രൈമാസത്തിലെ 9.7% വളർച്ചയ്ക്കു പിന്നിലെ നിഗൂഢത അനാവരണം ചെയ്യേണ്ടതുണ്ട്. ഒന്നാമതായി, ജൂലൈ-സെപ്റ്റംബർ ത്രൈമാസത്തിൽ ഔദ്യോഗികമായി റിപ്പോർട്ടു ചെയ്യപ്പെട്ട സാമ്പത്തികവളർച്ച 6.3 ശതമാനമായിരുന്നു. ഇത് തൊട്ടുമുന്നത്തെ ത്രൈമാസത്തിലെ13.5 ശതമാനത്തിൽ നിന്നും കുറവായിരുന്നു. എന്നാൽ ഇത്തരം റിപ്പോർട്ടിങ്ങിൽ അടങ്ങിയിരിക്കുന്ന ഒരു വഞ്ചനയുണ്ട്. ഉദാഹരണത്തിന്, 100ൽ നിന്നും 90 ആയി ഉത്പാദനം കുറഞ്ഞാൽ, ആ കുറവ് 10% ആണ്. ഇനി അടുത്ത ത്രൈമാസത്തിൽ അത് 100 ആയി തിരിച്ചുവന്നാൽ, വർധന 11.1% ആണ്. വർധനയുടെ നിരക്ക്, വീഴ്ച്ചയുടെ നിരക്കിനേക്കാൾ കൂടുതലായതുകൊണ്ട് സമ്പദ്ഘടന തിരിച്ചുവരവിന്റെ പാതയിലാണെന്ന് പറഞ്ഞ് ആഘോഷിക്കുന്നു. രണ്ടാമതായി, ഇത്തരം വളർച്ചാ കണക്കുകൾ കൂടുതലായും വർഷാവർഷം അഥവാ ഇയർ ഓൺ ഇയർ അടിസ്ഥാനത്തിലാണ്. 2021 ഏപ്രിൽ-ജൂൺ ത്രൈമാസത്തിലെ സാമ്പത്തികവളർച്ച 20% എന്ന സംശയാസ്പദമായ ഉയർന്ന നിലയിലാണ്. ഉടൻതന്നെ സർക്കാരിന്റെ ആശയപ്രചരണസംവിധാനങ്ങൾ അക്ഷീണം പ്രയത്നിച്ച്, സാമ്പത്തികപ്രവർത്തനങ്ങളെ സർക്കാരിന്റെ സുദൃഢമായ മൂലധനച്ചെലവും, കയറ്റുമതിയും, കാർഷികമേഖലയിൽ നിന്നുള്ള ഡി

*(ശേഷം 10-ാം പേജിൽ)*

# മുതലാളിത്ത പ്രതിസന്ധിയുടെ ഭാരം ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്നു

(9–ാം പേജിൽ നിന്ന്)

മാന്ദ്യമാണ് വർദ്ധിപ്പിച്ചതെന്ന് പറഞ്ഞുകൊണ്ടിരിക്കാം. പക്ഷേ എന്താണ് നിഗൂഢത? 2020-21 ലെ ആദ്യ രണ്ട് ത്രൈമാസങ്ങളിലും, കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ടതു മൂലമുള്ള അടച്ചുപൂട്ടലും എല്ലാ സാമ്പത്തികപ്രവർത്തനങ്ങളും നിലച്ചതുംമൂലം വളർച്ച യഥാക്രമം 24.4ഉം 7.4ഉം ശതമാനം വീതമായിരുന്നു. അതുകൊണ്ട്, 20% വളർച്ച കണക്കാക്കിയത്, മുൻവർഷത്തെ അതേ കാലഘട്ടത്തിലെ 24% തകർച്ചയുടെ അടിസ്ഥാനത്തിലാണ്. സാമ്പത്തികത്തകർച്ച 19-20 ശതമാനത്തിന് ഇടയിലാണെങ്കിൽ 20% വളർച്ച ഇയർ ഓൺ ഇയർ അടിസ്ഥാനത്തിൽ കണക്കാക്കാം. അപ്പോൾ അത് വളർച്ചയാണോ വിളർച്ചയാണോ? ഇങ്ങനെയാണ്, തെറ്റായ അടിസ്ഥാനങ്ങളുപയോഗിച്ചുള്ള കള്ളക്കണക്കുകളിലൂടെ ജനങ്ങൾ വഞ്ചിതരാകുന്നത്.

## സമ്പദ്ഘടന സ്റ്റാഗ്ഫ്ലേഷനിലാണെന്നത് നിഷേധിക്കാനുള്ള പാഴ്ശ്രമം

രണ്ടാമതായി, സമ്പദ്‌വ്യവസ്ഥയുടെ വഴിത്തിരിവുകളും പരിവർത്തനങ്ങളും വിശദീകരിക്കാൻ ഇന്നത്തെ വിദഗ്ദ്ധർ ഇപ്പോഴും ആശ്രയിക്കുന്ന ക്ലാസിക്കൽ ബൂർഷ്വാ സാമ്പത്തികശാസ്ത്രം അനുസരിച്ച്, വർദ്ധിച്ചുവരുന്ന പണപ്പെരുപ്പം അർത്ഥമാക്കുന്നത് മാന്ദ്യത്തിന്റെ അഭാവമാണ് (വിറ്റഴിക്കാത്ത ചരക്കിന്റെകുന്നുകൂടൽ). എന്നാൽ പിന്നെ എന്തുകൊണ്ടാണ് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ മാന്ദ്യം? സമ്പദ്‌വ്യവസ്ഥയിലെ വർദ്ധിച്ചുവരുന്ന സ്തംഭനാവസ്ഥയെ ന്യായീകരിക്കാൻ, ബൂർഷ്വാ പണ്ഡിതന്മാർ പറയുന്നത്, ഒരു "ഭാഗിക മാന്ദ്യം" ആരംഭിച്ചുവെന്നും ഏറിയും കുറഞ്ഞുമുള്ള തിരിച്ചുവരവ് നടന്നുകൊണ്ടിരിക്കുകയാണെന്നുമാണ്. 2023-24 സാമ്പത്തികവർഷത്തിൽ (ഏപ്രിൽ മുതൽ മാർച്ച് വരെ) ഇന്ത്യയുടെ സാമ്പത്തികവളർച്ച, പ്രതീക്ഷിച്ചിരുന്ന 6.9 ശതമാനത്തിൽ നിന്നും 6.6 ശതമാനമായി കുറയുമെന്ന് ലോകബാങ്ക് കണക്കാക്കുന്നു. 2022ലെ വേനൽക്കാലത്ത് യുഎസ് സാമ്പത്തികമാന്ദ്യത്തിലേക്ക് പ്രവേശിച്ചതായി റിപ്പോർട്ടുണ്ട്. 2023ൽ ഒരു ആഗോള സാമ്പത്തികമാന്ദ്യം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ആഗോള സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ ഭാഗമായ ഇന്ത്യ, അമേരിക്കൻ മാന്ദ്യത്തിൽനിന്നോ, ആഗോളമാന്ദ്യത്തിൽനിന്നോ ഒട്ടും മുക്തമല്ല. എങ്ങനെയാണ് പണപ്പെരുപ്പവും സ്തംഭനാവസ്ഥയും ഒരേസമയം സംഭവിക്കുന്നത്? മരണാസന്ന മുതലാളിത്തത്തിലെ ജീർണതയെ അടയാളപ്പെടുത്തുന്ന ഈ യാഥാർത്ഥ്യത്തെ നിഷേധിക്കാൻ കഴിയില്ല. അതിനാൽ സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗവിപ്ലവത്തിന്റെയുമായ നിലവിലെ കാലഘട്ടത്തിൽ കാലഹരണപ്പെട്ട, മുതലാളിത്തത്തിന്റെ സ്വതന്ത്രമത്സരത്തിന്റെ കാലഘട്ടത്തിൽ രൂപപ്പെടുത്തിയ പാഠപുസ്തക സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ഇത് വിശദീകരിക്കാൻ കഴിയില്ല. അതിനാൽ, സാമ്പത്തിക സ്തംഭനാവസ്ഥയും ഉയർന്ന തൊഴിലില്ലായ്മയും ഉയർന്ന പണപ്പെരുപ്പവും കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക അവസ്ഥയെ നിർവചിക്കാൻ, ഇയാൻ മക്ലിയോഡ് എന്ന ബ്രിട്ടീഷ് ബൂർഷ്വാ രാഷ്ട്രീയക്കാരൻ ആദ്യമായി 'സ്റ്റാഗ്ഫ്ലേഷൻ' എന്ന പദം ഉപയോഗിച്ചു. അടിസ്ഥാനപരമായി, പണപ്പെരുപ്പവും സ്തംഭനാവസ്ഥയും ചേരുന്നതാണ് സ്റ്റാഗ്ഫ്ലേഷൻ.

ആഗോള മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ, കുത്തനെയുള്ള തകർച്ചയും വർദ്ധിച്ചുവരുന്ന പണപ്പെരുപ്പവും പിടിമുറുക്കുകയാണെന്ന് ലോകബാങ്ക് സമ്മതിക്കുന്നു. വെല്ലുവിളികളുടെ ഒരു 'തികഞ്ഞ കൊടുങ്കാറ്റ്' വർഷങ്ങളോളം സാമ്പത്തികവികസനത്തെ മാറ്റിമറിക്കുന്ന, ആഗോള സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക്, പ്രത്യേകിച്ച് സ്റ്റാഗ്ഫ്ലേഷനിലേയ്ക്ക് നയിക്കുന്ന ഭീഷണിയുള്ളതായി 2022 സെപ്റ്റംബർ അവസാനം ലോകബാങ്ക് മേധാവി മുന്നറിയിപ്പ് നൽകി. (ഫോർച്യൂൺ, 29-09-22) പക്ഷേ, ഉയർന്ന പണപ്പെരുപ്പവും ഒപ്പം വർദ്ധിച്ചുവരുന്ന സാമ്പത്തിക മാന്ദ്യവും ഉണ്ടായിട്ടും, ഇന്ത്യയുടെ പ്രതിരോധശേഷിയും ശക്തമായ വീണ്ടെടുക്കൽ നടപടികളും കാരണം ഇന്ത്യ സ്റ്റാഗ്ഫ്ലേഷൻ ഘട്ടത്തിൽ എത്താനുള്ള സാധ്യത കുറവാണെന്ന് ചില ഇന്ത്യൻ മസ്തിഷ്കങ്ങൾ അവകാശപ്പെടുന്നത് തുടരുന്നു.

## സാമ്പത്തികത്തളർച്ചയുടെ ഉത്തരവാദിത്തം മഹാമാരിയിൽ കെട്ടിവയ്ക്കുന്നു

മഹാമാരി സാമ്പത്തികത്തകർച്ചയുടെ ഒരു കാരണമായി ഭരണകേന്ദ്രങ്ങൾ അവതരിപ്പിക്കുന്നു. ഇവിടെയും വസ്തുതകൾ വ്യാജമാണ്. 2019-20നും 2021-22 നും ഇടയിൽ, മൊത്ത ആഭ്യന്തര ഉൽപ്പാദനം യഥാർത്ഥത്തിൽ വെറും 1.5% ആണ് വർദ്ധിച്ചത്. എന്നാൽ ഈ രണ്ട് വർഷത്തിനിടയിൽ ജനസംഖ്യ 2% വർദ്ധിച്ചു. അതിനാൽ, പ്രതിശീർഷ യഥാർത്ഥ ജിഡിപി 2019-20 നെ അപേക്ഷിച്ച് 2021-22 ൽ കുറവാണ്. അപ്പോൾ എങ്ങനെയാണ് മഹാമാരി ഈ കുറവിന് ഉത്തരവാദിയാകുന്നത്? ജിഡിപി കണക്കുകൂട്ടലിന് പരിഗണിക്കുന്ന മറ്റൊരു സംഖ്യ അന്തിമ സ്വകാര്യ ഉപഭോഗച്ചെലവാണ്. 2019-20 നെ അപേക്ഷിച്ച് 2021-22 ൽ ഈ കണക്ക് ഏകദേശം 1.5% കൂടുതലാണെന്നും യഥാർത്ഥത്തിൽ മൊത്ത മൂലധന രൂപീകരണം 3.75% ആണെന്നും അവകാശപ്പെടുന്നു. *(സിറ്റിസൺ 20-06-22)* ഇത് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ തിരിച്ചുവരാനുള്ള ശേഷിയുടെ നിദർശനമായി എടുത്തുകാണിക്കുന്നു. പക്ഷേ മഹാമാരി കാരണം മുടങ്ങിക്കിടന്ന എല്ലാ പദ്ധതികളും ഒന്നിച്ചുചേർത്ത് കണക്ക് പെരുപ്പിച്ച് വെച്ചതിനാൽ മൊത്ത മൂലധന രൂപീകരണ കണക്ക് ഉയർന്നു എന്നതാണ് ഇവിടെ അടിച്ചമർത്തപ്പെട്ട വസ്തുത.

## ജിഎസ്ടിയുടെ ഭാരം സഹിക്കുന്നത് അധ്വാനിക്കുന്ന ബഹുജനങ്ങളാണ്

നമ്മുടെ ശ്രദ്ധയിൽപ്പെടേണ്ട മറ്റൊരു വശമുണ്ട്. ഉൽപ്പാദനം വർധിപ്പിക്കുമെന്ന് പറഞ്ഞ് സർക്കാർ മൂന്ന് വർഷംമുമ്പ് കോർപ്പറേറ്റ് നികുതിനിരക്ക് കുത്തനെ കുറച്ചിരുന്നു. വീണ്ടും, നമ്മൾ തുടക്കത്തിലേക്ക് മടങ്ങിയെത്തി. വിപണിയിൽ ഡിമാന്റുണ്ടെങ്കിൽ മാത്രമേ മുതലാളിമാർ നിക്ഷേപം നടത്തൂ. ജനങ്ങളുടെ വാങ്ങൽശേഷി കുത്തനെ ഇടിഞ്ഞതിനാൽ ഡിമാന്റ് കുറയുന്നുവെന്ന് നാം ഇതിനകം കണ്ടുകഴിഞ്ഞു. ഇടത്തരം കുടുംബങ്ങളുടെ എണ്ണം പോലും 9.6 കോടിയിൽ നിന്ന് 6.6 കോടിയായി കുറഞ്ഞു. അതായത് 3 കോടി ഇടത്തരം കുടുംബങ്ങളുടെ വരുമാനം, ദരിദ്രരോ അർദ്ധദരിദ്രരോ ആയ ജനവിഭാഗങ്ങളുടേതിനു തുല്യമായി മൂക്കുകുത്തി. അതിനാൽ, പുനരുൽപാദനത്തിന്റെ തലത്തിൽ മാത്രം ഉത്പാദനം നിശ്ചലമായി തുടരുന്നു. ഡിമാന്റ് വർദ്ധിക്കാത്തതിനാൽ, മുതലാളിമാർക്ക് നൽകുന്ന നികുതിയിളവുകൾ അവർ അധിക നിക്ഷേപം നടത്താതെ സ്വന്തം കീശയിലാക്കുന്നു. പല മുതലാളിമാരും ജിഎസ്ടിയുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആനുകൂല്യം മുതലെടുക്കുകയും എന്നാൽ ആനുപാതികമായി വില കുറച്ചുകൊണ്ട് അന്തിമ ഉപഭോക്താവിന് അതിന്റെ ഗുണം കൈമാറാതെയുമിരിക്കുന്നു എന്ന ആക്ഷേപമുണ്ട്. തൽഫലമായി, സാധാരണക്കാർ സാധനങ്ങൾക്ക് ഉയർന്ന വില നൽകുകയും ജിഎസ്ടിയുടെ അധിക ഭാരം വഹിക്കുകയും ചെയ്യു. ഈ പ്രക്രിയയിൽ ഏകദേശം 1.25 ലക്ഷം കോടി രൂപ മുതലാളിത്ത നിക്ഷേപകർ കൈക്കലാക്കി. കൂടാതെ, 2021-22-ൽ മൊത്തം 14.83 ലക്ഷം കോടി രൂപയുടെ ചരക്ക് സേവന നികുതിയുടെ (ജിഎസ്ടി) ഏകദേശം 64 ശതമാനവും ജനസംഖ്യയുടെ താഴേക്കിടയിലുള്ള 50 ശതമാനം ആളുകളിൽ നിന്നാണ് വന്നത്. ജിഎസ്ടിയുടെ 3 ശതമാനം മാത്രമാണ് ഉയർന്ന തലത്തിലുള്ള 10 ശതമാനത്തിൽ നിന്നുവന്നത്.

## പരിധികളില്ലാതെ വർദ്ധിക്കുന്ന അസമത്വം

സാമ്പത്തികവളർച്ചയെന്നത് ജനങ്ങളുടെ ജീവിതനിലവാരം ഉയരുന്നതിനെ മുൻനിർത്തിയാണ് കാണേണ്ടത്. അത് സാധ്യമാകണമെങ്കിൽ, ഉൽപ്പാദിപ്പിക്കുന്ന സമ്പത്തിന്റെ വിതരണത്തിൽ ന്യായമായ തുല്യതയുണ്ടാകണം. പ്രതിഫലദായക മായ സ്ഥിരം ജോലി എന്നർത്ഥമുള്ള തൊഴിൽ എല്ലാവർക്കും ലഭ്യമാകണം. വിലകൾ താങ്ങാനാവുന്ന പരിധിക്കുള്ളിലാകണം. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ അവശ്യവസ്തുക്കൾ അധ്വാനിക്കുന്ന ജനങ്ങളിൽ ഭൂരിപക്ഷത്തിനും നിഷേധിക്കപ്പെടരുത്. എന്നാൽ എന്താണ് ഇന്ത്യയിലെ ദൃശ്യം? ധനികൻ കൂടുതൽ ധനികനും ദരിദ്രൻ കൂടുതൽ ദരിദ്രനുമാകുകയാണ്.

ഇന്ത്യയിലെ ഏറ്റവും സമ്പന്നരായ ഒരു ശതമാനം ആളുകൾ ഇപ്പോൾ രാജ്യത്തിന്റെ മൊത്തം സമ്പത്തിന്റെ 40 ശതമാനത്തിലധികം കൈവശം വയ്ക്കുന്നു. അതേസമയം ജനസംഖ്യയുടെ പകുതി വരുന്ന താഴെക്കിടയിലുള്ള ആളുകൾ ഒരുമിച്ച് പങ്കിടുന്നത് സമ്പത്തിന്റെ 3 ശതമാനം മാത്രമാണ്. കഴിഞ്ഞ ഓഗസ്റ്റിൽ, പ്രധാനമന്ത്രിയുമായി വളരെ അടുപ്പമുള്ള വ്യവസായ പ്രമുഖനായ ഗൗതം അദാനി, 137.4 ബില്യൺ ഡോളർ ആസ്തിയുള്ള ലോകത്തിലെ മൂന്നാമത്തെ ഏറ്റവും ധനികനായ വ്യക്തിയായി പ്രഖ്യാപിക്കപ്പെട്ടു. മുകേഷ് അംബാനിയുടെ ആസ്തി 93.8 ബില്യൺ ഡോളറാണ്. 26 ബില്യൺ ഡോളറിന്റെ ആസ്തിയുള്ള വാക്സിൻ രാജാവായ സൈറസ് പൂനാവാല ലോകത്തിലെ ഹെൽത്ത് കെയർ മേഖലയിലെ ഏറ്റവും ധനികനായ കോടീശ്വരനാണ്.

അതേസമയം, ഔദ്യോഗിക കണക്കുകൾ പ്രകാരം 26.93 കോടി ജനങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. ഇതിൽത്തന്നെ മറച്ചുവെയ്ക്കലും കുറച്ചുകാണിക്കലുമുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, പോഷകാഹാരം എന്നിവയുടെ ഏറ്റവും കുറഞ്ഞ നിലവാരം നിലനിർത്താൻ ആവശ്യമായ ചെലവുകളെ അടിസ്ഥാനമാക്കിയുള്ളതാണ് ദാരിദ്ര്യരേഖ. നേരത്തേയുണ്ടായിരുന്ന കലോറി ഉപഭോഗത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള കണക്കുകൂട്ടലിൽനിന്നും ഇത് മെച്ചപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും, നല്ല നിലവാരമുള്ള വിദ്യാഭ്യാസവും ആരോഗ്യപരിരക്ഷയും പോലുള്ള സൗകര്യങ്ങൾ എല്ലാവർക്കും ലഭ്യമാണോ എന്ന് അത് പരിഗണിക്കുന്നില്ല. മാത്രമല്ല, ദാരിദ്ര്യരേഖ ലഭ്യതയെക്കുറിച്ചല്ല പറയുന്നത്. ഏറ്റവും കുറഞ്ഞ സ്വീകാര്യമായ ജീവിതനിലവാരം നിലനിർത്തുന്നതിന് ആവശ്യമായ ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം മുതലായവയ്ക്കുള്ള ഏറ്റവും കുറഞ്ഞ ചെലവിന്റെ രൂപയിലുള്ള മൂല്യം, ഉപഭോക്തൃ ചെലവുകളെക്കുറിച്ചുള്ള നാഷണൽ സാമ്പിൾ സർവേ ഓഫീസ് ഡാറ്റ ഉപയോഗിച്ച് കണക്കാക്കുന്നു.

ഇല്ലായ്മയെക്കുറിച്ച് പറയുമ്പോഴാണ് ലഭ്യത ചിത്രത്തിൽ വരു

(ശേഷം 11–ാം പേജിൽ)




കെഎസ്ആർടിസി ജീവനക്കാരുടെ ധർണ്ണ

ശമ്പളം ഗഡുക്കളായി നൽകാനുള്ള തീരുമാനം പിൻവലിക്കണം എന്നാവശ്യപ്പെട്ട് കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ കോട്ടയം ഡിപ്പോയിൽ നടത്തിയ ധർണയിൽ സംസ്ഥാനകമ്മിറ്റിയംഗം കെ.ജി.സുരേഷ് കുമാർ പ്രസംഗിക്കുന്നു. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എസ്.സീതിലാൽ ധർണ ഉദ്ഘാടനം ചെയ്തു.




വിദ്യാർത്ഥികളുടെ കൺസഷൻ നിർത്തലാക്കരുത്

വിദ്യാർത്ഥികളുടെ കൺസഷൻ നിർത്തലാക്കാനുള്ള കെഎസ്ആർടിസിയുടെ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് കോട്ടയം കെഎസ്ആർടിസി ഡിപ്പോയിലേയ്ക്ക് നടന്ന മാർച്ച് എഐഡിഎസ്ഒ സംസ്ഥാന ട്രഷറർ ആർ.മീനാക്ഷി ഉദ്ഘാടനം ചെയ്യുന്നു. രലേഷ് ചന്ദ്രൻ, ആമി എസ് എന്നിവർ പ്രസംഗിച്ചു.



വിശ്വനാഥന്റെ മരണം അന്വേഷിക്കുക

വിശ്വനാഥന്റെ ദുരൂഹമരണം: മനുഷ്യാവകാശ കൂട്ടായ്മ കണ്ണൂർ കളക്ട്രേറ്റിലേയ്ക്ക് നടത്തിയ മാർച്ച് ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു. കുഞ്ഞമ്പു കല്യാശ്ശേരി, അഡ്വ. കസ്തൂരി ദേവൻ, വി.ദേവദാസ്, കെ.കെ.സുരേന്ദ്രൻ, ബി.ദാമോദരൻ, നിഷിൽകുമാർ, മേരി എബ്രഹാം എന്നിവർ പ്രസംഗിച്ചു.

# കെഎസ്ആർടിസിയെ സംരക്ഷിക്കുവാനും തൊഴിലാളികളുടെയും യാത്രക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കുവാനും ട്രേഡ് യൂണിയനുകൾ ഒരുമിക്കുക

## സംയുക്ത ട്രേഡ് യൂണിയൻ സമിതി നേതാക്കൾക്ക് എഐയുറ്റിയുസി സംസ്ഥാനകമ്മിറ്റിയുടെ തുറന്ന കത്ത്

To
പ്രസിഡണ്ട് / സെക്രട്ടറി / കൺവീനർ
സംയുക്ത ട്രേഡ് യൂണിയൻ സമിതി,
കേരള സംസ്ഥാനം.

പ്രിയ സഖാവേ / സുഹൃത്തേ,

സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെഎസ്ആർടിസിയിലെ ജീവനക്കാരും പെൻഷൻകാരും ഗുരുതരമായ തൊഴിലവകാശ നിഷേധവും, കടുത്ത ജീവിതപ്രയാസങ്ങളും നേരിടുന്ന സാഹചര്യമാണല്ലോ ഇന്നുള്ളത്. സ്ഥാപനത്തെത്തന്നെ തകർക്കുന്നതും തൊഴിലാളികളെ വഴിയാധാരമാക്കുന്നതുമായ മാനേജ്മെന്റിന്റെയും സർക്കാരിന്റെയും നടപടികൾക്കെതിരെ സംസ്ഥാന സംയുക്ത ട്രേഡ് യൂണിയൻ സമിതി ഇടപെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇക്കാര്യത്തിൽ ഇനിയും നമ്മൾ നിശബ്ദത തുടർന്നാൽ, കെഎസ്ആർടിസി തൊഴിലാളികളോട് മാത്രമല്ല സംസ്ഥാനത്തെ മുഴുവൻ തൊഴിലാളി വർഗ്ഗത്തോടും കാണിക്കുന്ന കടുത്ത അനീതിയായി അത് മാറും.

കേന്ദ്ര സർക്കാരിന്റെ തൊഴിലാളിവിരുദ്ധ-ജനവിരുദ്ധ നയങ്ങൾക്കതിരെ അഖിലേന്ത്യാ തലത്തിലും സംസ്ഥാന തലത്തിലും സമരങ്ങൾ സംഘടിപ്പിക്കുന്ന സംയുക്ത ട്രേഡ് യൂണിയൻ സമിതിക്ക്, സംസ്ഥാനത്തെ പതിറ്റാണ്ടുകളുടെ പാരമ്പര്യവും പെരുമയുമുള്ള കെഎസ്ആർടിസി എന്ന പ്രമുഖ പൊതുമേഖലാ സ്ഥാപനത്തെ കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നയങ്ങൾക്ക് ഇണങ്ങുംപടി പൊളിച്ചടുക്കുന്നത് കണ്ടില്ലെന്ന് നടിക്കാനാകില്ല.

കെഎസ്ആർടിസിയുടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ദീർഘദൂര റൂട്ടുകളും ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുന്ന, ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട, ഒരു സ്വതന്ത്ര കമ്പനിയായ "സ്വിഫ്റ്റി"നെ അതിനകത്ത് സ്ഥാപിച്ചിരിക്കുന്നു. ഈ നടപടി കെഎസ്ആർടിസിയെ ഉള്ളിൽനിന്നും തകർക്കാൻ ഇടവരുത്തും. സ്വിഫ്റ്റിലെ ജീവനക്കാരെ മുഴുവൻതന്നെ കരാറടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ ലേബർ കോഡിലൂടെ കൊണ്ടുവന്ന "ഫിക്സഡ് ടേം എംപ്ലോയിമെന്റ്" എന്ന തൊഴിലാളിവിരുദ്ധ നയം സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കിയതും ഈ സ്വിഫ്റ്റ് കമ്പനിയിലാണ് എന്നത് യാദൃശ്ചികമല്ല.

നിലവിലുള്ള 25,000 ഓളം ജീവനക്കാരുടെയും 41,000 പെൻഷൻകാരുടെയും ജീവിതം പാടെ തകർക്കുന്ന നടപടികളാണ് സർക്കാരും മാനേജ്മെന്റും ചേർന്ന് നടപ്പാക്കുന്നത്. പ്രതിമാസം 250 കോടിയോളം രൂപ ടിക്കറ്റ് വരുമാനമുണ്ടാക്കുന്ന തൊഴിലാളികൾക്ക് നിയമാനുസൃതം ശമ്പളം നൽകുന്നില്ല. ഇതിനുള്ള ബാദ്ധ്യത തങ്ങൾക്കില്ലെന്ന സമീപനമാണ് മാനേജ്മെന്റും സർക്കാരും പ്രകടിപ്പിക്കുന്നത്. ഓരോ മാസത്തെയും ശമ്പളം അടുത്ത മാസം 5-ാം തീയതിയും കഴിഞ്ഞ്, അതിനടുത്ത മാസമായിട്ടുപോലും നല്കാത്ത അവസ്ഥയാണ്. പെൻഷന്റെ സ്ഥിതിയും ഇങ്ങനെതന്നെ. പങ്കാളിത്ത പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ട വിഹിതം, തൊഴിലാളികളുടെ ശമ്പളത്തിൽനിന്ന് പിടിക്കുന്ന ഇൻഷ്വറൻസ് പ്രീമിയം, ഹൗസ് ലോൺ റിക്കവറി തുടങ്ങിയവപോലും യഥാസമയം അടക്കുന്നതിൽ മാനേജ്മെന്റ് ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു.

ശമ്പളത്തിനുപകരം കൂപ്പൺ ഏർപ്പെടുത്താനുള്ള കോടതി നിർദ്ദേശം തൊഴിലാളികൾ തള്ളിക്കളഞ്ഞപ്പോൾ, "12 മണിക്കൂർ സിംഗിൾ ഡ്യൂട്ടി" എന്ന പ്രാകൃത നയം സർക്കാർ തൊഴിലാളികളുടെമേൽ അടിച്ചേല്പിച്ചു. ഇതംഗീകരിച്ചാൽ മാത്രമേ ശമ്പളം നൽകുകയുള്ളൂ എന്ന മാനേജ്മെന്റിന്റെ സമ്മർദ്ദത്തിന് തൊഴിലാളികൾ വഴങ്ങേണ്ടി വന്ന സ്ഥിതി സംസ്ഥാനത്തുണ്ടായത് ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളെ ലജ്ജിപ്പിക്കുന്നതാണ്. ഇപ്പോൾ തവണകളായി ശമ്പളം നൽകാമെന്ന, കേട്ടുകേൾവിയില്ലാത്ത നടപടിയുമായി സർക്കാർ മുന്നോട്ട് വന്നിരിക്കുന്നു. ശമ്പളം ലഭിക്കണമെങ്കിൽ മാനേജ്മെന്റ് നല്കുന്ന ടാർജറ്റ് തികയ്ക്കണമെന്ന, തൊഴിൽ നിയമങ്ങളെയെല്ലാം വെല്ലുവിളിക്കുന്ന മറ്റൊരു നിബന്ധനയും അടിച്ചേല്പിക്കുകയാണ്! നിർബന്ധിത റിട്ടയർമെന്റ് സ്കീം (CRS) നടപ്പിലാക്കാനുള്ള തയ്യാറെടുപ്പുകൾ അണിയറയിൽ നടത്തിക്കൊണ്ടിരിക്കുകയാണ് എന്നാണ് ഒടുവിലായി അറിയുന്നത്.

ഇപ്രകാരം, രാജ്യത്തെ സംഘടിത തൊഴിൽ രംഗത്ത് എങ്ങുമില്ലാത്ത തൊഴിലാളി വിരുദ്ധ നടപടികളാണ് കെഎസ്ആർടിസിയിൽ നടപ്പാക്കുന്നത്. വലുപ്പത്തിന്റെ കാര്യത്തിൽ രാജ്യത്തെ അഞ്ചാമത്തെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗ്(STU) ആണ് കെഎസ്ആർടിസി. 8 കോടിയോളം രൂപ പ്രതിദിനം വരുമാനമുണ്ടാക്കുന്ന ഈ സ്ഥാപനം നഷ്ടത്തിന്റെ കണക്കു പറഞ്ഞ് തൊഴിലാളികളെ ദ്രോഹിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ലേബർ കോഡുകളെ വരെ അതിനായി കൂട്ടുപിടിക്കുന്നു.

ആർടിസി ആക്ട് 1950 അനുസരിച്ച് പ്രവർത്തിക്കുന്ന കെഎസ്ആർടിസിയുടെ നയപരമായ തീരുമാനമെടുക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. അതുകൊണ്ടുതന്നെ ഒരു സിഎംഡിയിൽ കുറ്റമാരോപിച്ചുകൊണ്ട് കൈ കഴുകാൻ ആർക്കും കഴിയില്ല.

ഈ സാഹചര്യത്തിൽ, സംസ്ഥാനത്തെ സംഘടിത മേഖലയിലുള്ള ഒരു സുപ്രധാന തൊഴിൽ സ്ഥാപനമായ, പ്രത്യേകിച്ചും ലാഭ-നഷ്ട പരിഗണനയ്ക്കതീതമായി സാധാരണക്കാർക്ക് പൊതുഗതാഗത സൗകര്യം പ്രദാനം ചെയ്യുകയെന്ന സാമൂഹ്യ ഉത്തരവാദിത്തം നിർവ്വഹിക്കേണ്ട സ്ഥാപനമായ, കെഎസ്ആർടിസിയിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വിധം നടക്കുന്ന പൊളിച്ചടുക്കലിനും തൊഴിലാളിവിരുദ്ധ നടപടികൾക്കുമെതിരെ സംസ്ഥാന സംയുക്ത ട്രേഡ് യൂണിയൻ സമിതി രംഗത്തിറങ്ങണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. കെഎസ്ആർടിസിയിലെ തൊഴിലാളികൾ മാത്രമായി ഒരു പ്രക്ഷോഭണം നടത്തി ഈ നയങ്ങളെ പരാജയപ്പെടുത്തുവാൻ ഇന്നത്തെ സ്ഥിതിയിൽ അവർക്ക് ധാരാളം പരിമിതികളുണ്ട്. മറ്റ് മേഖലകളിലെ തൊഴിലാളികളും തൊഴിലാളി പ്രസ്ഥാനങ്ങളും ഒറ്റക്കെട്ടായി ഇതിനെതിരെ തെരുവിലിറങ്ങുകയാണ് വേണ്ടത്. തൊഴിലാളികൾക്കെതിരെ അധികാരികൾ തയ്യാറാക്കി വരുന്ന "കെഎസ്ആർടിസി മാതൃക" മറ്റ് തൊഴിൽ മേഖലകളിലേക്ക് കൊണ്ടുവരുന്നതിനെ തടയാനും ഇതാവശ്യമാണ്. ഇല്ലങ്കിൽ കേരളത്തിലെ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന് ഭാവിയിൽ കടുത്ത വില നല്കേണ്ടിവരും.

പൊതു ഗതാഗതത്തിൽ (റോഡ്) കെഎസ്ആർടിസിയുടെ ഇപ്പോഴുള്ള വിഹിതമായ 26% വർദ്ധിപ്പിക്കേണ്ടത്, സംസ്ഥാനത്തിന്റെ യാത്രാ ആവശ്യകത നിറവേറ്റാനും സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും ആവശ്യമാണ്. എന്നാൽ, യാത്രാ ക്ലേശം രൂക്ഷമാക്കും വിധം വൻതോതിൽ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുകയാണ് ഗതാഗത വകുപ്പ്. അതുകൊണ്ട്, 2014 ആഗസ്റ്റിൽ "കെഎസ്ആർടിസിയെ രക്ഷിക്കുക" എന്ന മുദ്രാവാക്യമുയർത്തി നമ്മൾ നടത്തിയ സംയുക്ത സമരത്തിന്റെ മാതൃകയിൽ ഒരു ശക്തമായ പ്രക്ഷോഭണം, അതി ഭീഷണമായ ഈ സമയമെങ്കിലും ആരംഭിക്കണം.

ഇതേക്കുറിച്ച് ആലോചിക്കുവാൻ സംസ്ഥാന സംയുക്ത ട്രേഡ് യൂണിയൻ സമിതി വിളിച്ചു ചേർക്കണമെന്ന് സംയുക്ത സമിതിയുടെ പ്രസിഡണ്ട്, സെക്രട്ടറി, കൺവീനർ എന്നിവരോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ സമയോചിതം ഇടപെടാൻ മുമ്പോട്ട് വരണമെന്ന് സംയുക്ത സമിതിയിലെ എല്ലാ ട്രേഡ് യൂണിയൻ ഭാരവാഹികളോടും വിനയപൂർവ്വം ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**ആർ.കുമാർ** (പ്രസിഡണ്ട്)
**വി.കെ.സദാനന്ദൻ** (സെക്രട്ടറി)

ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (AIUTUC), സംസ്ഥാന കമ്മിറ്റി

---

(10-ാം പേജിൽ നിന്ന്)

ന്നത്. ഉദാഹരണത്തിന്, ടെണ്ടുൽക്കർ കമ്മിറ്റി 2011-12ൽ തന്നെ ഗ്രാമപ്രദേശങ്ങളിൽ 816 രൂപയിൽ താഴെയും നഗരങ്ങളിൽ 1000 രൂപയിൽ താഴെയും പ്രതിമാസ വരുമാനമുള്ളവരെ ദാരിദ്ര്യരേഖയ്ക്ക് താഴെയായി തരംതിരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. ഇന്നും അതാണ് ഔദ്യോഗിക മാനദണ്ഡം. കഴിഞ്ഞ പത്തുവർഷമായി പണപ്പെരുപ്പം അസാധാരണമാംവിധം ഉയർന്നപ്പോൾ ആർക്കെങ്കിലും ഇന്ന് ആ മാനദണ്ഡം പാലിക്കാൻ കഴിയുമോ? പക്ഷേ, ദാരിദ്ര്യരേഖ മാത്രമല്ല ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം. ഭക്ഷണത്തിനായുള്ള പൊതുവിതരണ സമ്പ്രദായം ജനസംഖ്യയുടെ ഏകദേശം 67% (93.8 കോടി) ജനങ്ങളെ ഉൾക്കൊള്ളുന്നു, അവർ 'ഇല്ലായ്മയുള്ളവരായി' കണക്കാക്കപ്പെടുന്നു. ഇല്ലായ്മയുടെ മാനദണ്ഡം എന്ന് വിളിക്കപ്പെടുന്ന ചില നിബന്ധനകൾ പാലിക്കുന്നുണ്ടെങ്കിൽ ആ കുടുംബങ്ങളെ ഇല്ലായ്മക്കാരുടെയോ ദുർബലരുടെയോ പട്ടികയിലാണ് ഉൾപ്പെടുത്തുക. ഈ മാനദണ്ഡങ്ങൾ ഗ്രാമങ്ങൾക്കും നഗരങ്ങൾക്കും പ്രത്യേകം നിശ്ചയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞതുപോലെ, 80 കോടി ആളുകൾ സൗജന്യ റേഷന് അർഹരായതായി കണ്ടെത്തി.

അതിനാൽ, അസമത്വത്തിന്റെ വ്യാപ്തി ഒരാൾക്ക് നന്നായി മനസ്സിലാക്കാൻ കഴിയും. വരുംനാളുകളിൽ ഇത് ഇനിയും കൂടാനാണ് സാധ്യത. എത്രതന്നെ ആശ്വാസ പദ്ധതികളോ, മധുരം പൊതിഞ്ഞ വാക്കുകളോ, വർണ്ണാഭമായ സ്വപ്നങ്ങൾ കൈമാറുന്നതോ, ഇന്ത്യയുടെ ആഭ്യന്തരത്തകർച്ചയുടെ ബാഹ്യകാരണങ്ങളെക്കുറിച്ച് ആവർത്തിച്ച് വിലപിക്കുന്നതോ "പ്രതീക്ഷിച്ചതിലും കുറഞ്ഞ പ്രവർത്തനത്തെ" മയപ്പെടുത്തി അവതരിപ്പിക്കുന്നില്ല.

### സാമ്പത്തികശാസ്ത്ര പദാവലികളാൽ ജനങ്ങൾ വഞ്ചിതരാകരുത്

തീർച്ചയായും, വസ്തുനിഷ്ഠയാഥാർത്ഥ്യം വിരൽ ചൂണ്ടുന്നത് 'പ്രകാശബിന്ദുവിലേയ്ക്കല്ല, ഒരു രക്തബിന്ദുവിലേക്കാണ്. പത്തോ ഇരുപതോ അല്ലെങ്കിൽ മുപ്പതോ വർഷങ്ങൾക്കുശേഷം ഇന്ത്യ എത്ര ട്രില്യൺ സമ്പദ്വ്യവസ്ഥയായി മാറിയാലും, ജനങ്ങളുടെ അവസ്ഥ കൂടുതൽ മോശമായി തുടരും. ഭരിക്കുന്ന കുത്തക മുതലാളിമാർക്കും അവരുടെ വിധേയസേവകരായ ബിജെപി സർക്കാരിനും അത് അറിയാം. അതുകൊണ്ട്, തന്ത്രപൂർവ്വം, പ്രധാനമന്ത്രി മോദിയും അദാനിയും ട്രില്യൺ കണക്കിന് സമ്പദ്വ്യവസ്ഥയുടെലക്ഷ്യംകൈവരിക്കുമെന്ന് വീമ്പിളക്കിക്കൊണ്ട് 'അച്ഛേ ദിൻ' വരാനുള്ള സമയക്രമം പത്തുംഇരുപതും വർഷം മാറ്റിവയ്ക്കുകയാണ്.

മുതലാളിത്ത വ്യവസ്ഥിതിയുടെ ദയനീയാവസ്ഥ വാക്കുകൾക്ക് അതീതമാണ്. ഒരുവശത്ത്, പ്രതിസന്ധി ലഘൂകരിക്കാൻ നായയുടെ വാൽ നേരെയാക്കുന്നതുപോലെ മുതലാളിമാരുടെ വിപുലീകരണ തൃഷ്ണയെ നിയന്ത്രിക്കാനും ചിട്ടപ്പെടുത്താനും ശ്രമിക്കുന്നു. മറുവശത്ത്, വൻതോതിലുള്ള വിഭവങ്ങൾ സമാഹരിക്കാനും, രാജ്യത്തിനകത്തോ വിദേശത്തോ മൂലധനത്തിന്റെ അതിവിപുലമായ നിക്ഷേപത്തിന് പുതിയ വഴികൾ കണ്ടെത്തി, വ്യവസ്ഥിതിയുടെഭാഗമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നകമ്പോളപ്രതിസന്ധിയെ എങ്ങനെയെങ്കിലും ഒഴിവാക്കാനും ശ്രമിക്കുന്നു. പക്ഷേ, അത് പ്രതിസന്ധിയെ പരിഹരിക്കുകയില്ല, കൂടുതൽ വിപുലവും രൂക്ഷവുമാക്കുകയേയുള്ളൂ. എന്നാൽ മുതലാളിത്ത സമ്പദ്വ്യവസ്ഥയ്ക്കുമുന്നിൽ മറ്റ് മാർഗമില്ല. ഒരു പ്രതിസന്ധിയെ മറികടക്കാൻ ശ്രമിക്കുമ്പോൾ അടുത്ത നിമിഷം അത് കൂടുതൽ തീവ്രമായ മറ്റൊരു പ്രതിസന്ധിയിലേക്ക് വീഴുന്നു. പരമ്പരാഗത പാഠപുസ്തകങ്ങളും, കാലാകാലങ്ങളിൽ ആശങ്കാകുലരായ ബൂർഷ്വാ സാമ്പത്തികവിദഗ്ദ്ധർ മുന്നോട്ടുവെക്കുന്ന പുതിയ സിദ്ധാന്തങ്ങളും ചിലപ്പോൾ നൊബേൽ സമ്മാനം നേടിയേക്കാം. പക്ഷേ മുതലാളിത്ത പ്രതിസന്ധിയുടെ ഈ ഊരാക്കുടുക്കിന് ഉത്തരമുണ്ടാകില്ല. കൂടുതൽ ദിവസങ്ങൾ കടന്നുപോകുന്തോറും, സാധാരണക്കാരായ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ വഹിക്കേണ്ടിവരുന്ന പ്രതിസന്ധിയുടെ ആഘാതം കൂടുതൽ വഷളാകുക തന്നെ ചെയ്യും. ■

# തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ് ജോസഫ് സ്റ്റാലിന് ലാൽസലാം



**ലോ**കതൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ ആചാര്യൻ സഖാവ് ജോസഫ് സ്റ്റാലിന്റെ 70-ാം ചരമവാർഷികദിനമാണ് മാർച്ച് 5. മുമ്പെന്നത്തെക്കാളും തീവ്രമായി ലോകമെമ്പാടും തൊഴിലാളികളും ഇതര ചൂഷിത ജനങ്ങളും സാമ്രാജ്യത്വ-മുതലാളിത്ത ചൂഷണത്തിന്റെ നുകത്തിൽ ഞെരിഞ്ഞമരുന്ന കാലഘട്ടമാണിത്. അവരുടെ മോചനത്തിനായുള്ള പോരാട്ടം ശരിയായ ദിശയിൽ വളർത്തിയെടുക്കുവാൻ മാർക്സിസ്റ്റ് ദർശനത്തെ ആഴത്തിൽ പഠിക്കുകയും ആ പാഠങ്ങളുടെ വെളിച്ചത്തിൽ ഉജ്വല പോരാട്ടങ്ങൾ വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. തൊഴിലാളിവർഗ്ഗത്തിന്റെ അത്യുന്നതരായ ഇതര നേതാക്കളോടൊപ്പം അവരിൽ ഒരാളായ സഖാവ് സ്റ്റാലിനെയും പഠിക്കാതെ ഈ ദൗത്യത്തിൽ മുന്നേറാൻ ലോകതൊഴിലാളി പ്രസ്ഥാനത്തിന് സാധ്യമാകുകയില്ല.

മഹാന്മാരായ കമ്മ്യൂണിസ്റ്റ് ആചാര്യന്മാരിൽ ഏറ്റവുമധികം നുണ പ്രചാരണങ്ങൾക്കും ആക്രമണങ്ങൾക്കും ഇരയായിട്ടുള്ള ആളാണ് സഖാവ് സ്റ്റാലിൻ. അദ്ദേഹം അന്തരിച്ചിട്ട് എഴുപത് വർഷങ്ങൾ പിന്നിടുമ്പോഴും കൂടുതൽ വീറോടെ മുതലാളിത്ത മാധ്യമങ്ങളും ബൂർഷ്വാബുദ്ധി ജീവികളും നടത്തുന്ന ഈ ആക്രമണങ്ങൾ സ്റ്റാലിനെ മുതലാളിത്ത ലോകം എത്രമേൽ ഭയപ്പെടുന്നു എന്നതിന്റെ തെളിവാണ്. മുതലാളിത്തലോകം എത്രത്തോളം ഭയത്തോടും ശത്രുതയോടും സ്റ്റാലിനെ കാണുന്നുവോ അത്രത്തോളംതന്നെ അദ്ദേഹത്തിന്റെ ചെയ്തികൾ തൊഴിലാളികളുടെയും ചൂഷിതരുടെയും താൽപര്യങ്ങളുമായി താദാത്മ്യപ്പെട്ടിരുന്നുവെന്ന് വെളിവാക്കുന്നു.

സാറിസ്റ്റ് റഷ്യയിലെ അടിച്ചമർത്തപ്പെട്ട ദേശീയതകളിലൊന്നായ ജോർജ്ജിയയിലെ അടിച്ചമർത്തപ്പെട്ട ഒരു തൊഴിലാളികുടുംബത്തിൽനിന്നും ഉയർന്നുവന്ന നേതാവായിരുന്നു അദ്ദേഹം. അതിസമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്ന അദ്ദേഹം പഠിച്ചിരുന്ന സെമിനാരിയിൽ, സാറിസ്റ്റ് റഷ്യയിൽ നിഷിദ്ധമായിരുന്ന പുരോഗമന സാഹിത്യകൃതികൾ വായിച്ച് പുരോഗമന ആശയങ്ങളിലേയ്ക്കും മാർക്സിന്റെ സിദ്ധാന്തങ്ങളിലേയ്ക്കും എത്തിച്ചേർന്നു. അതിന്റെ പേരിൽ സെമിനാരിയിൽനിന്നും പുറത്താക്കപ്പെട്ട അദ്ദേഹം ടിഫ്ലിസിലെ റെയിൽവേ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടാണ് തന്റെ തൊഴിലാളിവർഗ്ഗ പോരാട്ടങ്ങൾക്ക് തുടക്കം കുറിച്ചത്. പിന്നീട് സാറിസ്റ്റ് ഭരണകൂടത്തിന്റെ അടിച്ചമർത്തലുകളെ ധീരോചിതം നേരിട്ട് മുന്നോട്ടുപോയി. നിരവധി തവണ നാടുകടത്തപ്പെട്ടു. ഓരോ തവണയും സാഹസികമായി തിരികെയെത്തി ഉജ്വലമായ തൊഴിലാളി സമരങ്ങൾ സംഘടിപ്പിച്ചു.

1917 നവംബറിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നാളുകളിൽ മഹാനായ നേതാവ് സഖാവ് ലെനിൻ മാർക്സിസത്തെ ശരിയായി വിശകലനം ചെയ്തുകൊണ്ട് റഷ്യൻ മണ്ണിൽ ആദ്യത്തെ തൊഴിലാളിവർഗ്ഗ ഭരണകൂടം സ്ഥാപിച്ചുകൊണ്ട് അത് പ്രായോഗികമാക്കിയപ്പോൾ ലെനിന്റെ ഉറ്റ ശിഷ്യനായി സ്റ്റാലിൻ മാറി. ട്രോട്സ്കിയെപ്പോലെയുള്ള നേതാക്കന്മാർക്ക് ലെനിൻ മുന്നോട്ടുവച്ച വിപ്ലവത്തിന്റെ ആശയത്തെ ആദ്യം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഫെബ്രുവരി വിപ്ലത്തിലൂടെ അധികാരമേറ്റ കെരൻസ്കിയുടെ താൽക്കാലിക ബൂർഷ്വാ ഗവൺമെന്റിന്റെ വർഗ്ഗസ്വഭാവം തിരിച്ചറിഞ്ഞ് അതിനെതിരെ ദരിദ്രകർഷകരുമായി ചേർന്ന് തൊഴിലാളിവർഗ്ഗം അധികാരം പിടിച്ചെടുക്കുകയെന്ന വിപ്ലവനയം ലെനിൻ മുന്നോട്ടു വച്ചപ്പോൾ അതിനെ ട്രോട്സ്കി അടക്കമുള്ളവർക്ക് സ്വീകരിക്കാൻ കഴിഞ്ഞില്ല.

മുതലാളിത്തത്തിന്റെ വളർച്ചയുടെ ആദ്യഘട്ടത്തിൽ, വികസിത മുതലാളിത്ത രാജ്യങ്ങളിലായിരിക്കും ആദ്യം തൊഴിലാളിവർഗ്ഗ വിപ്ലവം നടക്കുക എന്ന നിഗമനത്തിൽനിന്നും മാറി മുതലാളിത്ത വളർച്ചയുടെ പരമോന്നത ഘട്ടമായ സാമ്രാജ്യത്വ നാളുകളിൽ അതൊരു ലോകവ്യവസ്ഥയായി മാറിയെന്നും പിന്നാക്ക മുതലാളിത്ത രാജ്യങ്ങളുടെ സ്വതന്ത്ര്യവികാസം പരിമിതപ്പെട്ടുവെന്നും ലെനിൻ ചൂണ്ടിക്കാട്ടി. സാമ്രാജ്യത്വ ചങ്ങലയിലെ ദുർബലമായ കണ്ണിയെ തകർക്കുക എന്നതാണ് ഇക്കാലഘട്ടത്തിൽ കൂടുതൽ സാധ്യമാകുകയെന്നും അദ്ദേഹം മനസ്സിലാക്കി. സാമ്രാജ്യത്വലോകയുദ്ധത്തിന്റെ ഘട്ടത്തിൽ റഷ്യപോലെയുള്ള പിന്നാക്ക മുതലാളിത്ത രാജ്യങ്ങളിൽ സാമ്രാജ്യത്വത്തിന്റെ ചങ്ങല ദുർബലമാണെന്നും, ആഭ്യന്തരമായി വർഗ്ഗസമരം അതിരൂക്ഷമായിരിക്കുകയും അതിനെ നയിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തി പ്രാപിക്കുകയും ചെയ്തിരുന്നു എന്നതിനാൽ റഷ്യയിൽ വിപ്ലവം സാധ്യമാണ് എന്നദ്ദേഹം തിരിച്ചറിഞ്ഞു.

> **മാർക്സിസത്തെ വസ്തുനിഷ്ഠ സാഹചര്യത്തിൽ പ്രയോഗിക്കാൻ ലെനിന് സാധ്യമായി. ദ്വന്ദ്വാത്മക ചിന്താപ്രക്രിയ സ്വായത്തമാക്കിയ സ്റ്റാലിന് ലെനിന്റെ വിശകലനങ്ങൾ പൂർണമായും മനസ്സിലാക്കാനും അത് ഏറ്റെടുക്കാനും സാധിച്ചു. റഷ്യയുടെ വസ്തുനിഷ്ഠ സാഹചര്യത്തിനനുസരിച്ച് ലെനിൻ മുന്നോട്ടുവച്ച ആശയം റഷ്യയിലെ തൊഴിലാളിവർഗ്ഗവും കർഷകരും ഏറ്റെടുത്തതിലൂടെയാണ് ഐതിഹാസികമായ റഷ്യൻ വിപ്ലവം വിജയം വരിച്ചത്.**

മാർക്സിസത്തെ വസ്തുനിഷ്ഠ സാഹചര്യത്തിൽ പ്രയോഗിക്കാൻ ലെനിന് സാധ്യമായി. ദ്വന്ദ്വാത്മക ചിന്താപ്രക്രിയ സ്വായത്തമാക്കിയ സ്റ്റാലിന് ലെനിന്റെ വിശകലനങ്ങൾ പൂർണമായും മനസ്സിലാക്കാനും അത് ഏറ്റെടുക്കാനും സാധിച്ചു. നേരെ മറിച്ച് ട്രോട്സ്കിയാകട്ടെ, ലെനിൻ മുന്നോട്ടുവച്ച, ദരിദ്രകർഷരുമായി ചേർന്നുള്ള വിപ്ലവത്തിന്റെ ലൈൻ തള്ളിക്കളഞ്ഞ ആളായിരുന്നു. റഷ്യയുടെ വസ്തുനിഷ്ഠസാഹചര്യത്തിനനുസരിച്ച് ലെനിൻ മുന്നോട്ടുവച്ച ആശയം റഷ്യയിലെ തൊഴിലാളിവർഗ്ഗവും കർഷകരുംഏറ്റെടുത്തതിലൂടെയാണ് ഐതിഹാസികമായ റഷ്യൻ വിപ്ലവം വിജയം വരിച്ചത്.

വിപ്ലവാനന്തരം സാമ്രാജ്യത്വ യുദ്ധത്തിന് വിരാമമിടുകയെന്ന ദുരിതമനുഭവിക്കുന്ന റഷ്യൻ ജനതയുടെ അടിയന്താരവശ്യകത നേടിയെടുക്കുവാൻ ലെനിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് ഭരണകൂടം ശ്രമം ആരംഭിച്ചു. സാമ്രാജ്യത്വശക്തികൾ റഷ്യയിൽ അധികാരത്തിൽനിന്നും നിഷ്കാസിതരായ പ്രതിലോമശക്തികളുമായി ചേർന്ന് ഇടങ്കോലിടൽ യുദ്ധം തുടർന്നു. അതിനെയെല്ലാം അതിജീവിക്കാൻ ആ നവജാത സോഷ്യലിസ്റ്റ് രാഷ്ട്രം ലെനിന്റെ നേതൃത്വത്തിൽ നടത്തിയ അത്യുജ്വലമായ പോരാട്ടത്തിൽ ലെനിന്റെ ഉറച്ച പടയാളിയായി സ്റ്റാലിൻ നിലകൊണ്ടു.

ശരിയായ മാർക്സിസ്റ്റ് വിശകലനപദ്ധതിയുടെ അടിസ്ഥാനത്തിൽ കൃത്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ലെനിൻ സോഷ്യലിസ്റ്റ് നിർമ്മാണ പ്രക്രിയകൾക്ക് തുടക്കം കുറിച്ചു. യുദ്ധം സൃഷ്ടിച്ച ക്ഷാമത്തെയും കെടുതിയെയും നേരിടാൻ യുദ്ധകാല കമ്മ്യൂണിസം നടപ്പിലാക്കി. തുടർന്ന് യുദ്ധാനന്തരം സമ്പദ്ഘടനയുടെ ത്വരിത വളർച്ചയ്ക്ക് പുത്തൻ സാമ്പത്തിക നയം(NEP) നടപ്പിലാക്കി. ഈ ഘട്ടങ്ങളിലെല്ലാം പാർട്ടിയിലെ ഇടതുവലതു വ്യതിയാനങ്ങൾക്ക് ഇരയായ നേതാക്കൾ തടസ്സങ്ങൾ സൃഷ്ടിക്കുമ്പോൾ അവയുടെ പ്രാധാന്യം പൂർണമായും മനസ്സിലാക്കാനും അവ പ്രയോഗത്തിൽ വരുത്താനും കഴിഞ്ഞത് സ്റ്റാലിനാണ്.

1924 ജനവരി 21ന് ആദ്യസോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ ശിൽപ്പി സഖാവ് ലെനിൻ അന്തരിച്ചു. ലെനിന്റെ അസാന്നിദ്ധ്യത്തിൽ റഷ്യയിലെ സോഷ്യലിസ്റ്റ് ഭരണകൂടത്തിന് മുന്നേറാനാവില്ലെന്ന ശത്രുക്കളുടെ കണക്കുകൂട്ടലുകളെല്ലാം തെറ്റിച്ച് ലെനിന്റെ പാത പിന്തുടർന്ന സഖാവ് സ്റ്റാലിൻ ഓരോ ഘട്ടങ്ങളിലും കൃത്യമായ തീരുമാനങ്ങളെടുത്ത് സുദൃഢമായ അടിത്തറയിൽ സോവിയറ്റ് യൂണിയൻ എന്ന ആദ്യസോഷ്യലിസ്റ്റ് രാഷ്ട്രം പടുത്തുയർത്തി. ഉദാത്തമായ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ ക്രിയാത്മകത കെട്ടഴിച്ചുവിട്ടുകൊണ്ടാണ് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ ഒരു അജയ്യശക്തിയാക്കി മാറ്റിയത്. പിന്നാക്കം നിന്ന കർഷകരാജ്യത്തെ വികസിത മുതലാളിത്ത രാജ്യങ്ങളെ വെല്ലുന്ന വ്യാവസായിക രാജ്യമാക്കി മാറ്റി. വികസിത മുതലാളിത്ത രാജ്യങ്ങളിൽ ഉൽപ്പാദനം കുന്നുകൂടുമ്പോഴും ദാരിദ്ര്യവും തൊഴിലില്ലായ്മയും പെരുകുമ്പോഴും സാമൂഹ്യതാൽപര്യത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന-വിതരണരംഗത്ത് നടത്തിയ ആസൂത്രണത്തിലൂടെ തൊഴിലില്ലായ്മയും പട്ടിണിയും നിരക്ഷരതയും എല്ലാം തുടച്ചുമാറ്റിയ ആദ്യത്തെ ആധുനിക രാജ്യമായി സോവിയറ്റ് യൂണിയൻ മാറി. ആ സോഷ്യലിസ്റ്റ് നിർമ്മാണപ്രക്രിയയുടെ അമരത്ത് ഉണ്ടായിരുന്നത് സഖാവ് സ്റ്റാലിനായിരുന്നു.

അങ്ങേയറ്റം പിന്നാക്കാവസ്ഥയിൽനിന്നിരുന്ന കാർഷികമേഖല, കൂട്ടുകൃഷിക്കളങ്ങൾ രൂപീകരിച്ച് തുണ്ടുഭൂമികളായി കിടന്നിരുന്ന കൃഷിഭൂമിയെ വൻതോതിൽ യന്ത്രവത്ക്കരണത്തിലൂടെ ഉൽപാദനത്തിൽ അഭൂതപൂർവമായ വർദ്ധനയുണ്ടാക്കി. കൂട്ടു കൃഷിക്കളങ്ങൾ രൂപീകരിക്കുന്നതിനുമുമ്പുള്ള റഷ്യൻ കാർഷികമേഖലയെക്കുറിച്ച് പ്രശസ്ത അമേരിക്കൻ പത്രപ്രവർത്തക അന്നലൂയിസ് സ്ട്രോംഗ് പറയുന്നത് ഇപ്രകാരമാണ്, '1928ൽ റഷ്യൻ കൃഷിക്കാർ മധ്യയുഗത്തിലെ എന്നല്ല, ബൈബിൾ കാലഘട്ടത്തോളം പഴക്കമുള്ള സമ്പ്രദായങ്ങൾ അനുസരിച്ചാണ് കൃഷിചെയ്തിരുന്നത്. അവർ നാട്ടിൻ പുറങ്ങളിൽ ജീവിക്കുകയും പാടങ്ങളിലേയ്ക്ക് ദീർഘദൂരം നടന്നുപോകുകയും ചെയ്തിരുന്നു. ഒരു കുടുംബത്തിന് പത്തോ പന്ത്രണ്ടോ ഏക്കർ കൃഷിഭൂമി ഉണ്ടായിരുന്നത് ഒരു ഡസൻ സ്ഥലങ്ങളിലായി ചിന്നിച്ചിതറി തുണ്ടുഭൂമികളായാണ് കിടന്നിരുന്നത്. പലപ്പോഴും ഒരുനുകം തിരിക്കാൻ പോലുമിടയില്ലാത്തവിധത്തിൽ അപഹാസ്യമാംവിധം വീതി കുറഞ്ഞ കഷണങ്ങളായിരുന്നു ഈ ഓരോ തുണ്ടും. കൃഷിക്കാരിൽ നാലിലൊന്നുപങ്കിനും ഒരു കുതിര പോലും സ്വന്തമായിട്ടുണ്ടായിരുന്നില്ല. ഒരു ജോഡി കുതിരയോ കാളകളോ സ്വന്തമായിട്ടുള്ളവർ പകുതിയിൽ താഴെയേ വരൂ. അതുകൊണ്ട് അവർ പലപ്പോഴും പാടങ്ങൾ ഉഴുതില്ല. ഉഴുതതുതന്നെ ലോഹംകൊണ്ടുള്ള നാക്കില്ലാത്ത തടിക്കലപ്പകളുപയോഗിച്ചാണ്. ഒരിക്കലും മണ്ണ് ആഴത്തിൽ ഉഴുതുമറിച്ചിരുന്നില്ല. വിതച്ചിരുന്നത് കൈകൊണ്ടാണ്. വിത്തിൽ പകുതിയും കാറ്റും പക്ഷികളും കൊണ്ടുപോയിരുന്നു.

ഇവിടെനിന്നാണ് കൂട്ടുകൃഷിക്കളങ്ങളിലൂടെ മിച്ച ഭക്ഷ്യോൽപാദനം സോവിയറ്റ് യൂണിയൻ സാധ്യമാക്കിയത്. വ്യാവസായികമേഖലയിലും മുതലാളിത്തലോകം അസാധ്യമെന്ന് കരുതിയ ഉൽപ്പാദന വളർച്ച സോവിയറ്റ് യൂണിയൻ നേടി. ലോക മുതലാളിത്ത രാജ്യങ്ങൾ കമ്പോളപ്രതിസന്ധിയിൽ ആണ്ടുമുങ്ങി ആഗോള സാമ്പത്തിക മാന്ദ്യത്തിലേയ്ക്ക് നീങ്ങുന്ന ഘട്ടത്തിലാണ് സോവയിറ്റ് യൂണിയൻ ഐതിഹാസികമായ നേട്ടങ്ങൾ കൈവരിച്ചത്. മുതലാളിത്ത കമ്പോളത്തിന്റെ പ്രതിസന്ധി അതിനെ രണ്ടാം ലോകമഹായുദ്ധത്തിലേയ്ക്ക് തള്ളിവിട്ടു. ഹിറ്റ്ലറുടെ നേതൃത്വത്തിലുള്ള ഫാ

(ശേഷം 13–ാം പേജിൽ)

# അവശതാ പെൻഷൻ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കശുവണ്ടി തൊഴിലാളികളുടെ 48മണിക്കൂർ സത്യാഗ്രഹം

ഗുരുതരമായ രോഗങ്ങൾ ബാധിച്ച് ചികിത്സയിലായിരിക്കുന്ന തൊഴിലാളികൾക്ക് നൽകിവന്നിരുന്ന അവശതാ പെൻഷൻ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കശുവണ്ടി തൊഴിലാളി സെന്ററിന്റെ (എഐയുടിയുസി) ആഭിമുഖ്യത്തിൽ കൊല്ലത്ത് കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് ചീഫ് ഓഫീസിന് മുന്നിൽ തൊഴിലാളികളുടെ 48മണിക്കൂർ സത്യാഗ്രഹം നടന്നു.



അവശതാപെൻഷൻ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നടന്ന 48 മണിക്കൂർ സത്യാഗ്രഹം സഖാവ് എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

എഐയുടിയുസി ജില്ലാസെക്രട്ടറി ബി.വിനോദിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കശുവണ്ടി തൊഴിലാളി സെന്റർ ജനറൽ സെക്രട്ടറി എസ്.രാധാകൃഷ്ണൻ സത്യാഗ്രഹം ഉദ്ഘാടനം ചെയ്തു. യൂണിയൻ വൈസ് പ്രസിഡന്റ് ഷൈല കെ.ജോൺ മുഖ്യ പ്രഭാഷണം നടത്തി. യൂണിയൻ ഭാരവാഹികളായ ബി.രാമചന്ദ്രൻ, കെ.സദാനന്ദൻ, ആർ.ദിനേശൻ, കമാലുദ്ദീൻ, ഭാരതി, ആർ.ഹരിദാസൻ, സദാനന്ദൻ പിള്ള, വി.ലീല, ഗീത, ടി.രവി, ട്വിങ്കിൾ പ്രഭാകരൻ തുടങ്ങിയവർ പ്രസംഗിച്ചു.

പെൻഷൻ പുനഃസ്ഥാപിച്ചുകൊണ്ടുള്ള ഉത്തരവ് രണ്ട് ദിവസത്തിനകം പുറപ്പെടുവിക്കുമെന്ന വാഗ്ദാനം അധികാരികൾ പാലിക്കാത്ത പക്ഷം അനിശ്ചിതകാല സമരത്തിലേയ്ക്ക് നീങ്ങുമെന്ന് യൂണിയൻ മുന്നറിയിപ്പ് നൽകി. ■

## സഖാവ് ജയേന്ദ്രദാസിന് ലാൽസലാം



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കൊല്ലം ജില്ലാകമ്മിറ്റിയുടെ കീഴിലുള്ള പെരുമ്പുഴ ലോക്കൽ കമ്മിറ്റിയിലെ സജീവ പ്രവർത്തകനും പാർട്ടി അംഗവുമായിരുന്ന സഖാവ് ജയേന്ദ്രദാസ്(70) അന്തരിച്ചു. മസ്തിഷ്കസംബന്ധമായ രോഗബാധയെത്തുടർന്ന് ഏതാനും ദിവസങ്ങളായി ചികിത്സയിലായിരുന്ന സഖാവ് മാർച്ച് 6ന് രാവിലെയാണ് അന്തരിച്ചത്.

1980ലാണ് സഖാവ് ജയേന്ദ്രദാസ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയിൽ ചേർന്ന് പ്രവർത്തനം ആരംഭിക്കുന്നത്. കടുത്ത ആരോഗ്യ പ്രശ്നങ്ങൾക്കുനടുവിലും സാമൂഹ്യ വിഷയങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ട് മാതൃകാപരമായ നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. കേന്ദ്ര-സംസ്ഥാന ബജറ്റുകൾക്കെതിരെ നടന്ന പ്രതിഷേധ പരിപാടികളിലും സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണ പരിപാടികളിലും സഖാവ് സജീവമായി പങ്കെടുത്തിരുന്നു. സഖാവ് ജയേന്ദ്രദാസിന്റെ നിര്യാണത്തിൽ പാർട്ടി കൊല്ലം ജില്ലാ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. ■

# ഫാസിസ്റ്റ് സഖ്യത്തിനെതിരെ നേടിയ സൈനികവിജയത്തിന് മാനവരാശി സ്റ്റാലിനോട് കടപ്പെട്ടിരിക്കുന്നു


(12-ാം പേജിൽ നിന്ന്)

സിസ്റ്റ് സഖ്യം സോവിയറ്റ് യൂണിയനെ കാൽക്കീഴിൽ അമർത്തുമെന്ന കരുതിയവരെയെല്ലാം അമ്പരപ്പിച്ചുകൊണ്ട് സോവിയറ്റ് ചെമ്പട ഫാസിസ്റ്റ് സൈനിക ശക്തിയെ തകർത്തു. സോവിയറ്റ് യൂണിയനെ മാത്രമല്ല മാനവരാശിയെത്തന്നെ ഫാസിസത്തിന്റെ പൈശാചികതയിൽനിന്നും രക്ഷിച്ചു. അതിനായി സോവിയറ്റ് യൂണിയൻ അതിന്റെ കോടിക്കണക്കിന് ഉത്തമസന്താനങ്ങളെ ബലി നൽകി. ചെമ്പട മാത്രമല്ല മുഴുവൻ ജനതയും ഒരൊറ്റശക്തിയായി സഖാവ് സ്റ്റാലിനുപിന്നിൽ അണിനിരന്നു.

ഫാസിസ്റ്റ് അച്ചുതണ്ടുശക്തികളുടെ ആക്രമണം പടിവാതിൽക്കലെത്തിയപ്പോൾ സോവിയറ്റ് യൂണിയനെ എവ്വിധവും കാൽക്കീഴിലാക്കുവാൻ ഹിറ്റ്ലറും അതിലൂടെ സോഷ്യലിസത്തെത്തന്നെ ഉന്മൂലനം ചെയ്യാൻ അമേരിക്കൻ-ബ്രിട്ടൻ സാമ്രാജ്യത്വശക്തികളും പ്രതീക്ഷിച്ചിരിക്കുമ്പോൾ സോവിയറ്റ് യൂണിനുള്ളിൽ വർഗ്ഗവഞ്ചകരായ ട്രോട്സ്കിയിസ്റ്റ് പക്ഷക്കാർ ഈ ശത്രുക്കളുമായി ചേർന്ന് ആഭ്യന്തര അട്ടിമറിക്കായി നടത്തിയ ഹീനശ്രമങ്ങൾ പുറത്തുവരികയും സോഷ്യലിസ്റ്റ് ഭരണകൂടത്തെ രക്ഷിക്കുവാൻ ശത്രുക്കളെ ഉന്മൂലനം ചെയ്യേണ്ട അനിവാര്യ സാഹചര്യം സംജാതമായി. അതിനായി അവിടെ നടന്ന ശുദ്ധീകരണ പ്രക്രിയയിൽ വീഴ്ചകൾ വന്നിട്ടുണ്ടെങ്കിലും അത് ഒഴിച്ചുകൂടാനാകാത്തതായിരുന്നു എന്ന് മുതലാളിത്തലോകംപോലും അന്ന് അംഗീകരിച്ചതാണ്.

സ്റ്റാലിനുശേഷം അധികാരത്തിലെത്തിയ ക്രൂഷ്ചേവ് 20-ാം പാർട്ടി കോൺഗ്രസ്സിൽ സ്റ്റാലിനെതിരെ ഉന്നയിച്ച ആരോപണങ്ങൾ യാതൊരു തെളിവുകളുടെയും പിൻബലമില്ലാതിരിക്കെത്തന്നെ മുതലാളിത്ത മാധ്യമങ്ങൾ വലിയ ആരവത്തോടെ ഏറ്റെടുത്തു. തുടർന്നിങ്ങോട്ട് സ്റ്റാലിനെതിരെ എല്ലാത്തരം കെട്ടുകഥകളും പ്രചരിപ്പിക്കുക എന്നതാണ് ഇക്കൂട്ടർ ചെയ്തുവരുന്നത്.

സ്റ്റാലിന്റെ സമകാലികരായ എത്രയോ ഉന്നത വ്യക്തിത്വങ്ങൾ സ്റ്റാലിനെ നേരിട്ടുകാണുകയും അദ്ദേഹവുമായി നടത്തിയ ചർച്ചകളും സംവാദങ്ങളും അങ്ങേയറ്റത്തെ ആദരവോടെ വിവരിച്ചിട്ടുണ്ട്. അവയ്ക്കെല്ലാം കടകവിരുദ്ധമായ കാര്യങ്ങളാണ് ലോകമെമ്പാടും ഇന്ന് പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. രവീന്ദ്രനാഥ ടാഗോർ, ജവഹർലാൽ നെഹ്റു, നേതാജി സുഭാഷ് ചന്ദ്രബോസ്, ആചാര്യ വിനോബ ഭാവെ, സത്യേന്ദ്രനാഥ് ബോസ് തുടങ്ങി രാഷ്ട്രീയ സാഹിത്യ ശാസ്ത്രരംഗങ്ങളിലെ ഇന്ത്യയിൽനിന്നുള്ള ഒട്ടനവധി പ്രമുഖർ മഹാനായ സ്റ്റാലിനെ ഏറെ ആദരിച്ചിരുന്നു. വ്യക്തി സ്വാതന്ത്ര്യത്തിന് ഏറെ വിലമതിക്കുന്ന സ്വതന്ത്രചിന്തകരായ ലോക വ്യക്തിത്വങ്ങൾ റൊമെയ്ൻ റോളണ്ട്, ബർണാഡ് ഷാ, എച്ച്.ജി.വെത്സ് എന്നിവരെല്ലാം സ്റ്റാലിന്റെ വ്യക്തിത്വത്തെ ഏറെ പ്രകീർത്തിച്ചവരാണ്. അമേരിക്കൻ പത്രപ്രവർത്തക അന്ന ലൂയിസ് സ്ട്രോംഗ് റഷ്യയിൽ ജീവിച്ചിരുന്ന നാളുകളിൽ സ്റ്റാലിനുമായി നേരിട്ടു നടത്തിയ കൂടിക്കാഴ്ചയെക്കുറിച്ച് സ്റ്റാലിൻ യുഗം എന്ന കൃതിയിൽ വിശദീകരിക്കുന്നത് 'കൂട്ടായ ചിന്തയുടെ നിയന്ത്രണത്തിന് വിധേയമല്ലാത്ത വ്യക്തിഗത തീരുമാനത്തിന്റെ അപകടത്തെപ്പറ്റി ഏറ്റവും നന്നായി വിശദീകരിച്ചിട്ടുള്ള ആൾ' എന്നാണ്. എമിൽ ലുദ്വിഗ്, നേയ് ഹോവാർഡ് എന്നീ എഴുത്തുകാർ ഒരു മഹാനായ വ്യക്തി തീരുമാനങ്ങൾ എടുക്കുന്നത് എങ്ങനെ എന്നറിയാൻ സ്റ്റാലിനെ സമീപിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി 'ഞങ്ങളുടെ ഇടയിൽ വ്യക്തികൾക്ക് തീരുമാനമെടുക്കാൻ കഴിയില്ല, മറ്റുള്ളവരാൽ തിരുത്തപ്പെടാത്ത വ്യക്തി തീരുമാനങ്ങൾ വലിയൊരു ശതമാനം പിശകുണ്ടാകുമെന്ന് അനുഭവം നമ്മെ പഠിപ്പിച്ചിട്ടുണ്ട്' എന്നാണ്. സത്യം കണ്ടെത്തുന്നതിനും കണ്ടെത്തിയ സത്യം മുൻവിധികളില്ലാതെ സ്വീകരിക്കുന്നതിനും ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടികൾ സ്വീകരിക്കുന്ന ചർച്ചകളുടെയും സംവാദങ്ങളുടെയും വൈരുദ്ധ്യാത്മക ശാസ്ത്രത്തിന്റെ മാർഗ്ഗമാണ് സ്റ്റാലിന്റെ വാക്കുകളിലൂടെ വ്യക്തമാകുന്നത്.


സ്റ്റാലിനും ലെനിനും

ഏതൊരു ചർച്ചയിലും മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും ആവശ്യത്തിനുമാത്രം ഇടപെടുകയും ചെയ്യുന്ന ആളായിരുന്ന സ്റ്റാലിൻ എന്ന് അദ്ദേഹത്തോട് ഇടപഴകിയ എല്ലാ വ്യക്തികളും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതു വിഷയത്തിലും അദ്ദേഹത്തോട് വിയോജിക്കുവാനും സംവാദം നടത്തുവാനും ഏവർക്കും കഴിയുമായിരുന്നു. സോവിയറ്റ് യൂണിയനും സ്റ്റാലിനുമെതിരെ ജനാധിപത്യത്തിന്റെ ശത്രു എന്ന നിലയിലുള്ള പ്രചാരണം അനസ്യൂതം തുടരുമ്പോൾ ഇതിനെയെല്ലാം ഖണ്ഡിക്കുന്ന നിരവധി ചരിത്രസംഭവങ്ങൾ മൂടിവയ്ക്കപ്പെടുന്നു. സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് യൂണിയൻ തയ്യാറാക്കിയ സോവിയറ്റ് ഭരണഘടന സോവിയറ്റ് പൗരന്മാർക്ക് നൽകിയ മൗലികാവകാശങ്ങൾ ഒരു മുതലാളിത്ത രാജ്യത്തിനും സങ്കൽപ്പിക്കാൻ പോലുമാകാത്തതായിരുന്നു. തങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധികൾ ശരിയായ പ്രവർത്തനം നടത്താൻ പരാജയപ്പെട്ടാൽ അവരെ തിരിച്ചുവിളിക്കാനുള്ള അവകാശവും ഭരണഘടന നൽകിയിരുന്നു.

സാമ്രാജ്യത്വ യുഗത്തിലെ മാർക്സിസം ആണ് ലെനിനിസം എന്ന് വിശദീകരിച്ച സ്റ്റാലിൻ, ലെനിന്റെ സിദ്ധാന്തങ്ങളെ ശരിയായി വിശദീകരിക്കുകയും ട്രോട്സ്കിയുടെയും കൂട്ടരുടെയും വളച്ചൊടിക്കലിൽനിന്നും രക്ഷിക്കുകയും ലോകതൊഴിലാളി പ്രസ്ഥാനത്തിന് നേർദിശ കാണിക്കുകയും ചെയ്തു.

സ്റ്റാലിനെതിരെക്രൂഷ്ചേവിന്റെ നേതൃത്വത്തിൽ നടത്തിയ ആക്രമണങ്ങളും റിവിഷനിസ്റ്റ നേതൃത്വം സ്വീകരിച്ച നയങ്ങളും വിശകലനംചെയ്തുകൊണ്ട് സഖാവ്ശിബ്ദാസ് ഘോഷ് ഈ റിവിഷനിസ്റ്റ് നയങ്ങൾ സ്വീകരിക്കാൻ പോകുന്ന വിപത്തുകളെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിൽ നേതൃത്വവും അണികളും തമ്മിലുണ്ടാകേണ്ട ദ്വന്ദ്വാത്മക ബന്ധത്തിൽ വന്ന പോരായ്മകളും നേതൃത്തോടുള്ള അന്ധമായ കൂറ്, താഴ്ന്ന പ്രത്യയശാസ്ത്രനിലവാരം ഇവയെല്ലാം തുടർന്നാൽ അത് സോഷ്യലിസത്തിനുണ്ടാക്കുന്ന തിരിച്ചടിയെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പ് നൽകി. സോഷ്യലിസ്റ്റ് രാജ്യത്തിനുള്ളിൽ വളർന്നുവരുന്ന പുതിയതരം വ്യക്തിവാദത്തിനെതിരെ നടത്തേണ്ടുന്ന ആശയ സമരത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിയതും സഖാവ് ശിബ്ദാസ് ഘോഷ് ആണ്. സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഈ മുന്നറിയിപ്പുകളെ സമയോചിതം സ്വീകരിക്കാൻ കഴിഞ്ഞില്ല. പ്രത്യയശാസ്ത്ര സമരരംഗത്തുവന്ന ഈ ഗുരുതരമായ പരിമിതിയും ഇതിന്റെ ഫലമായി രാഷ്ട്രീയ സാമ്പത്തികമേഖലകളിൽ അടക്കം നടപ്പാക്കിയ റിവിഷനിസ്റ്റ് നയങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ തകർച്ചയ്ക്ക് കാരണമായി.

ഇന്ന് മാനവരാശി നേരിടുന്ന കടുത്ത പ്രതിസന്ധികളിലേയ്ക്ക് നയിച്ചത് സോഷ്യലിസ്റ്റുചേരിക്കുണ്ടായ ഈ തകർച്ചയാണെന്ന് കാര്യങ്ങളെ നിഷ്പക്ഷമായി വിലയിരുത്തുന്ന ഏതൊരാൾക്കും തിരിച്ചറിയാൻ കഴിയും. മുതലാളിത്തത്തിന്റെ പ്രതിസന്ധി രൂക്ഷമാകുംതോറും വീണ്ടും ലോകതൊഴിലാളിവർഗ്ഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനെയും സോഷ്യലിസ്റ്റ് വിപ്ലവത്തെയും മരണഭയത്തോടെ കാണുന്ന മുതലാളിവർഗ്ഗം കൂടുതൽ വീറോടെ സോഷ്യലിസത്തിനും സ്റ്റാലിനുമെതിരെ വലിയ കോലാഹലങ്ങളോടെ നുണപ്രചാരണം നടത്തുകയാണ്.

ഇവർ എത്രയൊക്കെ ഓരിയിട്ടാലും മാനവസമൂഹം അതിന്റെ മുന്നോട്ടുപോക്കിന്റെ അനിവാര്യ ഗതി എന്ന നിലയിൽ സോഷ്യലിസത്തിലേയ്ക്ക് എത്തുകതന്നെ ചെയ്യും. തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ് എന്ന നിലയ്ക്ക് സഖാവ് സ്റ്റാലിന്റെ നാമം ഉയർന്നുനിൽക്കുകതന്നെ ചെയ്യും. ■

# ജോഷിമഠ് അശാസ്ത്രീയ വികസനപദ്ധതികളുടെ അനന്തരഫലം

**ഹിമാലയ മേഖലയിലെ ഉത്തരാഖണ്ഡ് സംസ്ഥാനത്തെ ജോഷിമഠ് എന്ന പ്രദേശത്ത് ജനങ്ങൾ 'സബ്സിഡൻസ് '(subsidence) അഥവാ 'ഭൂമിയുടെ ഇടിഞ്ഞു താഴൽ' എന്ന അതീവഗുരുതരമായ സ്ഥിതിവിശേഷത്തെ അഭിമുഖീകരിക്കുകയാണ്. തങ്ങൾ വസിക്കുന്ന സ്ഥലം താഴ്ന്നുപോവുകയും തത്ഫലമായി വീടുകളിലും മറ്റുകെട്ടിടങ്ങളിലും റോഡുകളിലും കൃഷിയിടങ്ങളിലും വിള്ളൽ വീഴുകയും ചെയ്തതിനെത്തുടർന്ന് ജനങ്ങൾ പലായനം ചെയ്യേണ്ട അവസ്ഥ വന്നിരിക്കുന്നു. ഏതാണ്ട് 800 ഓളം കെട്ടിടങ്ങൾ വിള്ളൽ വീണതിനെത്തുടർന്ന് ഉപയോഗശൂന്യമായി. റോഡുകൾ ഗതാഗതയോഗ്യമല്ലാതായി മാറി.**



ജനിച്ചുവളർന്ന നാടും ആയുഷ്ക്കാല അധ്വാനത്തിലൂടെ സമ്പാദിച്ച വീടും ജീവനോപാധികളും നഷ്ടപ്പെട്ട ഒരു ജനത നിസ്സഹായരായി പകച്ചുനിൽക്കുകയാണ് ജോഷിമഠിൽ. ശാസ്ത്രജ്ഞരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും പ്രദേശവാസികളുടെയും മുന്നറിയിപ്പുകൾ അവഗണിച്ചുകൊണ്ട് നിക്ഷിപ്തതാല്പര്യ മാത്രം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കിയ അശാസ്ത്രീയമായ 'വികസന' പദ്ധതികളാണ് ഈയൊരു സാഹചര്യം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചതെന്ന് വ്യക്തമായിരിക്കുകയാണ്.

ഇത്ര ഗുരുതരമായ അവസ്ഥാവിശേഷം സംജാതമായിരിക്കുമ്പോൾപോലും തങ്ങളുടെ നിരുത്തരവാദപരമായ നടപടികളെ ന്യായീകരിക്കാനും വസ്തുതകൾ മൂടിവയ്ക്കാനുമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നത്. പ്രധാനമന്ത്രി അധ്യക്ഷനായ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (NDMA), 2023 ജനുവരി 13ന് ഇറക്കിയ ഉത്തരവിലൂടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിംഗ് (IIRS), ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ എന്നിവ ഉൾപ്പെടെയുള്ള സർക്കാർ ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞന്മാരെയും, വിഷയ വിദഗ്ധരെയും ജോഷിമഠ് സംഭവത്തെക്കുറിച്ച് പൊതുജനമധ്യത്തിൽ ചർച്ച ചെയ്യുന്നത് വിലക്കി. ഡിസംബർ 27 മുതൽ ജനുവരി 8 വരെയുള്ള 12 ദിവസങ്ങൾക്കുള്ളിൽ ജോഷിമഠ് പ്രദേശം 5 സെന്റീമീറ്റർ താഴ്ന്നുവെന്ന് ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO) ഉപഗ്രഹ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചു. മറ്റൊരു അറിയപ്പെടുന്ന ശാസ്ത്ര സ്ഥാപനമായ നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ (NRSC) നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നടത്തിയ സർവ്വേയിലൂടെ 2022 ഏപ്രിലിനും നവംബറിനും ഇടയിൽ ജോഷിമഠ് പ്രദേശം 8.9 സെന്റീമീറ്റർ താഴ്ന്നുവെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. മറ്റൊരു സർവ്വേ പ്രകാരം ജോഷിമഠിലെ ചില പ്രദേശങ്ങൾ 2.2 അടിയോളം താഴ്ന്നുപോയിട്ടുള്ളതായി വ്യക്തമാക്കുന്നു. സാമൂഹ്യ മാധ്യമങ്ങളിൽ ലഭ്യമായിരുന്ന മേൽപ്പറഞ്ഞ സർക്കാർ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ കേന്ദ്രത്തിലെയും സംസ്ഥാനത്തിലെയും ബിജെപി സർക്കാരുകളെ പ്രതിരോധത്തിലാക്കിയതിനെത്തുടർന്നാണ് മുമ്പ് സൂചിപ്പിച്ച ചർച്ചകൾ വിലക്കിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയത്.

### ജോഷിമഠ് പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ജോഷിമഠ് പ്രദേശത്ത് നടപ്പാക്കിയ അശാസ്ത്രീയമായ വികസന പദ്ധതികളാണ് ഇപ്പോഴത്തെ ഗുരുതരമായ അവസ്ഥാവിശേഷം സൃഷ്ടിച്ചതിന്റെ പ്രധാന കാരണം എന്നുപറയുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാകണമെങ്കിൽ ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഹിമാലയ മേഖലയുടെ ഘടനാപരമായ സവിശേഷതകൾ മനസ്സിലാക്കിയാലേ ജോഷിമഠിൽ ഇപ്പോൾ സംഭവിക്കുന്ന പ്രതിഭാസത്തിന്റെ അടിസ്ഥാന കാരണങ്ങൾ വ്യക്തമാവുകയുള്ളൂ. ഹിമാലയ പർവതനിരകൾ രൂപംകൊള്ളുന്നത് ഏതാണ്ട് 40 ദശലക്ഷം വർഷങ്ങൾക്കുമുമ്പ് മാത്രമാണ്. ഏതാണ്ട് 150 ദശലക്ഷം വർഷങ്ങൾ പഴക്കമുണ്ടെന്ന് കരുതപ്പെടുന്ന പശ്ചിമഘട്ടവുമായി താരതമ്യംചെയ്യുകയാണെങ്കിൽ ഹിമാലയ പർവത നിരകൾ അടുത്ത കാലത്താണ് രൂപംകൊണ്ടത് എന്നുപറയാം. ഈ പർവ്വതനിരകൾ ഇപ്പോഴും ഉയർന്നുകൊണ്ടേയിരിക്കുകയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഈ കാരണങ്ങൾ കൊണ്ടുതന്നെ പ്രകൃത്യാ അടിയുറപ്പില്ലാത്ത ഒരു പ്രദേശമായാണ് ഹിമാലയൻ മേഖലയെ പരിഗണിക്കുന്നത്. ഇന്ത്യൻ- യുറേഷ്യൻ ടെക്ടോണിക്ക് ഫലകങ്ങളുടെ കൂട്ടിയിടിക്കൽ കാരണം ഭൂചലനങ്ങൾ ഉണ്ടാകാൻ വളരെയേറെ സാധ്യതയുള്ള ഒരു പ്രദേശമാണ് ഈ മേഖല. ഇന്ത്യയുടെ ഭൂകമ്പ സാധ്യതാഭൂപടം അനുസരിച്ച് അപകടസാധ്യത കൂടിയ സെയ്സ്മിക് സോൺ 5ൽ ആണ് ജോഷിമഠ് സ്ഥിതിചെയ്യുന്നത്. ഉത്തരാഖണ്ഡിൽ 1991ലും 1999ലും ഉണ്ടായ രണ്ട് വലിയ ഭൂചലനങ്ങൾ ഈ നിഗമനത്തെ സാധൂകരിക്കുന്നു.

ഇതിനെല്ലാമുപരി, വളരെ പണ്ടുകാലത്ത് ഉണ്ടായ അതിഭീമമായ ഒരു മണ്ണിടിച്ചിലിന്റെ അവശിഷ്ടങ്ങൾ കുമിഞ്ഞു കൂടിയുണ്ടായ സ്ഥലത്താണ് ജോഷിമഠ് പട്ടണം സ്ഥിതിചെയ്യുന്നത്. അതായത് താരതമ്യേന അയഞ്ഞതും ഉറപ്പില്ലാത്തതുമായ മണ്ണും പാറകളും ചേർന്ന ഭൂപ്രദേശമാണ് ജോഷിമഠ്. ജോഷിമഠിന്റെ മലഞ്ചെരിവുകളിലുള്ള നിരവധി അരുവികളിലെ ശക്തമായ ജലപ്രവാഹം താരതമ്യേന ദുർബലമായ പാറകളെ കൂടുതൽ ശോഷിപ്പിക്കുന്നു. ഇത്തരത്തിൽ ദുർബലമായ മലഞ്ചെരുവുകളും അടിവാരവുമുള്ള ജോഷിമഠിൽ മണ്ണിടിച്ചിലിനുള്ള സാധ്യത വളരെയധികമാണ്. റിക്ടർ സ്കെയിലിൽ 6.9 തീവ്രത രേഖപ്പെടുത്തിയതും 1999ലുണ്ടായതുമായ ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രം ജോഷിമഠിൽനിന്നും കേവലം 26 കിലോമീറ്റർ അകലെ മാത്രമായിരുന്നു. ഈ ഭൂകമ്പം ജോഷിമഠ് പ്രദേശത്തെക്കൂടുതൽദുർബലപ്പെടുത്തി. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന അതിതീവ്ര മഴയും മേഘ വിസ്ഫോടനവും മൂലമുണ്ടാകുന്ന മലവെള്ളപ്പാച്ചിലുകൾ ഈ പ്രദേശത്തെ കൂടുതൽ അസ്ഥിരമാക്കുന്നു.

### ഭൂമി ഇടിഞ്ഞുതാഴുന്നതിന്റെ പ്രധാന കാരണങ്ങൾ

സബ്സിഡൻസ് അഥവാ 'ഭൂമിയുടെ ഇടിഞ്ഞു താഴൽ' ഉണ്ടാകാനുള്ള പ്രധാനകാരണം ഭൂമിക്കടിയിലുള്ള വസ്തുക്കളുടെ സ്ഥാനചലനമാണ്. ഭൂഗർഭജലത്തിന്റെ സ്ഥാനമാറ്റം ഇവയിൽ ഒന്നാണ്. ഉപരിതലത്തിലെ പാറകളെയും മണ്ണിനെയും സന്തുലിതാവസ്ഥയിൽ നിലനിർത്തുന്നതിൽ ഭൂഗർഭജലം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഭൂഗർഭജലം വൻതോതിൽ നീക്കംചെയ്യപ്പെടുന്നത് സന്തുലിതാവസ്ഥയെ തകിടംമറിക്കുകയും ഭൂമി ഇടിഞ്ഞുതാഴുന്നതിന് കാരണമാവുകയും ചെയ്യാറുണ്ട്. ഉപരിതലത്തിലെ ജലം വൻതോതിൽ ഭൂമിക്കടിയിലേയ്ക്ക് ഒഴുകുമ്പോഴും ഭൂഗർഭജലത്തിന്റെ സ്വാഭാവികമായ ഒഴുക്കിന് തടസ്സം നേരിടുമ്പോഴും സബ്സിഡൻസ് ഉണ്ടായേക്കാം.

അതിലോലമായ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന സ്ഫോടനങ്ങളും ഭൂമിശാസ്ത്രപരമായ സന്തുലിതാവസ്ഥയെ സാരമായി ബാധിക്കാൻ സാധ്യതയുണ്ട്. മണ്ണിനും പാറകൾക്കും താങ്ങാവുന്നതിൽ കൂടുതൽ കെട്ടിടങ്ങളും റോഡുകളും ഡാമുകളും നിർമ്മിക്കുന്നത് ഭൂമിയുടെ ഇടിഞ്ഞു താഴലിന് കാരണമാകും.

### മുന്നറിയിപ്പുകൾ അവഗണിച്ചുകൊണ്ടുള്ള നിർമാണപ്രവർത്തനങ്ങൾ

ജോഷിമഠ് മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുകൊണ്ട് ഉണ്ടാവാൻ സാധ്യതയുള്ള അപകടങ്ങളെക്കുറിച്ച് ഏതാണ്ട് അഞ്ച് പതിറ്റാണ്ടുകളായി ശാസ്ത്രജ്ഞരും ഈ മേഖലയിലെ വിദഗ്ധരും പരിസ്ഥിതി പ്രവർത്തകരും മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുകയായിരുന്നു.

1976ൽ ഉത്തർപ്രദേശ് സർക്കാർ നിയോഗിച്ച എം.സി മിശ്ര കമ്മിറ്റി ജോഷിമഠ് പ്രദേശത്തെക്കുറിച്ച് വിശദമായി പഠിച്ച് തയ്യാറാക്കിയ റിപ്പോർട്ട് പറയുന്നു: "ജോഷിമഠ് മണലിന്റെയും കല്ലുകളുടെയും ഒരു ശേഖരംമാത്രമാണ്, ശക്തിയുള്ള പാറയല്ല, പട്ടണത്തിന് യോജിച്ച സ്ഥലം അല്ല. സ്ഫോടനത്തിലൂടെയും വലിയ വാഹനങ്ങളുടെ നീക്കത്തിലൂടെയും ഉണ്ടാവുന്ന പ്രകമ്പനങ്ങൾ പ്രകൃതി ഘടകങ്ങളുടെ (natural factors) അസന്തുലിതാവസ്ഥയിലേയ്ക്ക് നയിക്കും". അശാസ്ത്രീയമായ ഡ്രെയിനേജ് സംവിധാനം ഭൂമിക്കടിയിലുള്ള സ്വാഭാവികമായ ജലപ്രവാഹത്തെ സാരമായി ബാധിക്കും എന്നും മിശ്ര കമ്മിറ്റി ചൂണ്ടിക്കാട്ടി. വലിയ നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ല, ജനവാസം നിയന്ത്രിക്കണം, നദികളുടെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തരുത് എന്നൊക്കെയുള്ള നിർദ്ദേശങ്ങളും മിശ്ര കമ്മിറ്റി നൽകിയിരുന്നു. സർക്കാർ സ്ഥാപനങ്ങളായ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും ഉത്തർപ്രദേശ് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും (USDMA) ഈ മേഖലയിൽ വലിയ പ്രോജക്ടുകളുംനിർമ്മാണപ്രവർത്തനങ്ങളും നടത്തുന്നതിനെതിരെ വർഷങ്ങളായി മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുകയായിരുന്നു.

മുന്നറിയിപ്പുകൾ എല്ലാം അവഗണിച്ചുകൊണ്ട്, മാറിമാറി വന്ന സർക്കാരുകൾ സങ്കുചിത താല്പര്യങ്ങളും ലാഭേച്ഛയുംമാത്രം മുൻനിർത്തി വൻതോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. കേദാർനാഥ്, ബദരീനാഥ്, ഗംഗോത്രി, യമുനോത്രി എന്നീ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ചാർധാം ഹൈവേ അതിൽ ഒന്നാണ്. 889 കിലോമീറ്റർ നീളത്തിലുള്ള ഈ ഹൈവേയുടെ ഭാഗമായി 15 ഫ്ലൈ ഓവറുകൾ, 101 പാലങ്ങൾ, 3596 കലുങ്കുകൾ, 12 ബൈപ്പാസ് റോഡുകൾ എന്നിവ നിർമ്മിക്കേണ്ടിവരും. പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് പദ്ധതിക്കെതിരായിരുന്നു. എന്നാൽ മോദി സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ഈ റിപ്പോർട്ട് അവഗണിച്ചുകൊണ്ട് പദ്ധതിയുമായിമുന്നോട്ടുപോയി. ദേശീയ ഹരിത ട്രിബ്യൂണലിന്റെ അനുമതിയും നേടിയെടുത്തു. ഉത്തരാഖണ്ഡ് സംസ്ഥാനത്തിന്റെ 'വികസനത്തിന്' ഈ പദ്ധതി ആവശ്യമാണെന്നായിരുന്നു വാദം. പദ്ധതിയെ എതിർത്ത ശാസ്ത്രജ്ഞരെയും വിദഗ്ധരെയും പരിസ്ഥിതി പ്രവർത്തകരെയും വികസന വിരോധികളായി മുദ്രകുത്തി. ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുന്ന ഈ പദ്ധതിക്കെതിരെ ചിലർ സുപ്രീംകോടതിയെ സമീപിച്ചപ്പോൾ ചൈനയുമായുള്ള അതിർത്തിപ്രദേശത്തിലേയ്ക്ക് വേഗത്തിൽ എത്തിച്ചേരാൻ ഹൈവേ ഉപകരിക്കും എന്നതിനാൽ രാജ്യസുരക്ഷയ്ക്ക് പദ്ധതി ആവശ്യമാണെന്നായിരുന്നു സർക്കാരിന്റെ വാദം. അങ്ങനെ സുപ്രീം കോടതിയുടെ അനുവാദംകൂടി ലഭിച്ചതോടെ,'ചാർധാം ഹൈവേ പദ്ധതി പൂർവാധികം ശക്തിയോടെ നടപ്പാക്കി തുടങ്ങി. ഇതോടൊപ്പം തന്നെ ഋഷികേശ് മുതൽ കർണപ്രയാഗ് വരെ 126 കിലോമീറ്റർ ദൈർഘ്യമുള്ള ചാർധാം-റെയിൽവേ പദ്ധതിക്കും തുടക്കമിട്ടു. പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെ 100കിലോമീറ്ററിലധികം നീളത്തിൽ തുരങ്ക നിർമ്മാണം ആവശ്യമായ ഈ റെയിൽവേ പദ്ധതി സൃഷ്ടിക്കുന്ന ആഘാതം എത്രമാത്രം ഭീകരമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഇതിനെല്ലാം പുറമേ 12 ജലവൈദ്യുത പദ്ധതികളാണ് ഈ മേഖലയിൽ സ്ഥാപിക്കുന്നത്. ധോളി ഗംഗ നദിയിൽ സ്ഥാപിക്കുന്ന നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ (NTPC) 510 മെഗാവാട്ട് തപോവൻ-വിഷ്ണുഗഡ് ജലവൈദ്യുത പദ്ധതി ഇതിലൊന്നാണ്. ഇതിന്റെ ഹെഡ് റേസ് (head race) ടണൽ കടന്നുപോകുന്നത് ജോഷിമഠിന് അടിയിലുള്ള അതിലോലപ്രദേശത്തിൽ തുരങ്കം നിർമ്മിച്ചുകൊണ്ടാണ്. ഇതിന്റെ പ്രത്യാഘാതം പഠിക്കുവാനായി എൻടിപിസി, സർക്കാർ ഏജൻസിയായ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ഒഴിവാക്കി ഒരു സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയത് വലിയ വിമർശനങ്ങൾക്ക് ഇടയാക്കിയിരുന്നു. അവരാകട്ടെ മുമ്പ് ഈ മേഖലയിൽ നടത്തിയ ഭൂമിശാസ്ത്ര പഠനങ്ങളെ കണക്കിലെടുക്കാതെയും ആഴത്തിലുള്ള പഠനങ്ങൾ ഒന്നും നടത്താതെയും പദ്ധതിക്ക് അനുകൂലമായ റിപ്പോർട്ട് നൽകി. ഈ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായുള്ള തുരങ്ക നിർമ്മാണത്തിനിടെ ഒരു വലിയ, അക്വിഫർ (aquifer -ഭൂഗർഭജലം ഉൾക്കൊള്ളുന്ന പാറ) തുരന്നപ്പോൾ വൻതോതിൽ ഭൂഗർഭ ജലം ഒഴുകിപ്പോയി. കറന്റ് സയൻസ് ജേണലിൽ (Current Science, Vol.98, no.10, May, 2010) പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ പറയുന്നത് ഈ അക്വിഫർ പൊട്ടിയതോടെ അതിൽ നിന്നും ഒരു മാസത്തിൽ കൂടുതൽ കാലയളവിൽ ദിവസവും 60 -70 ദശലക്ഷം ലിറ്റർ വെള്ളം ഒഴുകിപ്പോയെന്നാണ്. പ്രസ്തുത ലേഖനത്തിൽ ഇപ്രകാരം പറയുന്നു: " അക്വിഫറിൽ

(ശേഷം 15-ാം പേജിൽ)

# ജോഷിമഠ് ദുരന്തം കേരളത്തിനുള്ള മുന്നറിയിപ്പ്

(14–ാം പേജിൽ നിന്ന്)

നിന്നും പെട്ടെന്നുണ്ടായ വൻതോതിൽ ഉള്ള ജലശോഷണം ഭ്രമി ഇടിഞ്ഞു താഴുന്ന പ്രക്രിയയ്ക്ക് തുടക്കമിടാൻ സാധ്യതയുണ്ട്."രൂക്ഷമായ കുടിവെള്ളക്ഷാമം ഉൾപ്പെടെ ജനങ്ങളും മറ്റുജീവജാലങ്ങളും അഭിമുഖീകരിക്കാൻപോകുന്ന പ്രശ്നങ്ങളെക്കുറിച്ചും ലേഖനം പ്രതിപാദിക്കുന്നുണ്ട്.

2013ൽ ഉണ്ടായ മഹാപ്രളയം ഉത്തരാഖണ്ഡിൽ വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കി. കേദാർനാഥ് താഴ്വരയിൽമാത്രം 4000ത്തിലധികം ആളുകൾ മരിച്ചു. അതിനെത്തുടർന്ന്, ഈ പ്രദേശത്തെ ജലവൈദ്യുത പദ്ധതികൾ പ്രളയക്കെടുതി രൂക്ഷമാക്കാൻ കാരണമായിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ഒരു വിദഗ്ധസമിതിയെ നിയോഗിക്കാൻ സുപ്രീംകോടതി കേന്ദ്ര പരിസ്ഥിതി വകുപ്പിന് നിർദ്ദേശം നൽകി. 2014ൽ ഡെറാഡൂണിലെ പരിസ്ഥിതി വിദഗ്ധനായ രവി ചോപ്രയുടെ നേതൃത്വത്തിലുള്ള വിദഗ്ധസമിതി ഈ പ്രദേശത്തെ ജലവൈദ്യുത പദ്ധതികൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തെളിവുസഹിതം വിശദീകരിച്ചുകൊണ്ട് റിപ്പോർട്ട് നൽകി. 2015 ൽ മറ്റൊരു കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ഉത്തരാഖണ്ഡിന്റെ പരിസ്ഥിതിയെയും ജൈവ വൈവിധ്യങ്ങളെയും പരിഗണിച്ചുകൊണ്ട് എല്ലാ 'വികസന' പദ്ധതികളും ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. 2018ൽ ഉത്തരാഖണ്ഡ് ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ (UDMC) ജോഷിമഠ് ഉൾപ്പെടെയുള്ള 8 പ്രദേശങ്ങൾ ഭ്രമി ഇടിഞ്ഞുതാഴാൻ സാധ്യതയുള്ളവയാണെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ കേന്ദ്ര-സംസ്ഥാന-ജില്ലാ-മുൻസിപ്പാലിറ്റി ഭരണാധികാരികളൊന്നും ഈ മുന്നറിയിപ്പുകൾ ചെവിക്കൊള്ളാൻ തയ്യാറായില്ല. മറിച്ച് ഭ്രമിക്ക് താങ്ങാവുന്നതിൽ അപ്പുറം ഭാരം സൃഷ്ടിക്കുകയും നദികളുടെ സ്വാഭാവികമായ ഒഴുക്കിനെ തടയുകയും ചെയ്യുന്ന ടൗൺഷിപ്പുകൾ, ജലവൈദ്യുത പദ്ധതികൾ, തീർത്ഥാടന ടൂറിസം പദ്ധതികൾ, വാണിജ്യ സമുച്ചയങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വലിയനിർമ്മാണപ്രവർത്തനങ്ങൾ യാതൊരു ആസൂത്രണവും ഇല്ലാതെ നടത്തി. കേവലം 12,000 മുതൽ 14,000വരെ മാത്രം ജനങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന ബദരീനാഥിൽ ചാർധാം തീർത്ഥാടകയാത്രയുടെ ഭാഗമായി 22ലക്ഷത്തോളം ആളുകളെത്തിച്ചേർന്നു. തുരങ്ക നിർമ്മാണം, അക്വിഫർ പൊട്ടിയതിനെത്തുടർന്നുണ്ടായ ഭ്രഗർഭജല ശോഷണം, വൻസ്ഫോടനങ്ങൾ സൃഷ്ടിച്ച പ്രകമ്പനങ്ങൾ, അശാസ്ത്രീയമായ ഡ്രെയിനേജ് നിർമ്മാണം, ജലപ്രവാഹത്തിന്റെ സ്വാഭാവിക ഗതിയെ തടസ്സപ്പെടുത്തൽ, വൻതോതിൽ ഉള്ള വനനശീകരണം എന്നിങ്ങനെ വൻനിർമ്മാണ പദ്ധതികൾ സൃഷ്ടിച്ച നിരവധി പ്രശ്നങ്ങൾ ഭ്രമിശാസ്ത്രപരമായ സന്തുലിതാവസ്ഥയെ തകിടം മറിച്ചു. ഇവയൊക്കെ കൂടിയാണ് ഭ്രമി ഇടിഞ്ഞുതാഴുന്ന ഗുരുതരമായ അവസ്ഥാവിശേഷത്തിലേയ്ക്ക് നയിച്ചത്.

### ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ബിജെപി മന്ത്രിമാരുടെ വിഫലശ്രമം

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായുമായുള്ളകൂടിക്കാഴ്ചയ്ക്കുശേഷം ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ദുരന്തത്തെ ലഘൂകരിച്ച് കാണിക്കാനായി ജോഷിമഠിലെ 70 ശതമാനം ജനങ്ങളെയും ഈ പ്രശ്നം ബാധിച്ചിട്ടില്ല എന്ന പ്രസ്താവന നടത്തി. ജോഷിമഠ് ബചാവോ സംഘർഷ് സമിതി ഇതിനെ ശക്തിയുക്തം അപലപിക്കുകയും തുറന്നുകാട്ടുകയും ചെയ്തു. ജോഷിമഠ് ദുരന്തത്തെ കേവലം പ്രകൃതിദുരന്തമായി ചിത്രീകരിച്ച ഉത്തരാഖണ്ഡ് മുഖ്യമന്ത്രിക്ക് ജനങ്ങളുടെ ശക്തമായ പ്രതിഷേധം അഭിമുഖീകരിക്കേണ്ടിവന്നു. ദുരന്തം ഉണ്ടായത് അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ കാരണമാണെന്ന് ജനങ്ങൾ വാദിച്ചു.

ജനങ്ങളുടെ ജീവനും ജീവിതോപാധികൾക്കും സംരക്ഷണം നൽകിക്കൊണ്ട് അവരുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക വികസനമല്ല മറിച്ച് മുതലാളിമാർക്ക് വൻലാഭം ഉണ്ടാക്കിക്കൊടുക്കുന്ന വാണിജ്യ പദ്ധതികൾ മാത്രമാണ് 'വികസനം' എന്ന പേരിൽ ബിജെപി ഗവൺമെന്റ് ജോഷിമഠിൽ നടപ്പാക്കിയത്. തീർത്ഥാടന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ഹിന്ദുത്വവികാരം ഉണർത്തുക എന്ന സങ്കുചിതവും വിഭാഗീയവുമായ അജണ്ട നടപ്പാക്കുക എന്നതായിരുന്നു അവരുടെ മറ്റൊരു ഉദ്ദേശം. ജനങ്ങളുടെ ജീവനു തന്നെ ഭീഷണിയാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അവരെ സംബന്ധിച്ചിടത്തോളം പരിഗണനാ വിഷയമേയല്ല. അതുകൊണ്ടുതന്നെ ശാസ്ത്രലോകത്തിന്റെ മുന്നറിയിപ്പുകളെ അവഗണിക്കുകയും തുടർച്ചയായുള്ള ദുരന്തങ്ങളെ നിസ്സാരവൽക്കരിക്കുകയും വിസ്മരിക്കുകയും ചെയ്യുന്നു.

### പരിസ്ഥിതിപ്രശ്നങ്ങളോടുള്ള ശാസ്ത്രീയ സമീപനം എന്താണ്?

പ്രകൃതിയിൽ ഇടപെട്ടുകൊണ്ട് മാത്രമേ മനുഷ്യസമൂഹത്തിന്റെ വികാസം സാധ്യമാവുകയുള്ളൂ എന്നത് തർക്കമറ്റ സംഗതിയാണ്. മനുഷ്യർ നടത്തുന്ന ഏതൊരു വികസന പ്രവർത്തനവും അനിവാര്യമായും പ്രകൃതിയിൽ മാറ്റം ഉണ്ടാക്കും. നമ്മുടെ പ്രവർത്തനങ്ങൾ പരിസ്ഥിതിയിൽ അപരിഹാര്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പാടില്ല. പ്രകൃതിയിലെ വസ്തുനിഷ്ഠ നിയമങ്ങൾ അവഗണിച്ചുകൊണ്ടുള്ള ഏതുപ്രവർത്തനവും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. എല്ലാ വികസന പ്രവർത്തനങ്ങളും നടത്തേണ്ടത് പ്രകൃതിയിലെ വസ്തുനിഷ്ഠനിയമങ്ങളെ ശരിയായി മനസ്സിലാക്കിക്കൊണ്ടാണ്. വസ്തുനിഷ്ഠനിയമങ്ങൾ മനുഷ്യസമൂഹത്തിന് ഗുണകരമാകുന്ന രീതിയിൽ അവയ്ക്ക് പ്രവർത്തിക്കാനോ പ്രവർത്തിക്കാതിരിക്കാനോ ഉള്ള സാഹചര്യം സൃഷ്ടിക്കുക എന്നത് മാത്രമാണ് മനുഷ്യർക്ക് ചെയ്യാൻ കഴിയുന്നത്. മഹാനായ മാർക്സിസ്റ്റ് ആചാര്യൻ ഫെഡറിക് എംഗൽസിന്റെ വാക്കുകൾ ഇക്കാര്യത്തിൽ നമുക്ക്



മാർഗ്ഗദർശകമാണ്. അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടു: " മനുഷ്യർ പ്രകൃതിയെ കീഴടക്കി എന്ന കാര്യത്തിൽ നാം നമ്മെ തന്നെ അത്യധികം പുകഴ്ത്താതിരിക്കുക. കാരണം അത്തരത്തിലുള്ള ഓരോ കീഴടക്കലും നമ്മോട് പ്രതികാരം ചെയ്യും. ഓരോ ചുവടുവെപ്പിലും നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്തെന്നാൽ വിദേശ ജനതയെ കീഴ്പ്പെടുത്തി ഭരിക്കുന്നവരെ പോലെ' പ്രകൃതിക്ക് പുറത്തു നിൽക്കുന്ന ഒരാളെപ്പോലെ,നമ്മൾപ്രകൃതിയുടെമേൽ ആധിപത്യം സ്ഥാപിക്കുന്നില്ല. നമ്മൾ-നമ്മുടെ മാംസവും രക്തവും തലച്ചോറും ഉൾപ്പെടെ- പ്രകൃതിയുടെഭാഗമാണ്,പ്രകൃതിക്കുള്ളിൽ ആണ് നിലനിൽക്കുന്നത്. പ്രകൃതി നിയമങ്ങളെ മനസ്സിലാക്കാനും അത് ശരിയായി പ്രയോഗിക്കാനും കഴിയുമെന്ന ആനുകൂല്യം മറ്റു ജീവികളെ അപേക്ഷിച്ച് നമുക്ക് ഉണ്ടെന്ന കാര്യമാണ് പ്രകൃതിയെ നിയന്ത്രിക്കാൻ നമ്മളെ പ്രാപ്തരാക്കുന്നത്... ഉൽപാദനത്തിലും വിതരണത്തിലും ആധിപത്യം പുലർത്തുന്ന മുതലാളിക്ക് തന്റെ പ്രവർത്തനങ്ങൾകൊണ്ട് ഉടനടി ലഭ്യമാകുന്ന ഉപയോഗമുള്ള കാര്യങ്ങളെ മാത്രമേ പരിഗണിക്കാൻ ആവുകയുള്ളൂ. തീർച്ചയായും ഈ ഉപയോഗമുള്ള കാര്യങ്ങൾപോലും പിന്തള്ളപ്പെടുകയും വിൽപ്പനയിൽ ലഭിക്കുന്ന ലാഭംമാത്രം ഒരേയൊരു പ്രചോദനമാവുകയും ചെയ്യും. പ്രകൃതിയെയും സമൂഹത്തെയും ബന്ധപ്പെടുത്തി പറയുമ്പോൾ ഇന്നത്തെ ഉത്പാദനരീതിയുടെ പരിഗണന ഉടനടി ലഭ്യമാകുന്നതും പ്രത്യക്ഷത്തിൽ ഉണ്ടാവുന്നതുമായ ഫലങ്ങൾ മാത്രമാണ്. ആശ്ചര്യം എന്ന് പറയട്ടെ ഈ പ്രവർത്തനങ്ങളുടെ വിദൂരമായ ഫലങ്ങൾ മിക്കവാറും തികച്ചും വിപരീത സ്വഭാവമുള്ളവ ആയിരിക്കും."(എംഗൽസ്, വാനരനിൽനിന്ന് നരനിലേയ്ക്കുള്ള പരിവർത്തനത്തിൽ അധ്വാനത്തിനുള്ള പങ്ക്)

എംഗൽസ് ചൂണ്ടിക്കാണിച്ചതുപോലെ, മനുഷ്യസമൂഹത്തിന്റെ പുരോഗതിക്കായി, വസ്തുനിഷ്ഠ നിയമങ്ങളെ അവഗണിക്കാതെ പ്രകൃതിയിലെ പ്രതിബന്ധങ്ങളെ തരണം ചെയ്തുകൊണ്ടും പ്രകൃതിയെ മെരുക്കിയെടുത്തുകൊണ്ടും നാം മുന്നേറേണ്ടതുണ്ട്. ഇപ്പോൾ തന്നെ കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും പരിസരമലിനീകരണവും എല്ലാം മാനവരാശിയുടെ നിലനിൽപ്പിനുതന്നെ ഭീഷണി ഉയർത്തുകയാണ്.

### കേരളത്തിനുള്ള മുന്നറിയിപ്പ്

ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ അനുഭവിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. പാരിസ്ഥിതിക ആഘാതങ്ങൾ അവഗണിച്ചുകൊണ്ടുള്ള 'വികസന' പദ്ധതികൾ കേരളത്തിലെ മാറിമാറി വരുന്ന സർക്കാരുകളുടെ മുഖമുദ്രയായി മാറിയിരിക്കുന്നു. പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിച്ച് പ്രതിവിധികൾ നിർദ്ദേശിച്ച ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ കേരളം ഭരിച്ച ഇടതു-വലതു സർക്കാരുകൾ തയ്യാറായില്ല. അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും അനധികൃത ഖനനവും എല്ലാം പശ്ചിമഘട്ടത്തിന് ഗുരുതരമായ ആഘാതങ്ങൾ ഏൽപ്പിക്കുകയാണ്. ഇതിന്റെയെല്ലാം ഫലമായി നിരവധി പേരുടെ ജീവനെടുത്ത ഭീകരമായ ഉരുൾപൊട്ടലുകൾക്ക് കേരളം സാക്ഷ്യം വഹിച്ചു. നീരൊഴുക്കിന്റെ സ്വാഭാവികഗതിയെ തടസ്സപ്പെടുത്തുന്നനിർമ്മാണപ്രവർത്തനങ്ങൾ പ്രളയത്തിലേയ്ക്ക് എങ്ങനെ നയിക്കുന്നു എന്ന് നാം കണ്ടുകഴിഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഉണ്ടാകുന്ന അതിതീവ്രമഴയും മേഘവിസ്ഫോടനങ്ങളുമെല്ലാം ദുരന്തങ്ങൾ കൂടുതൽ രൂക്ഷമാക്കുന്നു. കരിമണൽ ഖനനം മൂലം ഒരു പ്രദേശംതന്നെ അപ്രത്യക്ഷമാകാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന സിൽവർ ലൈൻ പദ്ധതി അടിച്ചേൽപ്പിക്കാൻ കേരളത്തിലെ ഇടതുപക്ഷ സർക്കാർ തീരുമാനിച്ചത് കാര്യമായ പാരിസ്ഥിതിക ആഘാത പഠനങ്ങൾ ഒന്നും നടത്താതെയാണ്. തീരശോഷണവുമായി ബന്ധപ്പെട്ട കേരളത്തിലെ തീരദേശ ജനത രൂക്ഷമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി തീരദേശത്ത് സൃഷ്ടിക്കുന്ന ആഘാതം പഠിക്കുന്നതുവരെ പദ്ധതിയുടെ നടത്തിപ്പ് നിർത്തിവയ്ക്കണമെന്ന മത്സ്യത്തൊഴിലാളികളുടെ ന്യായമായ ഡിമാന്റുപോലും അംഗീകരിക്കാതെ അദാനിക്കുവേണ്ടി ദാസ്യവൃത്തി ചെയ്യുന്ന പിണറായി സർക്കാരിന്റെ നിലപാട് ജോഷിമഠിൽ ബിജെപി ഭരിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ച നിലപാടിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല.

### ശാസ്ത്രീയ സമീപനത്തിൽ അധിഷ്ഠിതമായ പരിസ്ഥിതി പ്രസ്ഥാനം കാലഘട്ടത്തിന്റെ ആവശ്യകത

ഗുരുതരമായ പാരിസ്ഥിതിക ആഘാതങ്ങൾ പൂർണമായും അവഗണിച്ചുകൊണ്ട് വികസനം എന്ന പേരിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളെല്ലാം കൊണ്ടുവരുന്ന പദ്ധതികളുടെ ആത്യന്തിക ലക്ഷ്യം കോർപ്പറേറ്റുകളുടെ ലാഭം മാത്രമാണ്. ശാസ്ത്രജ്ഞരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും കൂട്ടായ്മയിലൂന്നിയ, ശാസ്ത്രീയ സമീപനം ഉയർത്തിപ്പിടിക്കുന്ന, ശക്തമായ ഒരു ബഹുജനപ്രസ്ഥാനം വളർത്തിയെടുത്തുകൊണ്ടുമാത്രമേ വൻകിട കോർപ്പറേറ്റുകളുടെയും അവർക്ക് ദാസ്യവേലചെയ്യുന്ന ഗവൺമെന്റുകളുടെയും പരിസ്ഥിതി വിരുദ്ധ നിലപാടുകളെ പ്രതിരോധിച്ചുകൊണ്ട് മനുഷ്യസമൂഹത്തിന് മുന്നേറാൻ കഴിയുകയുള്ളൂ. ■


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER UNITY**

FORM IV (See Rule 8)

Place of Publication : Trivandrum

Periodicity of the Publication : Monthly

Printer's Name : V.Venugopal

Nationality : Indian

Address : TC12/1242, Trivandrum Pin 695 035

Editor's Name : V.Venugopal

Nationality : Indian

Address : TC12/1242, Trivandrum Pin 695 035

Name and address of individuals who own the Newspaper or shareholder holding more than one percent of the total capital : KERALA STATE COMMITTEE, SOCIALIST UNITY CENTRE OF INDIA(COMMUNIST)

I, V.Venugopal, hereby declare that the particulars given above are true to the best of my knowledge and belief

Sd/- V.Venugopal

01. 03. 2023 Signature of Publisher

UNITY Malayalam Monthly
2023 March
Price: Rs. 10.00



വൈദ്യുതിരംഗത്തിന്റെ സ്വകാര്യവത്ക്കരണ നടപടികൾക്കെതിരെ കൊല്ലം പബ്ലിക് ലൈബ്രറി ഹാളിൽ നടന്ന ജനകീയ കൺവൻഷൻ ജോസഫ് സി.മാത്യു ഉദ്ഘാടനം ചെയ്യുന്നു.

## വൈദ്യുതി ചാർജ് വർദ്ധനവിനും സ്മാർട്ട് മീറ്റർ, പ്രീ പെയ്ഡ് പദ്ധതികൾക്കുമെതിരെ
# ജനകീയ കൺവെൻഷൻ

**വൈ**ദ്യുതിമേഖലയുടെ സ്വകാര്യവത്ക്കരണം ഉന്നമിട്ട് സംസ്ഥാന സർക്കാർ കൈക്കൊള്ളുന്ന നടപടികൾക്കും വൈദ്യുതി നിയമം 2022നുമെതിരെ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയും ആൾ ഇന്ത്യ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷനും സംയുക്തമായി കൊല്ലംപബ്ലിക്ലൈബ്രറിഹാളിൽ കൺവെൻഷൻ നടത്തി. രാഷ്ട്രീയ നിരീക്ഷകൻ ജോസഫ് സി.മാത്യു ഉദ്ഘാടനം ചെയ്തു.

കെഎസ്ഇ വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി എസ്. സീതിലാൽ വിഷയാവതരണം നടത്തി. കേരള പവർ വർക്കേഴ്സ് കോൺഗ്രസ് മുൻ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് ബി.വീരേന്ദ്രകുമാർ, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാനവൈസ്പ്രസിഡന്റ്അഡ്വ. മാത്യു വേളങ്ങാടൻ, എം.ഷാജർഖാൻ, വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന സെക്രട്ടറി എം.നസീർ, പിറവന്തൂർ ഗോപാലകൃഷ്ണൻ, അഡ്വ. ഫ്രാൻസിസ്, ജെ.നെറ്റോ, കെ.കെ.സുരേന്ദ്രൻ, ടി.ബി.വിശ്വനാഥൻ, ഷൈല കെ.ജോൺ, കെ.ബിമൽജി, ഷറഫ് കുണ്ടറ, ബി.വിനോദ്, ഫിലിപ്പ് ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ. ജെയിംസ് അധ്യക്ഷത വഹിച്ചു. ■

സാർവ്വദേശീയ വനിതാ ദിനാചരണം




മാർച്ച് 8 സാർവദേശീയ വനിതാദിനത്തോടനുബന്ധിച്ച് കോട്ടയത്തു നടന്ന വനിതാസംഗമം എഐഎംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.രാധാമണി ഉദ്ഘാടനം ചെയ്യുന്നു.

സൗത്ത് സോൺ സേവ് ലാംഗ്വേജ് കൺവൻഷൻ




ഹിന്ദി ഒരേയൊരു ഔദ്യോഗിക ഭാഷയായി അടിച്ചേൽപ്പിക്കുന്നതിനെതിരെ ചെന്നൈയിൽ നടന്ന സൗത്ത് സോൺ സേവ്ലാംഗ്വേജ് കൺവൻഷനിൽ മുതിർന്ന മാദ്ധ്യമ പ്രവർത്തകൻ ബി.ആർ.പി.ഭാസ്കർ പ്രസംഗിക്കുന്നു.

# ബ്രഹ്മപുരം: സമഗ്രമായ അന്വേഷണം വേണം –കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി




ബ്രഹ്മപുരം മാലിന്യകേന്ദ്രത്തിലെ തീപിടുത്തത്തിൽ അന്വേഷണം ആവശ്യപ്പെട്ട് ജനകീയ പ്രതിരോധ സമിതി നഗരസഭയുടെ മുന്നിൽ നടത്തിയ കൂട്ടായ്മ പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

**കൊ**ച്ചിനഗരത്തെ വിഷപ്പുകയിൽ മുക്കിയ ബ്രഹ്മപുരം മാലിന്യ കേന്ദ്രത്തിലെ തീപ്പിടുത്തത്തെക്കുറിച്ച് അന്വേഷണം നടത്തുക, മാലിന്യപ്രശ്നം ശാശ്വതമായി പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജനകീയ പ്രതിരോധ സമിതി നഗര സഭയുടെ മുൻപിൽ ശ്രദ്ധ ക്ഷണിക്കൽ കൂട്ടായ്മ സംഘടിപ്പിച്ചു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന അധ്യക്ഷൻ പ്രൊഫസർ കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. കൊച്ചി നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങളെ ബന്ദികളാക്കിക്കൊണ്ട് നിരന്തരമായി ഉടലെടുക്കുന്ന മാലിന്യ പ്രശ്നത്തിന്റെ കാതൽ കണ്ടെത്തി ശാസ്ത്രീയമായ പരിഹാര നടപടികൾ സ്വീകരിക്കുവാൻ സമഗ്രമായ അന്വേഷണം നടത്തണമെന്ന് കൂട്ടായ്മ ആവശ്യപ്പെട്ടു.

മാലിന്യ പ്രശ്നം ഒന്നര പതിറ്റാണ്ടിലേറെയായി നഗരവാസികളെ വേട്ടയാടുകയാണ്. പരിഹാരം കണ്ടെത്തുവാൻ ബന്ധപ്പെട്ട അധികാരികൾ നിരവധി തവണ വിദേശയാത്രകൾ നടത്തി. എന്നാലും ഫലപ്രദമായി ഒന്നും ഇതുവരെ സംഭവിച്ചിട്ടില്ല. നിലവിൽ ബ്രഹ്മപുരത്ത് തീ അണഞ്ഞാലും ബഹിർഗമിച്ചുകൊണ്ടിരിക്കുന്ന വിഷാംശമുള്ള പുകപടലങ്ങൾ ജനങ്ങളുടെ ജീവിതത്തെ വിശിഷ്യാ കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. ഇതിന് ആവശ്യമായിവരുന്ന ഭീമമായ ചികിത്സാ ചെലവുകൾ ആരുവഹിക്കുമെന്ന് സർക്കാർ വ്യക്തമാക്കണമെന്ന് കൂട്ടായ്മ ആവശ്യപ്പെട്ടു. ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ഡോക്ടർ എം.പി.മത്തായി, സി.ആർ.നീലകണ്ഠൻ, എം.എൻ.ഗിരി, സി.എസ്.മൈക്കിൾ, ജോർജ് അമ്പാട്ട്, കുരുവിള മാത്യൂസ്, എല്ലൂർ ഗോപിനാഥ്, കെ.കെ. ശോഭ, ശ്രീനിവാസൻ, മറിയ അബു, പോൾസൺ, കെ.പി. സാൽവിൻ തുടങ്ങിയവർ സംസാരിച്ചു. ■

## മാദ്ധ്യമ സ്വാതന്ത്ര്യം സംരക്ഷിക്കേണ്ടത് ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അനിവാര്യം

**ഏ**ഷ്യാനെറ്റ് ന്യൂസിന്റെ ഓഫീസിൽ അതിക്രമിച്ച് കയറുകയും ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ചെയ്ത എസ്എഫ്ഐയുടെ നടപടി അങ്ങേയറ്റം അപലപനീയമാണെന്നുംകുറ്റവാളികൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കണമെന്നും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. അക്രമികൾക്കെതിരെ നടപടി എടുക്കുന്നതിനു പകരം ചാനലിന്റെ ഓഫീസിലേക്ക് പോലീസിനെ അയയ്ക്കുകയും കേസെടുക്കുകയുമാണ് ഗവൺമെന്റ് ചെയ്തത്. മാദ്ധ്യമ വിമർശനങ്ങളിൽഅസഹിഷ്ണുതപുലർത്തുകയും പ്രതികാര നടപടി കൈക്കൊള്ളുകയും ചെയ്യുന്നത് ഒരു സംഘടനയ്ക്കും ഭൂഷണമല്ല. ഭരിക്കുന്ന പാർട്ടിയുടെ ഭാഗത്തുനിന്നാകുമ്പോൾ, ഭരണസംവിധാനത്തെ ദുരുപയോഗം ചെയ്യുമ്പോൾഇത്തരംനടപടികളുടെഗൗരവം പതിന്മടങ്ങ് വർദ്ധിക്കുന്നു.

മാദ്ധ്യമങ്ങളെ വിരട്ടുകയും വരുതിയിലാക്കുകയും അടിച്ചമർത്തുകയും ചെയ്തുകൊണ്ട് ജനാധിപത്യത്തിനുനേരെ വെല്ലുവിളിയുയർത്തുന്ന ബിജെപി സർക്കാരിന്റെ ചെയ്തികൾക്കെതിരെ ജനാധിപത്യ പ്രസ്ഥാനം വളർത്തിയെടുക്കേണ്ട സന്ദർഭത്തിലാണ് അതിന് വിരുദ്ധമായ നടപടികൾ എസ്എഫ്ഐയിൽനിന്നും കേരള സർക്കാരിൽനിന്നും ഉണ്ടാകുന്നത് എന്നത് വളരെ ഗൗരവത്തോടെ കാണേണ്ട കാര്യമാണ്. ഈ വിഷയത്തിൽ ഉടനടി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കുറ്റക്കാർക്ക് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യണം. മാദ്ധ്യമ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനായി അടിയുറച്ച് നിലകൊള്ളണമന്ന് മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിക്കുന്നു. ■

# സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണം കായംകുളത്ത്




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് വിഷയാവതരണം നടത്തുന്നു.

**എസ്**യുസിഐ (കമ്മ്യൂണിസ്റ്റ്)സ്ഥാപക ജനറൽ സെക്രട്ടറിയും മാർക്സിസ്റ്റ് ദാർശനികനുമായ ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി ആചരണത്തിന്റെ ഭാഗമായി കായംകുളം പുതിയിടം ഗവ. കോ-ഓപ്പറേറ്റീവ് ബാങ്ക് എംപ്ലോയീസ് ഹാളിൽ മാർക്സിസവും ശിബ്ദാസ് ഘോഷ് ചിന്തകളും എന്ന വിഷയത്തിൽ ചർച്ചാസമ്മേളനം നടന്നു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് വിഷയാവതരണം നടത്തി. ശിബ്ദാസ് ഘോഷ് ജൻമ ശതാബ്ദി ആചരണ സമിതി കൺവീനർ ബി.ദിലീപന്റെ അദ്ധ്യക്ഷതയിൽ നടന്നസമ്മേളനത്തിൽ അഡ്വ. മാത്യു വേളങ്ങാടൻ, ഡോ. പി.കെ.ജനാർദ്ദന കുറുപ്പ്, അഡ്വ. ഇ. സമീർ, ആർ. പാർത്ഥസാരഥി വർമ്മ, പത്തിയൂർ വിശ്വൻ, പി.സോമരാജൻ ഡോ.എം.എച്ച്. രമേശ് കുമാർ, സുജാത സരോജം, കെ.സത്യനാരായണൻ, അശോകൻ രാമാനുജൻ, എൻ. ഉദയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ■

Volume: 49 No: 12| Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.